പിന്നിൽനിന്ന് അച്ഛന്റെ ഘനഗംഭീരമായ ശബ്ദം. ഭയന്നു വിറച്ച കുട്ടി ലോട്ടയുമെടുത്തോണ്ടോടി.

ഉഷ അനങ്ങിയില്ല.

കവിളിൽ അച്ഛന്റെ കൈകൾ ആഞ്ഞു പതിച്ചപ്പോൾ അവൾ താഴെ വീണു.

"കുളിക്കാണ്ടിനി വീട്ടീ കാല്യകത്തര്ള്"

അമ്പലത്തിൽനിന്ന് എന്തിനോവേണ്ടി മടങ്ങി വന്ന അച്ഛൻ തിരിച്ചുപോയി.

അവൾ വളരെ കരഞ്ഞു. പിന്നെ ചിരിച്ചു. ഭ്രാന്തമായ ചിരി. ചിരിച്ചപ്പോഴും കണ്ണിൽ വെള്ളം നിറഞ്ഞു. മസ്തിഷ്കത്തിലെ ചൂട് ഉയർന്നുപൊങ്ങി നെററിയിൽ തൊട്ടിരുന്ന മഞ്ഞൾകലർന്ന കളഭത്തെ ഉണക്കി. അത് അടർന്നു കണ്ണിലേക്കു വീണു. അവൾ ചിരി നിർത്തി.

കുളിക്കാതെതന്നെ അവൾ അകത്തു കയറി.

തടുക്കാൻ അമ്മയ്ക്കു ധൈര്യമുണ്ടായിരുന്നില്ല. എന്തിനും തയ്യാറുള്ള മകളുടെ പുത്തനാശയങ്ങളെ എതിർക്കാൻ ആ അമ്മയ്ക്കു കരുത്തില്ലായിരുന്നു.



# അകലെ..., രാസലീല

സച്ചിദാനന്ദൻ എം. വി.

ഈ തിരകൾക്ക് തീരങ്ങളോളം ദൈർഘ്യമാണ്. ഇടയിൽ പലയിടത്തും അവസാനവും പിന്നെ അവിടെനിന്നുതന്നെ ആരംഭവും. ഇവിടെയിരുന്നാൽ എല്ലാം കാണാം. കറുത്ത–തിളങ്ങുന്ന–കാവിലെ കൽപ്പടവുകൾ! ഇതേ സ്ഥലത്ത് ഒരു നാൾ ഞാൻ ഒറ്റക്കിരുന്നു. കാണാനായ് കാത്തിരുന്ന ആ അപൂർവ്വദൃശ്യം അന്നാണ് ഞാൻ കാണുന്നത്. ആ നിമിഷങ്ങൾക്ക വേണ്ടി എന്നോ തുടങ്ങിയ യാത്രയാണ്. പരിസരങ്ങളുടെ പഴകിയ കൊട്ടാരക്കെട്ടുകൾ കടന്നുചെന്ന് കടലലകളുടെ ചെവിയിൽ പതുക്കെ ചോദിച്ചുനോക്കി. ചോദിച്ച് ചോദിച്ച് ഒടുവിൽ ശബ്ദത്തിനു കൂട്ടുകിട്ടി എങ്ങും ശൂന്യമായ പ്രതിദ്ധ്വനികൾ! പുരുഷത്വമില്ലാത്ത സ്ത്രീകൾ! ഒടുവിൽ എല്ലാം വേണ്ടെന്നു വയ്ക്കാൻ തുടങ്ങിയപ്പോൾ, എല്ലാം വേണമെന്നുതോന്നി.

മണൽത്തരികൾ കവച്ചുവച്ച്, കല്പടവുകൾ ചവിട്ടിമെതിച്ച് രൂപം കടന്നുപോകുന്നത് ശ്രദ്ധിച്ചിരുന്നു. അകൽച്ചയുടെ കാല്പാടുകളിൽ കണ്ണുനട്ടിരുന്നപ്പോൾ അനിയന്ത്രിതമായ അഭിനിവേശമായിരുന്നു. പിന്നെയെപ്പോഴോ എഴുന്നേറ്റു ഇരുളിന്റെ തിരശ്ശീലയുടെ പിന്നിലൂടെ സാവധാനം പിന്തുടർന്നു. വീഥിയിലെ വിരിച്ച വാകമരത്തൂവലുകളിൽ മർമ്മരത്തിന്റെ ധ്വനികൾക്ക് നിശ്ചിതമായ ദൈർഘ്യമുണ്ടായിരുന്നു.

കുന്നിൻചെരിവിലെ പാലമരച്ചോട്ടിൽ വച്ച് ആദ്യത്തെ സമാഗമമായിരുന്നു. ചുണ്ടിലെ ചോപ്പിന്റെ ലഹരിയും കണ്ണിലെ നീലിമയും നിറംപകർന്ന കവിൾത്തടം മാത്രം ശ്രദ്ധിച്ചിരുന്നു.

—പേര്?

—രാധ—

—അപ്പോ......സ്ത്രീയാണോ?

—അല്ല! രാധാകൃഷ്ണൻ! രാധയെന്നാണ് എല്ലാവരും വിളിക്കുന്നത്.

ആശ്വാസത്തിന്റെ ബാഷ്പീകരണത്തിൽ മുഖമാകെ തണുത്തു. പിന്നെ നെറ്റിയിലെ വിയർപ്പുകണങ്ങൾക്ക് കട്ടികുറയാൻ തുടങ്ങി.

—വിവാഹം?

പിന്നെയെപ്പോഴോ വീണ്ടും സംശയം! അവിവാഹിതത്വത്തിന്റെ മംഗല്യഭാഗ്യത്തിൽ ഇക്കിളിപ്പെടുത്തുന്ന ആശ്വാസമായിരുന്നു.

പിന്നിട്ട മൂന്നോ നാലോ നാളുകളിൽ അതുതന്നെ ആവർത്തിച്ചു. കുന്നിറങ്ങി, പാലമരങ്ങൾ പായവിരിച്ച പൂഴിമണ്ണിലൂടെ പട്ടണംവരെ നടക്കും. പട്ടണപ്രാന്തത്തിൽ പൂവാടിയുടെ നിഴലിൽ പ്രേമസല്ലാപം നടത്തുന്ന ശ്രീകൃഷ്ണനും രാധയുമുണ്ട്.

—രാധയെത്ര സുന്ദരിയാണ്. അല്ലേ?

—ഒരിക്കലുമല്ല! രാധയേക്കാൾ എത്രയോ സുന്ദരനാണ് ശ്രീകൃഷ്ണൻ. തടിച്ചു കൊഴുത്ത കാൽവണ്ണകൾ! മാദകമായ ചുണ്ടുകൾ! പക്ഷേ, രാധയ്ക്ക് ഒട്ടും പുരുഷത്വമില്ല. അവൾക്കുപകരം ഞാനായിരുന്നെങ്കിൽ......

വിയർത്തൊലിച്ച രോമകൂപങ്ങളിൽ കോരിത്തരിപ്പനുഭവപ്പെട്ടപ്പോൾ രാധാകൃഷ്ണനെ വാരിപ്പുണരും. അധരങ്ങളോടധരങ്ങൾ ചേർത്തുവച്ച് കിതയ്ക്കും.

—എനിക്ക് നീ മതി......നീ മാത്രം.

ഏഴാംനാളിലാണ് രാധാകൃഷ്ണൻ ആദ്യമായി വീട്ടിലേക്ക് ക്ഷണിക്കുന്നത്. പലതും അറിയണമായിരുന്നു.

—വീട്ടിലാരൊക്കെയുണ്ട്?

—ഒരു സഹോദരിമാത്രം—

—സഹോദരിയെന്നുവച്ചാൽ......തലമുടിയൊക്കെ നീട്ടി, സാരിയൊക്കെ ഉടുത്ത്......

—ആ......അതുതന്നെ......

—അപ്പൊ......നിന്റെ വർഗ്ഗത്തിൽപെട്ടതല്ല......

—അല്ല!

—എങ്കിൽ, ഞാൻ വരുന്നില്ല!

വാക്കുകൾക്ക് വിലകുറയ്ക്കേണ്ടിവന്നപ്പോൾ പോകേണ്ടിവന്നു. ചുറ്റും ഇഷ്ടമില്ലാത്ത പരിസരങ്ങളിൽ മുഖം കുനിച്ചി



ന്നു. മധുരമില്ലാത്ത ചായയ്ക്കുമപ്പുറം മധുരമുള്ള ഉപ്പുമാവു് കൊടുത്തതു് രാധാകൃഷ്ണനായിരുന്നു.

ഇഷ്ടമില്ലാത്ത നിശ്വാസങ്ങളിൽനിന്നും മോചനംനേടി തിരിച്ചുപോരുമ്പോൾ.

—സഹോദരിയെപ്പറ്റി എന്തു പറയുന്നു?

—ഒട്ടും വ്യത്യാസമില്ല.

മാർഗ്ഗമദ്ധ്യേ, കല്യാണാലോചനയെക്കുറിച്ചു്, —തീരുമാനത്തെക്കുറിച്ചു്—രാധാകൃഷ്ണൻ പറഞ്ഞു. നിശബ്ദമായ ഞെട്ടിത്തെറിയിൽനിന്നും മോചനംനേടി മൗനം ചങ്ങലക്കിട്ട കാലുകളോടെ നടന്നു. ഹൃദയത്തിലെ ഒരു വേലിയേറ്റം—അവിടെ ചിപ്പികൾ ഉപേക്ഷിക്കുന്ന ജീവികൾ—എല്ലാം കണ്ടു.

കൽപ്പടവുകളുടെ ഇടുക്കത്തിൽ, വിട പറയുമ്പോൾ വിറയ്ക്കുന്നുണ്ടായിരുന്നു. ഒരു യാമം ഇവിടെ കൊഴിയുകയാണു്. ഒരു സംഗീതത്തിനു വർത്തമാനം നഷ്ടപ്പെടുകയാണു്.

പൂമ്പൊടി നുകരുന്നതു് പൂവിനിഷ്ടമാണെങ്കിൽ പിന്നെ, വണ്ടു് നിരപരാധിയല്ലേ?. ഒന്നു പരീക്ഷിക്കണമെന്നുതന്നെ തോന്നി.

—ഒരു രാത്രി നീ എനിക്കു കൂട്ടുവരണം. ഒരേയൊരു രാത്രിമാത്രം. ഞാനവിടെ ഒറ്റയ്ക്കല്ലേ? എനിക്കൊത്തിരി പറയാനും ചെയ്യാനുമുണ്ടു്—

പത്താംനാളിൽ സന്തോഷത്തിന്റെ തിരകൾക്കു് വീണ്ടും വേലിയേറ്റമുണ്ടായി. പൂമെത്തയൊരുക്കി ആയിരം ഉൾപ്പുളകങ്ങൾ ഉള്ളിലൊതുക്കി കാത്തിരുന്നു. രാത്രിയുടെ മധ്യയാമങ്ങളിൽ രാധാകൃഷ്ണൻ അരികിലെത്തി.

സ്വന്തം പൂമെത്തയിലിരുത്തി വാതിൽ ചാരി ബോൾട്ടിട്ടു് അടുത്തുവന്നിരുന്നു.

—എന്തിനാണു് വാതിലടച്ചതു്?

രാധാകൃഷ്ണന്റെ ഷർട്ടിന്റെ ബട്ടനുകൾ അഴിക്കുന്നതിനിടയിലാണു് ശബ്ദം കേട്ടതു്?

—അതാണല്ലോ ആചാരം. ഒന്നും തെറ്റിക്കണ്ട. പിന്നെ...... ഈ രാത്രിക്കു പിന്നിലൂടെ എന്റെ നവവധുവിന്റെ വീഥികൾ അകന്നകന്നു പോകും......

ഇന്നെന്റെ പ്രഥമരാത്രിയാണു്. ഈ മാദകരാത്രിയൊരിക്കലും തീരാതിരുന്നെങ്കിൽ......

കണ്ണുനീർത്തുള്ളികൾ അടർന്നടർന്നു് ചുറ്റും പൊട്ടിച്ചിതറുകയായിരുന്നു.

ഏകാങ്കം

# പ്രഹേളിക

[കർട്ടനുയരുമ്പോൾ രംഗത്ത് പൂർണ്ണാന്ധകാരം. പതുക്കെ പ്രകാശം പരക്കുമ്പോൾ ഒരു വൃക്ഷവും കുറെ ചെടികളും അവിടവിടെയായി പാറകളും കാണാം. പിന്നിൽ ഒരു നീലിമ മാത്രം. യുവാവ് സാവധാനം പ്രവേശിക്കുന്നു. തളർന്നിട്ടുണ്ടെങ്കിലും ചലനങ്ങളിൽ ഒരു ദൃഢനിശ്ചയം സ്ഫുരിക്കുന്നുണ്ട്. പക്ഷെ വൃക്ഷം കടക്കുമ്പോഴേയ്ക്കും വേഗത കുറഞ്ഞ് അവസാനം നിന്നുപോകുന്നു. പിന്നെ അറിയാതെ പിന്നോട്ട് മാറുന്നു. വീണ്ടും അനിശ്ചിതാവസ്ഥ.

പെട്ടെന്ന് പിന്നിൽനിന്നും ഒരു പൊട്ടിച്ചിരിയുയരുന്നു. യുവാവ് പരിഭ്രമിച്ച് തിരിയുന്നു. എക്സ്—കാഴ്ചകൊണ്ട് വൃദ്ധനും ചലനങ്ങൾകൊണ്ട് യുവാവും—കടന്നുവരുന്നു. തലയിലെ തൊപ്പി, നാസികാഗ്രവും വായും ഒഴികെ മുഖഭാഗമെല്ലാം മൂടിയിട്ടുണ്ട്]

എക്സ്: (ചിരിച്ചുകൊണ്ട്) എന്താ നിന്നുകളഞ്ഞത്? ഭയമാണോ?

യുവാവ്: (പരിഭ്രമിച്ച്) ഭയമോ? എന്തിന്?

എക്സ്: അറിയില്ലെ? (പുച്ഛത്തോടെ) നിങ്ങൾക്കതിന് കഴിയില്ല. ഭീരുത്വം നിങ്ങളെയതിനനുവദിക്കില്ല.

യുവാവ്: (ദേഷ്യത്തോടെ) ഞാൻ ഭീരുവൊന്നുമല്ല. എന്റെ...

എക്സ്: (പൊട്ടിച്ചിരിക്കുന്നു) ഒളിച്ചോട്ടം ധീരതയുടെ ലക്ഷണമായിരിക്കും... എന്നിട്ട് ചങ്ങലകൾ വീണ്ടും മുറുകുന്നു. മാറാത്ത ഭീരുത്വം. നിങ്ങൾക്കൊന്നിനും കഴിയില്ല മനുഷ്യാ.

യുവാവ്: ഇതൊക്കെ പറയാൻ നിങ്ങളാരാണ്? ബുദ്ധിമുട്ടിക്കാതെ ഒന്നു കടന്നുപോകാമോ?

എക്സ്: (കണ്ണുകളിലേക്കുറ്റുനോക്കി) ഞാനാരാണെന്ന് നിങ്ങൾക്കറിയില്ലേ?

[യുവാവ് മിണ്ടുന്നില്ല]

എക്സ്: അപ്പോൾ അറിയാം. എന്നെ ഒഴിവാക്കാൻ നിങ്ങൾക്കു ഒരിക്കലും സാധിക്കില്ല.

യുവാവ്: (ആകെ തകർന്നമട്ടിൽ) ഹൊ, എവിടെയും എനിക്ക് രക്ഷയില്ലെ? [ഒരു പാറയിൽ ഇരിക്കുന്നു. പക്ഷെ പെട്ടെന്നുതന്നെ ചാടി എഴുന്നേല്ക്കുന്നു]

എക്സ്: ആ പാറ ചുട്ടു പഴുത്തിരിക്കുന്നു, അല്ലെ? (അടുത്തുചെന്ന്) നിങ്ങൾക്കിവിടെ വിശ്രമിക്കാൻ കഴിയില്ല. മടങ്ങിപ്പോകൂ (യുവാവ് തന്റെ ആദ്യലക്ഷ്യത്തിലേക്ക് ആശയോടെ, ആശങ്കയോടെ നോക്കുന്നതുകണ്ട്) ഞാൻ പറഞ്ഞില്ലെ...പിന്നെന്തിന് വീണ്ടും വിഫലശ്രമം നടത്തണം?

യുവാവ്: (എക്സിന്റെ കൈകൾ കൂട്ടിപ്പിടിച്ചുകൊണ്ട്) ഞാനെങ്ങോട്ട് പോകണം? ദയവുചെയ്ത് എന്റെ അന്ധത മാററിത്തരൂ.

[എക്സ് കൈകൾ പതുക്കെ വലിച്ചെടുത്ത് വൃക്ഷത്തിന്റെ അടുത്തുചെന്നു നില്ക്കുന്നു]

എക്സ്: മനുഷ്യൻ ജീവനുള്ള ഒരു കവിതയാണ്. നിങ്ങൾ അത് എപ്പോഴെങ്കിലും വായിച്ചു മനസ്സിലാക്കാൻ ശ്രമിച്ചിട്ടുണ്ടോ?

[പുറത്തുനിന്ന് ഒരു ചുമയും ഞരക്കവും കേൾക്കുന്നു. ഒരു വൃദ്ധൻ ഇഴഞ്ഞിഴഞ്ഞ് വരുന്നു. ഇടയ്ക്ക് എഴുന്നേല്ക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും കഴിയുന്നില്ല. ചെടികൾക്കുനേരെ വെറുപ്പോടെ ആഞ്ഞുതുപ്പുന്നു. വൃക്ഷത്തിന്റെ അടുത്ത് എത്തിയപ്പോൾ ഒരു താഴ്ന്ന കൊമ്പിൽപിടിച്ച് ഉയരാൻ ശ്രമിച്ചെങ്കിലും കൊമ്പൊടിഞ്ഞു പോകുന്നു. ഒന്നുകൂടെ വൃക്ഷത്തെ തലോടി വൃദ്ധൻ നിരങ്ങിമറയുന്നു.]

എക്സ്: അയാൾ ആ കവിതയുടെ സൗന്ദര്യം കണ്ടെത്തിയവനാണ്. ലഹരിയിനിയും ഇറങ്ങിക്കഴിഞ്ഞിട്ടില്ല. പക്ഷെ നിങ്ങൾ...

യുവാവ്: ആഗ്രഹമില്ലാതെ പിടിച്ചുനില്ക്കുന്നതിൽ ഒരർത്ഥവും എനിക്ക് കണ്ടെത്താൻ കഴിയുന്നില്ല. അല്ലെങ്കിൽ എന്തിനാണർത്ഥമുള്ളത്? ജനിച്ചുപോയതുകൊണ്ട് ജീവിക്കുന്നു—മരിക്കുന്നതുവരെ. അതിനിടയിൽ കുറെ അഭിനയവും. വ്യർത്ഥമല്ലെ ഇതെല്ലാം?

എക്സ്: ഇന്ദ്രിയബോധധാര നേർവഴിക്ക്

ഹനീഷ്ബാബു വി. എസ്സ്.



തിരിച്ചാൽ തന്നെ എല്ലാററിലും അത്ഥം കണ്ടെത്താം. ആ ചെടിക്കൂട്ടത്തേയും ഈ വൃക്ഷത്തേയും നോക്കൂ. എന്തെങ്കിലും തോന്നുന്നുണ്ടോ?

യുവാവ്: അസാധാരണമായി ഒന്നും തോന്നുന്നില്ല.

എൻ: (പതുക്കെ ചിരിച്ച്) ബാഹ്യാംശം മാത്രമേ നിങ്ങളുടെ ചിന്താസരണിയിൽ പ്രവേശിക്കുന്നുള്ളൂ...അന്തർദൾനത്തിന്റെ അഭാവമാണല്ലോ നിങ്ങളെ ഇവിടെ എത്തിച്ചതും. (ചെടികളുടെ അടുത്തേയ്ക്കു നീങ്ങി)

ഈ ചുവന്ന, ഗന്ധമില്ലാത്ത, പൂക്കളുള്ള ചെടി സപ്രാത്ഥതയാണ്. മത്തുപ്പിക്കുന്ന ഗന്ധവും കടുംനിറവും പടർന്നുപന്തലിച്ച് അടിസ്ഥാനഘടകം പോലെ നില്ക്കുന്ന ഈ ചെടി കാമത്തിന്റെ പ്രതീകമായിക്കൂടെന്നുണ്ടോ?

കാപട്യം, ക്രൂരത, സുഖം, ദുഃഖം എല്ലാം ഇവിടെ ദർശിക്കാം. ഈ സംഗമബിന്ദുവിൽ എല്ലാം സർവ്വാത്മത്തിലും അനാഥമാണു്. മദ്ധ്യഭാഗത്തു് അപൂർവ്വശോഭിതമായ ലതാനികുഞ്ജങ്ങളും കണ്ടോ? ത്യാഗത്തിൻ്റെയും സ്നേഹത്തിൻ്റെയും പ്രതിബിംബങ്ങളാണവ. അവയുടെ പുഷ്പങ്ങളുടെ മനോഹാരിതയും സുഗന്ധവും ശ്രദ്ധിക്കൂ. ഈ കാട്ടുപടലങ്ങളെല്ലാം വെട്ടിത്തെളിയിക്കുമ്പോഴാണു് അവ ആസ്വാദ്യമാകുക. മററുള്ളവയുടെ മുള്ളുകളേററു് ക്ഷതം പററിയാലും ആ ലതകളെ സ്വന്തമാക്കാൻ കഴിഞ്ഞാൽ എത്ര സുന്ദരമായിരിക്കുമിവിടം! ഈ ചെടികളുടെ സത്തെല്ലാം കൂടിയാൽ ഈ വലിയ വൃക്ഷമായി. അതിൻ്റെ തണൽ നിങ്ങൾക്കെന്തുകൊണ്ടിഷ്ടപ്പെടുന്നില്ല?

യുവാവു്: നിങ്ങൾ…നിങ്ങളാരാണു്?

എക്സ്: ഉത്തരമറിയാവുന്ന ചോദ്യങ്ങൾ വീണ്ടും വീണ്ടും ആവർത്തിക്കാതിരിക്കൂ.

യുവാവു്: എൻ്റെ ചോദ്യങ്ങൾക്കൊന്നിനും ഉത്തരം കണ്ടെത്താൻ ഇതുവരെ എനിക്കു കഴിഞ്ഞിട്ടില്ല.

എക്സ്: ഉത്തരമില്ലാത്ത ചോദ്യങ്ങൾ കണ്ടെത്താൻ എല്ലാവർക്കും വലിയ വാസനയാണു്. ഉത്തരമുള്ള ചോദ്യങ്ങൾ മാത്രം ഉള്ളിലുയർന്നാൽ ഈ പ്രശ്നമേ ഉദിക്കുന്നില്ല.

യുവാവു്: ഉത്തരം അറിയാത്തപ്പോഴാണല്ലോ സംശയമുയരുക. അപ്പോൾ?

എക്സ്: (ചെറുതായി ചിരിച്ചു്) അനുഭവങ്ങൾ. അനുഭവമാണു് ഏററവും വലിയ ഗുരുനാഥൻ എന്നു് കേട്ടിട്ടില്ലേ? അനുഭവങ്ങളിൽ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമുണ്ടു്. ഉത്തരമില്ലാത്ത ചോദ്യങ്ങളെ അവ മാററി നിറുത്തുകയും ചെയ്യും. നിങ്ങളുടേതു് ഒററപ്പെട്ട പ്രശ്നമൊന്നുമല്ല. ഇതാ ഒന്നതുപോലെ ശ്രദ്ധിക്കൂ…

[യുവാവു് ചുററും നോക്കുന്നു. രംഗം പതുക്കെ ഇരുട്ടിലാഴുന്നു. പിന്നെ പ്രകാശം പരക്കുമ്പോൾ ഏ പ്രവേശിക്കുന്നു. മദ്ധ്യവയസ്സു്, സ്ഥൂലപ്രകൃതി. യുവാവു് രംഗത്തില്ല]

ഏ: (എക്സിനോടു് മുന്നോട്ടു് ചൂണ്ടി) ഈ വഴി…

എക്സ്: അതെ, അങ്ങോട്ടുതന്നെ. എന്താ സമയമായോ?

ഏ: (എക്സിനെ അടിമുടി വീക്ഷിക്കുന്നു) എനിക്കു് തിടുക്കമൊന്നുമുണ്ടായിരുന്നില്ല. പക്ഷേ സിറോസിസ് ലിവറിനെ ആക്രമിച്ചുകളഞ്ഞു.

എക്സ്: ഓഹോ, അപ്പോൾ മദ്യപനാണല്ലേ? കണ്ടപ്പോൾ തന്നെ തോന്നായ്കയല്ല. കൂടെ പ്രഷറും ഷുഗറും ഹാർട്ടുമൊക്കെ കാണും. അല്ലേ?

ഏ: (അത്ഭുതത്തോടെ) നിങ്ങളിതെല്ലാം എങ്ങനെയറിഞ്ഞു?

എക്സ്: എനിക്കെല്ലാമറിയാം. ആട്ടെ, നിങ്ങൾക്കു ദുഃഖമില്ലേ?

ഏ: ദുഃഖമോ? എന്തിനു്? (തലവെട്ടിച്ചു്) അവിടെ ഞാൻ ആവശ്യത്തിലധികം സുഖിച്ചു. ഞാൻ പോകുന്നിടത്തു്…

എക്സ്: അവിടെ എന്താണെന്നു് നിങ്ങൾക്കറിയാമോ?

ഏ: തീർച്ചയായും. അവിടെ എനിക്കു് സുരക്ഷിതത്വമേകാനുള്ളതെല്ലാം ഞാൻ ചെയ്തിട്ടുണ്ടു്.

എക്സ്: ആങ്ഹാ, എന്തെല്ലാമായിരിക്കാം അവ?

ഏ: (തറപ്പിച്ചു നോക്കി) നിങ്ങൾക്കറിഞ്ഞുകൂടെ?

എക്സ്: ഉവ്വു്. എങ്കിലും നിങ്ങൾ പറയൂ.

ഏ: എൻ്റെ പേരിൽ ഒരു ചാരിററബിൾ ഫണ്ടു് രൂപീകരിച്ചിട്ടുണ്ടു്. ആയിരക്കണക്കിനു് അഗതികൾക്കു് ഞാൻ അന്നദാനം നടത്തിയിട്ടുണ്ടു്. ദുരിതാശ്വാസനിധികളിലേക്കു് പതിനായിരക്കണക്കിനു് രൂപ നൽകിയിട്ടുണ്ടു്.

എക്സ്: (പൊട്ടിച്ചിരിക്കുന്നു) കൊള്ളാം. നിങ്ങളുടെ പടവും വാർത്തയും പത്രങ്ങളിൽ വരുമായിരുന്നു. നിങ്ങൾക്കു് ഇലക്ഷനിൽ ജയിക്കണമായിരുന്നു. ഉയർന്ന സ്ഥാനങ്ങളിൽ റെക്കമെൻ്റേഷൻ പവർ വേണമായിരുന്നു. നിങ്ങളുടെ ഫാക്ടറികളിലും വയൽശേഖരങ്ങളിലും രക്തത്തെ വിയർപ്പാക്കി അദ്ധ്വാനിച്ച പട്ടിണിക്കോലങ്ങളുടെ കണ്ണുനീർ, ഇതിനെല്ലാം നിങ്ങൾ ഉപയോഗിച്ച നോട്ടുകെട്ടുകളിൽ പുരണ്ടിരുന്നു. നിങ്ങളുടെ വ്യാമോഹങ്ങൾ യാഥാർത്ഥ്യമായിത്തീരുമെന്നു് തോന്നുന്നുണ്ടോ? മോഹങ്ങൾക്കും മോഹഭംഗങ്ങൾക്കും ഇതാണവസാനത്തെ അതിർത്തിരേഖ.

ഏ: (ക്രുദ്ധനായി) എൻ്റെ മനസ്സു് ഇതുവരെ സന്തുഷ്ടമായിരുന്നു. നിങ്ങളെൻ്റെ മൂഡ് നഷ്ടപ്പെടുത്തി. ഇനിയെന്തായാലും ഞാനിവിടെ നില്ക്കുന്നില്ല. (യാത്ര തുടരുന്നു.)

എക്സ്: (ഏ രംഗത്തുനിന്നു് മറയുന്നതിനു് മുമ്പു്) ഒന്നു നില്ലൂ. ഇതുകൂടി പറയൂ. നിങ്ങളുടെ ഫാക്ടറിയിലെ ആ ചെറുപ്പക്കാരനായ തൊഴിലാളി പെട്ടെന്നു് മരണമടയാൻ കാരണമെന്താണു്? നിങ്ങൾ ധനവും പദവിയും ഉപയോഗിച്ചു് കൊലപാതകം ആത്മഹത്യയാക്കി മാറ്റുകയായിരുന്നില്ലേ?

ഏ: (കൈചൂണ്ടി ഉച്ചത്തിൽ) അനാവശ്യം പറയരുതു്. ഇനിയൊരക്ഷരം മിണ്ടിയാൽ ഞാൻ…

എക്സ്: (ചിരിച്ചു്) കഴുത്തു പിടിച്ചു കൊന്നു് കെട്ടിത്തൂക്കും അല്ലേ? പക്ഷേ, നിങ്ങളുടെ ആജ്ഞാനുവർത്തികൾ ഇപ്പോൾ കൂടെയില്ലല്ലോ. (ഗൗരവത്തിൽ) ഉം, പറയൂ.

ഏ: (പതറി) അതു്…അതു്…

എക്സ്: കളവൊന്നും ആലോചിച്ചുണ്ടാക്കേണ്ട. എനിക്കെല്ലാമറിയാമെന്നു് ഞാൻ പറഞ്ഞില്ലേ?

ഏ: അവൻ…അവൻ എന്നെ ധിക്കരിച്ചു. ഒന്നുമില്ലെങ്കിലും എൻ്റെ പ്രായത്തിനെയെങ്കിലും അവൻ മാനിക്കേണ്ടേ?

എക്സ്: പ്രായം! സ്ഥാനമഹിമ! പുതിയ തലമുറ ഇതിനെയൊന്നുമല്ല ബഹുമാനിക്കുന്നതു്, പ്രവൃത്തിയെയാണു്. നിങ്ങളെന്താണു് ചെയ്തതു്? അവൻ്റെ സഹോദരിയെ നിങ്ങൾ…ഹും, എന്നിട്ടു് പണത്തിൻ്റെ അഹങ്കാരം കൊണ്ടു് നിങ്ങളതിനെ ന്യായീകരിക്കാൻ ശ്രമിച്ചു. (ആജ്ഞാസ്വരത്തിൽ) ഉം, പോകൂ. [ഏ ഇടറുന്ന കാലടികളോടെ അകന്നു പോകുന്നു. [ബി. 25 വയസ്സു്, നീട്ടിവളർത്തിയ മുടി, ആധുനികയുവാവു്—പ്രവേശിക്കുന്നു. എക്സിനെ നിസ്സംഗഭാവത്തിൽ നോക്കിക്കൊണ്ടു് കടന്നുപോകാൻ ഭാവിക്കുന്നു].

എക്സ്: നില്ലൂ.

ബി: ([illegible]) എന്തുവേണം?

എക്സ്: എങ്ങോട്ടാണു് പോകുന്നതെന്നറിയാമോ?

ബി: (ചെറിയ ചിരിയോടെ) എനിക്കിതുവരെ ലക്ഷ്യമുണ്ടായിരുന്നില്ല. ആദ്യമായി ഒരു ലക്ഷ്യത്തിലേക്കു്

പ്രയാണം ആരംഭിച്ചത് ഇപ്പോൾ മാത്രമാണ്.

എക്സ്: ഓഹോ, ആട്ടെ, എന്താണു ലക്ഷ്യം?

ബി: പൂജ്യം.

എക്സ്: എന്നു വെച്ചാൽ?

ബി: ശൂന്യത. ഒരു നിമിഷം ഞാൻ യാഥാർത്ഥ്യമാണ് (ഒരുക ഞൊടിച്ച്) വൺ, സെക്കന്റ് മോമെന്റ്, അയാം നോ മോർ. പിന്നെ ഒന്നും അവശേഷിക്കുന്നില്ല.

എക്സ്: അപ്പോൾ അപ്പുറത്ത് ഒന്നുമില്ലെന്നാണോ?

ബി: (ചിരിച്ചുകൊണ്ട്) അപ്പുറം എന്നൊന്ന് ഉണ്ടായിട്ടുവേണ്ടേ, അവിടെ എന്തെങ്കിലുമുണ്ടാകാൻ? ചേതന ഉടയ്ക്കുന്ന ഈ രേഖയ്ക്ക് സമാന്തരമോ ഇടച്ചുവോ ആയ മറ്റൊരു രേഖയില്ല.

എക്സ്: എന്ത് ഉറപ്പിച്ചു പറയാമോ? ഇന്ദ്രിയങ്ങൾകൊണ്ട് സമ്പാദിക്കുന്ന പരിമിതജ്ഞാനം മാത്രമല്ലേ നമുക്കുള്ളൂ?

ബി: അതേജ്ഞാനമാണല്ലോ അവിടെ എന്തെങ്കിലുമുണ്ടാകാം എന്നു തോന്നിച്ചതും. ഉട്ടോപ്യാകളെക്കുറിച്ചോർത്ത് ആനന്ദിക്കുന്നത് വിഡ്ഢിത്തമല്ലേ?

എക്സ്: ഇതു നമുക്കിവിടെവെച്ച് നിർത്താം. മനുഷ്യൻ ചിന്തിച്ചുതുടങ്ങിയപ്പോൾമുതൽ ഉയർന്നുതുടങ്ങിയതാണീ വാദം. അതിനവസാനമുണ്ടാകില്ല... അപ്പോൾ ഒന്നുമില്ലായ്മയിലേക്കാണ് നിങ്ങളുടെ നീക്കം?

ബി: അതെ.

എക്സ്: ഒന്നു ചോദിക്കട്ടെ, ഇപ്പോളിങ്ങനെ തോന്നാൻ കാരണം?

ബി: എന്റെ നിലനില്പിൽ എനിക്ക് വിശ്വാസമില്ലാത്തതുകൊണ്ട്. ലക്ഷ്യമില്ലാതെ യാത്ര തുടരുന്നതിൽ അർത്ഥമില്ലാത്തതുകൊണ്ട്. പിടിച്ചുനില്ക്കാൻ സ്നേഹത്തിന്റെ ഒരു പുൽക്കൊടിപോലുമില്ലാത്തതുകൊണ്ട്. (വെറുപ്പോടെ) അവിടെ മുഴുവൻ വഞ്ചനയാണ്. മുഖംമൂടികളുടെ പിന്നിൽ വിഷപ്പല്ലുകൾ മറച്ചുപിടിച്ച പിശാചുക്കൾ നിറഞ്ഞ കാപട്യത്തിന്റെ മൂർത്തീകരണമാണവിടം.

എക്സ്: അപ്പോൾ നൈരാശ്യമാണ് പ്രശ്നം. ചെറുപ്പക്കാരാ, നിങ്ങളെ

# അർപ്പണം

## കെ. എം. രവീന്ദ്രൻ

മൂകതയിൽ മുങ്ങിയ കോവിലിൻ നടയിൽ ഞാൻ
കാതരമായിന്നു കാതോർത്തുനില്പൂ;
ചേതന മരവിച്ചുവയെന്റെയീ നാവിൽ, നിൻ
ചാരുപാണികളാൽ രചിച്ചാലും ഹരിശ്രീ!

അല്ലയോ ദേവീ, ഈ കാത്തിരിപ്പും തപസ്സും
അല്ലലൊഴിഞ്ഞൊരെൻ ദുർല്ലഭനിമിഷങ്ങൾ!
ഇല്ല യെനിക്കൊട്ടും വേവലാതികൾ; ദേവീ
ഈ കല്ലിലും മുള്ളിലും പൂക്കൾ വിരിപ്പൂ.

ഇരുട്ടും വെട്ടവും വഴിമാറിനടക്കുന്ന
തരിശുഭൂമിയിൽ ഖനിച്ചുഞാൻ വൃഥാ,
ക്ഷമിക്കൂ, ദേവീയെൻ സാഹസമിതുവരെ
ക്ഷണികമോക്ഷംപോലും നേടിയില്ലൊരിക്കലും.

ജീവിതം മരണമായ്പിണയുന്ന തീരത്തു
കാവലായിരുന്നൊരെൻ ദേഹമിന്നേവരെ;
പളുങ്കിൻ കാരാഗാരമിതിൽനിന്നു മോഹ-
നിദ്രവിട്ടുണർന്നു ഞാൻ നിർമ്മുക്തയാകുന്നു.

ഒന്നും വേണ്ടായെനിക്ക്,യെന്നന്തരംഗവും;
മന്നിതിലൊന്നേയവസാനയിച്ഛയുള്ളൂ:
ഒരു മാത്രനേരമനുഗ്രഹിക്കൂ, നിൻ
തിരുമുമ്പിലൊരു പൂഴിത്തരിയായിടട്ടെ ഞാൻ.

അല്പമോഹങ്ങൾ കാമക്രോധങ്ങൾ വിഷ-
ലിപ്തമാക്കിയ യീ വാതമിനിവേണ്ട;
പ്രണമിച്ചിടുന്നു ദേവീനിൻ തിരുമുമ്പിൽ
പ്രാണനെ മറന്നു സ്തുതിപാടിടുന്നു.

ഒരാൾ വഞ്ചിക്കപ്പെട്ടെന്ന്കരുതി എല്ലാവരെയും വഞ്ചകരാക്കരുത്. നന്മ ചൊരിയുന്ന പ്രകാശത്തിൽ നിഴ് പ്രഭമാകാനുള്ളതേ ഉള്ളൂ തിന്മ. ഇരുട്ടിൽ താഴ്‌വര ക്ഷണിക്കുന്ന വഴി...

ബി: ഷോപ്പനർ പറഞ്ഞത് വായിച്ചിട്ടില്ലേ നിങ്ങൾ? തിന്മയാണ് യഥാർത്ഥം. നന്മ, തിന്മയുടെ അഭാവം മാത്രമാണ്. ദുഃഖങ്ങളിൽനിന്ന് രക്ഷപ്പെടുന്നത് തെറ്റല്ല.

എക്സ്: ടോൾസ്റ്റോയി ഷോപ്പനർക്ക് തക്ക മറുപടി നൽകിയിട്ടുണ്ട്. ജീവിതം തിന്മയിൽനിന്ന് നന്മയിലേക്ക് കടക്കാനുള്ള ശ്രമമാണ്. ആ ഉദ്യമം സ്വയം അവസാനിച്ചാലേ പരമമായ ആത്മസാക്ഷാത്കാരം നേടാൻ

കഴിയു. നിങ്ങളുടെ പുറത്തിരിക്കുന്ന ചന്ദനച്ചുമടിന്റെ ഭാരം മാത്രമല്ലാതെ ഗുണം നിങ്ങളറിയുന്നില്ല.

(വീണ്ടും പുച്ഛത്തിൽ എക്സിനെ നോക്കി മുന്നോട്ട് നീങ്ങി മറയുന്നു. യുവതി 'ഗജരാജവിരാജിത' മന്ദഗതിയിൽ പ്രവേശിക്കുന്നു. സൊസൈററി ലേഡിയുടെ വേഷവിധാനം.)

യുവതി: (എക്സിനോട്) ഹേ, മിസ്റ്റർ, എന്റെ ഹസ്സിനെ്താട്ട് വന്നിരുന്നോ?

എക്സ്: നിങ്ങളാരാണ്?

യുവതി: ഞാൻ മിസ്സിസ്സ് മേരി. മിസ്റ്റർ മേരി എന്റെ ഭർത്താവാണ്.

എക്സ്: മിസ്റ്റർ മേരി! (ചിരിക്കുന്നു) തല തിരിഞ്ഞാണല്ലോ.

യുവതി: ഞാൻ വിമെൻസ് ലിബ് ജില്ലാ പ്രസിഡന്റാണ്.

എക്സ്: ലേഡീസ്ക്ലബ്ബിലേക്ക് പോയതു് മിസ്സിസ്സ് ജോണായിട്ടും മടങ്ങിയതു് മിസ്റ്റർ മേരിയുടെ ഭാര്യയായിട്ടും അല്ലേ?

യുവതി: സ്ത്രീ പുരുഷന്റെ പിന്നിൽ നില്ക്കേണ്ടവളല്ല.

എക്സ്: പുരുഷൻ സാരിത്തുമ്പിൽ കിടക്കേണ്ടവനായിരിക്കും!

യുവതി: എന്താ കിടന്നാൽ?

എക്സ്: (ചിരിക്കുന്നു) സ്ത്രീപുരുഷസമത്വം എന്നുവെച്ചാൽ പുരുഷനെ അടിമയാക്കുക എന്നാണോ സോദരി അർത്ഥം? സ്ത്രീയുടെ അടിമത്തം അവസാനിപ്പിക്കുക എന്നുവെച്ചാൽ പുരുഷനെക്കൊണ്ട് അടുക്കളപ്പണി ചെയ്യിക്കുക എന്നാണോ മനസ്സിലാക്കുന്നതു്?

യുവതി: നിങ്ങൾ അടുത്ത സെമിനാറിൽ പങ്കെടുക്കണം.

എക്സ്: (പൊട്ടിച്ചിരിക്കുന്നു) ഞാനോ? (ചിരിനിർത്തി) നിങ്ങൾ സ്ത്രീധനത്തിനെതിരാണോ?

യുവതി: സ്ത്രീധനം പൂർണ്ണമായും നിർത്തുക എന്നതു് ഞങ്ങളുടെ മുദ്രാവാക്യമാണ്.

എക്സ്: നിങ്ങൾ ആഭരണങ്ങൾ ഉപേക്ഷിക്കാൻ തയ്യാറാകുമോ?

യുവതി: (പുച്ഛത്തിൽ) അറിഞ്ഞിട്ടെന്തു വേണം?

എക്സ്: അതും അതുപോലെ പലതും നിങ്ങൾ ഉപേക്ഷിക്കാത്തിടത്തോളം കാലം സ്ത്രീധനം ഇല്ലാതാകാൻ പോകുന്നില്ല. സ്ത്രീയുടെ സ്വാതന്ത്ര്യമാണ് പുരുഷനു് കടപിടിച്ചുകൊടുക്കുന്നതു്.

യുവതി: എന്റെ ഭർത്താവിവിടെ വന്നിരുന്നോ എന്നാണ് ഞാൻ ചോദിച്ചതു്.

എക്സ്: എന്താണാവോ അന്വേഷിച്ചിറങ്ങാമെന്ന് കരുതിയതു്?

യുവതി: എനിക്ക് ഡൈവോഴ്സിനു് കേസ് ഫയൽ ചെയ്യണം.

എക്സ്: ഡൈവോഴ്സോ?

യുവതി: എന്റെ സൊസൈററി ലൈഫിനു് ഹസ്സ് ഒരു ഭാരമാണ്.

എക്സ്: ഉം, ഞാനയാളെ കണ്ടാലുടനെ പറഞ്ഞയക്കാം.

യുവതി: മറക്കരുതു്. (വാച്ചിൽനോക്കി) ഹോ, പാർട്ടിക്കുള്ള ടൈമായി. [ധൃതിയിൽ പോകുന്നു. രംഗത്തു് സാവധാനം ഇരുട്ടുപരക്കുന്നു. വീണ്ടും പ്രകാശം തെളിയുമ്പോൾ യുവാവും എക്സും രംഗത്തുണ്ട്]

എക്സ്: എല്ലാം കേട്ടില്ലേ? എന്തുതോന്നുന്നു?

യുവാവ്: ഞാനുടനെ മടങ്ങുന്നു. അവൾ തന്നെ രക്ഷപ്പെട്ടത്താൻ തീരുമാനിച്ചിരിക്കയല്ലേ?

എക്സ്: (ചിരിയോടെ) ഉം, ശരിയായിരിക്കാം.

യുവാവ്: (പെട്ടെന്ന് തിരിഞ്ഞുനിന്ന്) അവളുടെ ഒരു കെണിയാണിതെങ്കിലോ എന്ന്. അല്ലേ?

എക്സ്: എങ്കിൽ നിങ്ങൾ രക്ഷപ്പെടണം. പക്ഷേ ഈ വഴിയേ ആയിരിക്കരുതു്.

യുവാവ്: (അല്പം ആലോചിച്ച്) ഉം, ശരി. നിങ്ങൾ പോരുന്നില്ലേ?

എക്സ്: നിങ്ങൾ പോയാൽ പിന്നെ ഞാനെന്തിനെന്നിവിടെ നില്ക്കും? നിങ്ങളിൽനിന്നും വിട്ട് എനിക്കൊരസ്തിത്വമുണ്ടോ? (നടന്നുകൊണ്ട്) നടന്നോളൂ.

[ പ്രകാശം മങ്ങിവരുമ്പോൾ കർട്ടൻ ]

ചെറുകഥ

# ഈച്ചകൾ

തിലകൻ

വാലൻ പുഴക്കൾതിന്ന്, ഇള വീണ ഏടുകളുള്ള തടിച്ച രാമായണം തുറന്ന് വായിക്കാൻ തുടങ്ങിയിരുന്നു, അയാളുടെ ഭാര്യ. അയാൾ അപ്പോഴും ഈച്ചകളുടെ ദുർബ്ബലമായ ഞരങ്ങലുകൾ ശ്രദ്ധിക്കുകയായിരുന്നു. ഉണങ്ങിയ പാളകളും തെങ്ങോലകളും വീണു ചിതറിയ മുറ്റത്തിലെ വരണ്ടമണ്ണിൽ ഈച്ചകളുടെ കൂടുകൾ നഷ്ടസ്വപ്നസ്മൃതികളെ മാറിലുറക്കാൻ പാടുപെട്ടു. ക്രൂഡോയിൽകൊണ്ട് കറുത്ത നമ്പറുകൾ അവയ്ക്ക് അടയാളമിട്ടിരുന്നു. വരണ്ടമലങ്കാറ്റിൽ പൊടിപടലങ്ങൾ വീണ് മാഞ്ഞുപോയിരുന്നു. കൂടുകൾക്കകത്ത്, ഈച്ചകൾ തേനില്ലാതെ, തേൻ തേടിവലഞ്ഞ് തളർന്നിരുന്നു.

നേർത്ത ഈണത്തിൽ കാറ്റിന്റെ ഇരമ്പലിനെ കീറിമുറിച്ച് ഭാര്യയുടെ ശബ്ദം അയാളിൽ ആദ്യമായി അസ്വാസ്ഥ്യമുണർത്തി. ഉറക്കുത്തിയ മുളന്തൂണിൽ ചാരി അയാൾ അവളെ ശ്രദ്ധിച്ചു. അവൾ കുളിച്ച് കഞ്ഞിമുക്കിയ വസ്ത്രങ്ങൾ മാറിയിരുന്നു. വെള്ളമില്ലാതിരുന്നിട്ടും ഇവൾക്കെങ്ങനെ കുളിക്കാൻ സാധിച്ചു? ഒരുനിമിഷം അയാൾക്കത്ഭുതംതോന്നി. ഒരു പക്ഷേ അടിവാരത്തെ കലങ്ങിയ നീർച്ചാലിൽ പോയി മുങ്ങിയിരിക്കണം. എല്ലാ സമയവും എരുമകളെപ്പോലെ അടിവാരത്തെ ചെട്ടിച്ചികൾ നീർച്ചാലുകളിൽ മുങ്ങിക്കിടക്കുന്നു. ചെമ്മണ്ണുകലർന്ന് ചാലുകളിൽ രക്തംപോലെ ചുവന്നവെള്ളമൊഴുകി.

മലങ്കാറ്റടിച്ചുകൊണ്ടിരുന്നു, അപ്പോഴും. മലങ്കാറ്റിന്റെ ഇരമ്പലിനെ മുറിച്ച് ഈച്ചകളുടെ മൂളലുകളുയർന്നപ്പോൾ അയാൾ അസഹ്യതയോടെ ചെവികൾ പൊത്തി. നിസ്സഹായത അയാളെ പൊതിഞ്ഞു. നരവീണ താടിരോമങ്ങളിൽ വിരലോടിച്ച് അയാൾ ഇരുട്ടുവീണ മുറ്റത്തിലേയ്ക്ക് നോക്കി. ഇരുട്ടിന്റെ കവചത്തിനുള്ളിൽ കൂടുകൾ അമർന്നു. കൂടുകൾക്കുള്ളിൽമാത്രം ഇരമ്പൽ കവചം ഉളച്ച് ഉയർന്നുകൊണ്ടിരുന്നു.

ഇരുപത്തിയേഴ് കൂടുകളുണ്ടിപ്പോൾ. അയാൾ ഒട്ടൊരഭിമാനത്തോടെ പിന്നെ ഉള്ളിലുയരുന്ന നേർത്ത വേദനയോടെ ഓർക്കാൻ ശ്രമിച്ചു. മൂന്നുകൂടുകൾ മാത്രമായി തുടങ്ങിയതാണ്. ഒന്നിനൊന്ന് അഭിവൃദ്ധിപ്പെട്ടുവന്നപ്പോൾ അടിവാരത്തെ ചെട്ടികൾക്ക് അസൂയമുളച്ചു. അയാളതു കാണുന്നുണ്ടായിരുന്നു. അയാളപ്പോൾ തുളുമ്പുന്ന അഭിമാനത്തോടെ സ്വയം ചിരിച്ചു.

അടുക്കളയിൽ പാത്രങ്ങൾ ഞരങ്ങാൻ തുടങ്ങിയിരുന്നു. അവൾ രാമായണം വായന നിർത്തിയതെപ്പോഴാണ്? അയാൾ അത്ഭുതപ്പെട്ടു.

അടുക്കളയ്ക്കപ്പുറം ശൂന്യമായ കലവറയിൽ ഉച്ചുകുത്തിയ ഗോതമ്പുവച്ചിരുന്ന പഴകിയ തഴവട്ടി തട്ടി അവൾ മുറ്റത്തിലിട്ടു. പൊടികലർന്ന ഗോതമ്പു ചേറുമ്പോൾ ഉച്ചുകൾ പൊഴിഞ്ഞുവീണു. ശൂന്യമായ കലവറയിൽ നോക്കി അയാൾ നെടുവീർപ്പിട്ടു. ഇനിയൊരിക്കലും ഈ കലവറ നിറയുകയില്ലെന്നപോലും അയാൾക്ക് തോന്നിപ്പോയി. ഇനിയൊരിക്കലുമുണ്ടാവാത്ത നല്ലകാലത്തെക്കുറിച്ചുള്ള ഓർമ്മകൾക്കു നിറം മങ്ങി.

തേനില്ലാത്ത കൂടുകളിൽ കയ്യിടാൻതന്നെ വിഷമം തോന്നുന്നു. വരണ്ട അടിവാരത്തെ തീക്ഷ്ണമായ ഉച്ചുകളിൽ തളച്ചിടപ്പെട്ട ഈച്ചകളെയോർത്ത് ഒരുതരം കുറ്റബോധം.

അവൾ ഉമ്മറത്തെ കഴുക്കോലിൽ മണ്ണെണ്ണ വറ്റിത്തുടങ്ങിയ പതിനാലാംനമ്പ്ര് വിളക്ക് കൊളുത്തിയിട്ടു. മൂർച്ചയുള്ള കത്തിമുനപോലെ അയാളിലേക്ക് നാളങ്ങൾ നീണ്ടുവന്നപ്പോൾ അയാൾ മുഖംതിരിച്ചിരുന്നു. ഉറക്കുത്തിയ മുളന്തൂണിനുള്ളിൽ പ്രാണികൾ അയാളെ ഊച്ചാൻ തുടങ്ങിയിരുന്നു. രക്തത്തിനുവേണ്ടി യുദ്ധം ചെയ്യുന്ന പ്രാണികളെ അയാൾ സങ്കല്പിക്കാൻ ശ്രമിച്ചു. അയാൾ കുറേക്കൂടി തൂണിനോടമർന്നിരുന്നു. കടിക്കട്ടെ. മതിയാവോളം കടിക്കട്ടെ.

''വന്നോളൂ, കഞ്ഞികുടിക്കാം'' അവൾ റാന്തൽതിരി നീട്ടുന്നതിനിടയിൽ പറഞ്ഞു. അയാളെഴുന്നേറ്റ് അകത്ത് നിവർത്തിയിട്ട കീറിയ തഴപ്പായിലിരുന്നു. ചൂടുള്ള ഗോതമ്പുകഞ്ഞി ഊതിയാറ്റിക്കുടിച്ചപ്പോൾ അയാൾക്ക് ഓക്കാനംവന്നു. അടുക്കളയിലെ മൺചുമരും ചാരിയിരുന്ന് വിശപ്പിന്റെ പരാക്രമത്തോടെ കഞ്ഞി വാരിവായിലേക്കൊഴിക്കുന്ന ഭാര്യയെ കണ്ടപ്പോൾ അയാൾക്കു കണ്ണുനിറഞ്ഞു. അയാൾ സ്വന്തം കഴിവില്ലായ്മയെ ശപിച്ചു. ഈച്ച വളർത്തലല്ലാതെ മറ്റൊരു പണി അയാൾക്കറിയില്ല. ഓർമ്മയുള്ളപ്പോൾ മുതൽ അയാൾ ഈച്ചകളെ കാണാൻ തുടങ്ങി. ഈച്ചകളുടെ ഇരമ്പൽ കേൾക്കാൻതുടങ്ങി. അയാൾക്ക് വേണമെങ്കിൽ അടിവാരത്തെ മറ്റു ചെട്ടികളെപ്പോലെ അവിലിടിച്ചോ അടയ്ക്കപറിച്ചോ കഴിയാം. അതയാൾക്കറിയില്ല. അറിഞ്ഞാൽതന്നെ ഈ വരൾച്ചയിൽ ആരൊരു പണിതരും?

അയാൾക്കു വിശപ്പുകെട്ടിരുന്നു. പ്ലാവില വക്കുപൊട്ടിയ ചട്ടിയിൽതന്നെയിട്ട്

അയാളെഴുന്നേററു. അവൾ ചോദ്യഭാവത്തിൽ അലറുകയായി:

"ഉം—ം?"

"ഉം ഉം"

അയാൾ നിഷേധാർത്ഥത്തിൽ മൂളി. ശബ്ദങ്ങൾ നഷ്ടപ്പെട്ട് നിശ്ശബ്ദത ഉറഞ്ഞു. ചുരുക്കം വാക്കുകളിൽ അയാളും ഭാര്യയും സംസാരിച്ചു.

അയാൾ ഉണങ്ങാത്ത ചാണകം മെഴുകിയ തറയിൽ മലർന്നുകിടന്നു. ഇരുട്ടിൽ അയാൾ വിയർത്തു. വിയർപ്പുചാലുകൾ ചാണകം മെഴുകിയ തറയിൽ വീണുകുതിർന്നു. കുതിർന്ന ചാണകപ്പൊററകൾ ദേഹത്തിലൊട്ടി. പഴകിയ മൂരിച്ചാണകത്തിന്റെ ഗന്ധം മൂക്കിലടിച്ചു.

പാത്രങ്ങളുടെ ശബ്ദം അസ്തമിച്ചിരുന്നു. അവൾ അകത്ത്, പായ കുടഞ്ഞിടുന്ന ശബ്ദം കേട്ടിരുന്നു. പിന്നെ, റാന്തൽ വിളക്കണച്ചി അവൾ പറഞ്ഞു: "കെടന്നോളൂ."

അയാൾ അവൾക്കരികിൽ വാതിലുകൾ തുറന്നിട്ട് കാററിനായി കാത്തുകിടന്നു. അയാൾ കണ്ണുകൾ ഇറുക്കിയടച്ച് ഉറക്കത്തെ ധ്യാനിച്ചു. പിന്നെ ഇരമ്പലോടെ ഈച്ചകളുടെ ശബ്ദങ്ങൾ ഉയരുമ്പോൾ അയാൾ നടുങ്ങി. ശാപംപോലെ ഈച്ചകളുടെ കരച്ചിലുകൾ അയാളെ പൊതിഞ്ഞു. അയാൾ ഭയത്തോടെ ഭാര്യയെനോക്കി. അയാളുടെ രോമംനിറഞ്ഞ മാറിലെ ഉപ്പുരസം പടർന്ന വിയർപ്പുതുള്ളികളെ ചുംബിച്ച് അവൾ ഉറങ്ങി. അല്ലെങ്കിൽ അവൾ ജന്മംനൽകാൻ കഴിയാത്ത സ്വന്തം കുഞ്ഞുങ്ങളുടെ മുഖങ്ങളിലെ ശാപം സ്വപ്നം കണ്ടുമയങ്ങി. അയാൾക്ക് അവളോട് നേരിയ അസൂയതോന്നി.

അയാൾ രക്ഷപ്പെടാനൊരു മാർഗ്ഗം തേടി അലയുന്ന മനസ്സുമായി ഇരുട്ടിൽ ഉറക്കമില്ലാതെ കിടന്നു. പല രാത്രികളിൽ അയാൾ ഉറക്കമില്ലാതെ ഓർത്തുകിടക്കാറുണ്ടായിരുന്നു.



ഒടുവിൽ വളരെ നേരത്തെ അലച്ചിലിന്റെ അവസാനത്തിൽ അയാൾ ഉത്സാഹത്തോടെ ഭാര്യയെ വിളിച്ചു:

"ജാന്വോ...ജാന്വോ"

ഉറക്കത്തിൽ ജാനു ഞരങ്ങി. തഴപ്പായിൽ തിരിഞ്ഞുകിടന്നു. അയാൾ വീണ്ടും വിളിച്ചു. അവൾ ഉണരാതിരുന്നപ്പോൾ അയാൾക്കസഹ്യത തോന്നി. അവളുടെ വിയർത്തചുമലിൽ കുലുക്കി അയാൾ അവ

ളെ ഉണർത്താൻ ശ്രമിച്ചു. കണ്ണുതുറന്ന് അവൾ ഉണർന്നിരുന്നപ്പോൾ അയാൾ അവളോടു പറഞ്ഞു: ''നമുക്കെങ്ങോട്ടെങ്കിലും പോകാം''.

"ഇപ്പോ എങ്ങും പോവണ്ട" അവൾ ഉറക്കക്ഷീണത്തോടെ വീണ്ടും കിടന്നു. അയാൾക്ക് നിരാശതോന്നി. അവളെ വീണ്ടും കുലുക്കിയുണർത്തി അയാൾ വീണ്ടും അതുതന്നെ പറഞ്ഞു. ഇത്തവണ അവൾ ചോദ്യാർത്ഥത്തിൽ അയാളെ നോക്കി:

''എങ്ങനെപോകും?''

"വസ്തുവില്ലുണം' അയാൾ പറഞ്ഞു.

ഇരുട്ടിൽ അവൾ നടുങ്ങിയെന്നയാൾക്കു തോന്നി. നീണ്ടമൗനം അവരെ വിഴുങ്ങി. മൗനം അലോസരപ്പെടുത്തിയപ്പോൾ അയാൾ പറഞ്ഞു: "നാളുവാവട്ടെ."

പ്രഭാതത്തിൽ അയാൾ അലക്കിയമുണ്ടും രണ്ടാംമുണ്ടും ധരിച്ച് ഗ്രാമത്തിലിറങ്ങി നടന്നു കണ്ടവരോടൊക്കെ അയാൾ വസ്തു വില്ലുന്നകാര്യം പറഞ്ഞു. കേട്ടവരൊക്കെ അയാളോടുചോദിച്ചു: "പറമ്പിലെ കിണററിൽ വെള്ളംണ്ടോ?"

ചോദ്യത്തിനുമുന്നിൽ അയാൾ കത്തിയുടെ വായ്ത്തല മടങ്ങിയ യോദ്ധാവിനെപ്പോലെ കിതച്ചു.

അവസാനം അയാൾ അധികാരിയുടെ മാളികയിലെത്തി. നീണ്ട പടവുകൾ കയറി ഉമ്മറത്തു ചെല്ലുമ്പോൾ അയാൾ വളരെ ദൂരമോടിയ പന്തയക്കുതിരയെപ്പോലെ കിതച്ചുകൊണ്ടിരുന്നു. അയാൾ അധികാരിയോടു വിവരം പറഞ്ഞു. അധികാരിയുടെ പെട്ടിയിൽ പുത്തപണമുണ്ടെന്നയാൾക്കറിയാമായിരുന്നു. അയാളുടെ വാക്കുകേട്ട് അധികാരി ചിരിച്ചു: "ഇപ്പഴ് ആരാ ഭൂമി വാങ്ങാ?"

അയാൾ കൂടുതൽ താഴാൻതുടങ്ങി: ''എങ്ങനെങ്കിലും...ഇവിടുന്ന്...''

അധികാരി വളരെനേരം ഓർത്തുകൊണ്ടിരുന്നു. പിന്നെ നീണ്ട ധ്യാനത്തിന്റെ അന്ത്യത്തിൽ അധികാരി പെട്ടിതുറന്നു. പുത്തപണം കണ്ട് അയാളുടെ കണ്ണുകൾ മഞ്ഞളിച്ചു. അധികാരിനീട്ടിയ നാണയങ്ങൾ അയാളുടെ കൈവെള്ളയിൽ കിലുങ്ങി വീണു. അധികാരിയെ തൊഴുത് അയാൾ മടങ്ങി.

വസ്തുവിററുകിട്ടിയ നാണയങ്ങൾ അയാൾ ജാനുവിനെ കാണിച്ചു. അവൾ അതിൽ വളരെനേരം സൂക്ഷിച്ചുനോക്കിയിരുന്നു. പിന്നെ, മേൽമുണ്ടിന്റെ അററം വായിൽത്തിരുകി തേങ്ങിക്കരയാൻ തുടങ്ങി. അയാൾ ഏറെനേരം നിശ്ശബ്ദനായി അവളെ നോക്കിയിരുന്നു. കരയട്ടെ. വളരെനേരം കരയട്ടെ. അയാൾ പിന്നെ അവളോട് യാത്രപോലും പറയാതെ ഇറങ്ങി നടന്നു.

ഉച്ചവെയിലിൽ ഉന്തുവണ്ടിയുമായി

# കുരുക്ഷേത്രം

ഉണ്ണികൃഷ്ണൻ നെടിയിരുപ്പിൽ

കാവിഞ്ഞൊഴുകുന്ന പുഴയിൽ മരവിച്ച ശരീരങ്ങൾ ഒഴുകി നടന്നു.
സൂര്യനിറങ്ങിവന്നു വയലുകൾക്ക് തീകൊളുത്തി.
തൊഴിൽശാലകൾ നിശ്ശബ്ദമായി.
നിരത്തിൽ
പതഞ്ഞൊഴുകുന്ന ചോരയിലൂടെ പേനകളും പുസ്തകങ്ങളും ഒഴുകി നടന്നു.
താഴ്‌വരയിലേക്ക്
ചരൽവെള്ളംപോലെ ചെലിച്ചിറങ്ങുന്ന ചോരയുടെ ലഹരിയിൽ
മനുഷ്യമാംസങ്ങൾക്ക്
നഷ്ടപ്പെട്ട ചൂടും ആവേശവും തിരിച്ചുകിട്ടി.
ചോരയിൽ ഒഴുകി നടക്കുന്ന
സ്ത്രീകളുടെ നഗ്നമായ കബന്ധങ്ങൾക്ക് മുകളിൽ
അള്ളിപ്പിടിച്ച്
മുലക്കണ്ണുകൾ ചപ്പിവലിക്കുന്ന കുഞ്ഞുങ്ങളെ
കനത്തബൂട്ട്സുകൊണ്ട് തൊഴിച്ചുമാററി
നഗ്നത ആസ്വദിക്കുന്ന സമാധാനത്തിന്റെ കാവൽക്കാർ.
അവസാനം
ബയനററ് ഘടിപ്പിച്ച തോക്കുമായി
അവർ എന്റെ നേരെ ചീറിയടുത്തു.
ഞാൻ ഞെട്ടിയുണർന്നു
ഉറക്കച്ചടവോടെ പകൽവെളിച്ചത്തിലേക്കിറങ്ങി.
പുഴകൾ ശാന്തമായി ഒഴുകുന്നു.
വയലേലകളിൽ കൊയ്ത്തുകാരികളുടെ ഈരടികൾ മാറെറാലികൊണ്ടു.
തൊഴിൽശാലകളിൽ യന്ത്രങ്ങൾ ഇരമ്പി.
നിരത്തിലൂടെ
യൂണിഫോറം ധരിച്ച കുട്ടികൾ പൂമ്പാററകളെപ്പോലെ ഓടിനടന്നു
ബയനററു ഘടിപ്പിച്ച തോക്കുകളുടെ വെളിച്ചത്തിൽ
ജനങ്ങൾ നിരത്തിലൂടെ നീങ്ങി
നിരത്തിൽ ചരൽവെള്ളം വററിയതുപോലെ ചുവന്ന കറ പരന്നിരുന്നു.
അകലെ കഴുകന്മാർ വട്ടമിട്ട് പറന്നിരുന്നു.
മലമുകളിൽ, കതിരപ്പുറത്ത്
മാന്ത്രികന്റെ തിളക്കമുള്ള കണ്ണുകളുള്ള
വെളുത്തചേല ചുററി സുവർണ്ണദണ്ഡുപിടിച്ച,
പുരുഷന്റെ കരുത്തും സ്ത്രീയുടെ ശബ്ദവുമുള്ള,
ഒരു രൂപം എന്നെ നോക്കി ചുണ്ടുവിടർത്തി—
അവിടെ ഒരു പരിഹാസച്ചിരി തങ്ങിനിന്നിരുന്നു.

അയാൾ തിരിച്ചെത്തുമ്പോൾ അവൾ എല്ലാം ഒതുക്കിവച്ചിരുന്നു. ചട്ടിയും കലങ്ങളും അഴപ്പായകളും കയറ്റുമ്പോൾ അവൾ കരഞ്ഞിരുന്നില്ല. അവളുടെ കണ്ണുകളുടെ അഗാധതയിൽ വേരിറങ്ങിയ ശൂന്യത അയാളെ അസ്വസ്ഥനാക്കി.

അയാൾ മറ്റത്തിൽനിന്ന് ഈച്ചകളുടെ കൂടുകൾ കൊണ്ടുവന്നു. ഉന്തുവണ്ടിയിൽ ഈച്ചക്കൂടുകൾ അടുക്കിക്കെട്ടി. പുനർജ്ജനിയുടെ തീരങ്ങൾ തേടി യാത്രപുറപ്പെടുന്ന മൗനനിമിഷങ്ങളിൽ അയാൾ ഒന്നുകൂടി തിരിഞ്ഞുനോക്കി. ആഴങ്ങളിലേക്ക്, വർഷങ്ങളായി താഴ്ന്നിറങ്ങിയ വേരുകൾ പറിയുന്ന വേദന അയാളറിഞ്ഞു. അതവളെ അറിയിക്കാതിരിക്കാനായി മാത്രം അവളോടു പറഞ്ഞു: "തള്ളിക്കോളൂ."

അവൾ വണ്ടിയുടെ പിറകിൽനിന്നു തള്ളി. വണ്ടിഞെരങ്ങിനീങ്ങി. അയാൾ വണ്ടി വലിച്ചുകൊണ്ടുനീങ്ങുമ്പോൾ പിറകിൽ അവളുടെ തേങ്ങലുകൾ ഉയരാൻ തുടങ്ങിയിരുന്നു.

നാഴികകളോളം അവർ നിശ്ശബ്ദരായിരുന്നു. പുതിയ മേച്ചിൽപ്പുറങ്ങൾ തേടുന്നതിനിടയിൽ കരിഞ്ഞുണങ്ങിയ മണ്ണിന്റെ മുഖം അവർ കണ്ടു. പറിച്ചുനടലിനു പറ്റിയ തീരമന്വേഷിച്ചു നടക്കവെ, സന്ധ്യ വന്നു. രാത്രി വന്നു. പ്രഭാതം വന്നു. ഉച്ചയായി വീണ്ടും.

അവൾ തളർന്നിരുന്നു. വഴിവക്കിൽ ഉണങ്ങിയ തണൽമരങ്ങളിലൊന്നിൽ വിശ്രമിക്കവെ, അവൾ പ്രാവു കുറുകുന്ന ശബ്ദത്തിൽ ശ്വാസം വലിക്കാൻ തുടങ്ങി. അവളുടെ പാരവശ്യം കണ്ട് അയാൾ നടുങ്ങി: "എന്താ നിനക്ക് പറ്റീത്?"

"ഒന്നല്യ......നിസ്സിത്തിരി വെള്ളം തരോ?" അവൾ കിതപ്പോടെ പറഞ്ഞു.

അയാൾ ചുറ്റും നോക്കി. വിജനമായ ചെമ്മൺപാത. എവിടെനിന്നിത്തിരി വെള്ളം കിട്ടും? അയാൾ ചട്ടിയുമെടുത്ത് വെള്ളംതേടി പുറപ്പെട്ടു.

വളരെ ദൂരം അലഞ്ഞശേഷം കിട്ടിയ വെള്ളവുമായി അയാൾ തിരിച്ചെത്തുമ്പോൾ അവൾ പാതവക്കിൽ കിടക്കുകയായിരുന്നു.

"ജാനോ" അയാൾ വിളിച്ചു.

അവൾ മിണ്ടിയില്ല. അയാൾ അവൾക്കരികിലിരുന്ന് വീണ്ടും വിളിച്ചു. അയാൾ പിന്നെ അവളുടെ ചുമലിൽ പിടിച്ച് കുലുക്കിയുണർത്താൻ ശ്രമിച്ചു. പൊട്ടുന്നനെ അയാൾ ഞെട്ടി. അയാൾ ഉറക്കെ നിലവിളിക്കാൻ തുടങ്ങി. വിജനമായ നാട്ടുപാതയിൽ അയാളുടെ ശബ്ദം കേൾവിക്കാരില്ലാതെ അനാഥമായലഞ്ഞു.

കരച്ചിലിന്നിടയിൽ അയാൾ ഈച്ചയുടെ ഇരമ്പൽകേട്ടു. അതോടെ അയാൾ കരച്ചിൽനിർത്തി. സ്വന്തം കർത്തവ്യബോധമയാളെ ഉണർത്തി. അയാൾ പാതവക്കിൽ ഉണങ്ങിയ വടവൃക്ഷത്തണലിൽ ശവക്കുഴി തുറക്കാൻ ശ്രമിച്ചു. ഉച്ചവെയിലിൽ നീണ്ടനേരം അയാൾ കുഴികുഴിക്കാൻ ചെലവഴിച്ചു. ഈച്ചകളുടെ മുരൾച്ച ഉച്ചത്തിലാവുമ്പോൾ അയാളുടെ കൈകൾ ധ്രുതഗതിയിൽ ചലിച്ചു. അയാൾ പിന്നെ അവളുടെ ചൈതന്യമറ്റ ചുണ്ടുകളിൽ കുനിഞ്ഞു ചുംബിച്ചു. ഉതിർന്നുവീഴുന്ന മണ്ണിനടിയിൽ അവളുടെ ശരീരം മറയുമ്പോൾ അയാൾ തേങ്ങി. അയാളുടെ തേങ്ങൽ ഈച്ചകളുടെ മുരളലിൽ നഷ്ടപ്പെട്ടു. അയാൾ കാരമുള്ളുകളും കാട്ടുചെടികളും അവളുടെ കുഴിപ്പുറത്തുനിരത്തി.

അയാൾ വീണ്ടും വണ്ടിവലിക്കാൻ തുടങ്ങി. ഈച്ചകളുടെ ശബ്ദം അയാളെ ആശ്വസിപ്പിച്ചുകൊണ്ടിരുന്നു. അയാൾ ഓർക്കാൻ ശ്രമിച്ചു: "ഇനി ഇതു മാത്രമേയുള്ളൂ എന്റെ സമ്പാദ്യം. ഇതു നശിക്കാനനുവദിച്ചുകൂടാ."

അയാൾ വണ്ടിവലിച്ചുകൊണ്ടിരുന്നു. സായാഹ്നമായി. സന്ധ്യയായി. രാത്രിയായി. പ്രഭാതമാകുമ്പോഴേയ്ക്കും അയാൾ തളർന്നിരുന്നു. എന്നിട്ടും അയാൾ അധികം വിശ്രമിക്കാതെ വണ്ടിവലിക്കാൻ ശ്രമിച്ചു.

ഉച്ചയായപ്പോഴേയ്ക്കും അയാൾ വീണു.

ഉച്ചവെയിലിന്റെ അഗ്നിയിൽ അയാൾ കുളുർമ്മ കാത്ത് പാതവക്കിൽ കിടന്നു. അയാൾ ഈച്ചകളുടെ ഇരമ്പൽ കേട്ടു. ഇരമ്പൽ പ്രചണ്ഡമായൊരു അലർച്ചയായി. അയാൾ നടുക്കത്തോടെ കണ്ണുതുറന്നു നോക്കി ഈച്ചകൾ ഒന്നൊന്നായി പുറത്തുവരുന്നു.

അയാൾ അത്ഭുതത്തോടെ, പിന്നെ നിസ്സഹായതയോടെ കിടക്കവെ, ഈച്ചകൾ കാർമേഘംപോലെ ഇരുണ്ട സംഘങ്ങളായി. അവ അയാൾക്കുചുറ്റും ഇരമ്പലോടെ പറന്നുനടന്നു. അവയുടെ കണ്ണുകളിലെ ദാഹം അയാൾ കണ്ടു. അവയുടെ കണ്ണുകളിലെ പക അയാൾ കണ്ടു. അയാൾ ദൈന്യതയോടെ അവയെ നോക്കി. ക്ഷീണത്തോടെ പിന്നെ കണ്ണുകളടച്ചു. ഈച്ചകളുടെ ഇരമ്പൽ അടുത്തുകൊണ്ടിരുന്നു. അലർച്ചയോടെ അവ അയാളുടെ ദേഹത്ത് പറന്നിരുന്നു. ഈച്ചകൾ അയാളെ പൊതിഞ്ഞുമൂടി. പിന്നെ ബോധം നശിക്കുന്നതിനിടയിൽ സീൽക്കാരത്തോടെ, തൊലിപൊട്ടുന്നതും, നീണ്ട കൊമ്പുകൾ മാംസം തുളച്ചിറങ്ങുന്നതും അയാളറിഞ്ഞു. അസ്ഥികളിൽ കൊമ്പുകൾ മുട്ടുന്നതുവരെ ഈച്ചകൾ താഴ്ത്തിക്കൊണ്ടിരുന്നു. പിന്നെ ആഹ്ലാദത്തോടെ, ഇരമ്പലോടെ കൊമ്പുകളിൽപറ്റിയ രക്തവുമായി കൂടുകളിലേക്ക് കൂട്ടത്തോടെ മടങ്ങുന്ന ഈച്ചകൾ വിദൂരവിസ്മൃതങ്ങളാകുന്ന ഓർമ്മകൾ മാത്രമായവശേഷിക്കുമ്പോൾ അയാൾ ചോരവാർന്ന ചുണ്ടുകൾ വിടർത്തി ചിരിക്കാൻ ശ്രമിച്ചു.

ചെറുകഥ



# ശശാങ്കൻ ചിരിയ്ക്കുന്നു

ബേബി രാജൻ

രാജസദസ്സ്.

രാജാവിന്റെ മുൻഭാഗേ ജനം. പോരാ. രാജാവിന്റെ ജനം. പിൻഭാഗേ മന്ത്രി. ഇരുപാർശ്വങ്ങളിലും ധാരാളം 'ആരവിടെ'കൾ.

ശശാങ്കൻ എന്ന പ്രതി ഇന്നു വിസ്തരിക്കപ്പെടുന്നു.

പ്രതി പ്രതിക്കൂട്ടിൽ.

ശശാങ്കൻ രാജാവിന്റെ കണ്ണുകളിലേക്ക് ഇമവെട്ടാതെ നോക്കിക്കൊണ്ടുനിന്നു.

വല്ലാത്ത നോട്ടം.

എന്തോ പന്തികേട്.

തിരുമനസ്സ് തിരുവാ തുറന്നു.

ആരവിടെ?

ഉത്തരവ്.

ങ്ഹും. നിൽപുകണ്ടോ. ഉടൻ വേണ്ടതു ചെയ്‌വിൻ.

വേണ്ടതുചെയ്തു. ശശാങ്കന്റെ കഴുത്ത് നാല്പത്തഞ്ചുഡിഗ്രി താഴ്ത്തപ്പെട്ടു. രണ്ടാം മുണ്ട് അരയിൽ ചുററപ്പെട്ടു.

ഇപ്പോൾ ശരിയായി. തിരുമുമ്പിൽ 'ഓച്ഛാനിച്ച്'തന്നെയാണ് ശശാങ്കൻ നില്ക്കുന്നത്. രാജാവ് ജനത്തിനു നേരെ നോക്കി. വിജയഭാവത്തിൽ—നെഞ്ചു മുന്നോട്ടു തള്ളി.

രാജാവിന്റെ ജനം കയ്യടിച്ചു.

രാജാവ് നീണാൾ വാഴട്ടെ!

രാജവംശം നിലനില്ക്കട്ടെ!!

ജനത്തിൽ രണ്ടുപേരെ രാജാവ് സൂക്ഷിച്ചുനോക്കി. തുറുപ്പിച്ചുനോക്കി.

ആരവിടെ ?

ഉത്തരവ്.

ആ രണ്ടുപേരെ പിൻവാതിലിലൂടെ റാഞ്ചിക്കൊണ്ടുപോയി. അവർ കയ്യടിക്കാത്തവരായിരുന്നു.

രാജാവ് ശശാങ്കന്റെ നേർക്ക് തിരിഞ്ഞു. സ്വരം ഘനഗംഭീരം.

അപ്പോൾ നിങ്ങൾ നമ്മെ കബളിപ്പിക്കുകയായിരുന്നു അല്ലേ ശശാങ്കൻ. നിങ്ങളുടെ ആ കുപ്രസിദ്ധ കഥകൾ—

രാജാവുമാത്രം കേൾക്കെ മന്ത്രി പറഞ്ഞു — ധൃതരാഷ്ട്രാലിംഗനം, ശൃഗാലന്യായം എന്നിവ.

രാജാവ് തുടർന്നു—എന്നിവ നാം വായിച്ചിരിക്കുന്നു. പക്ഷേ ശശാങ്കൻ, നിങ്ങൾക്കു തെററിപ്പോയി. നിങ്ങൾ എന്തെല്ലാം നുണകളും വിഡ്ഢിത്തങ്ങളും പ്രചരിപ്പിച്ചു നടന്നാലും ഇന്നാട്ടിലെ....ഇന്നാട്ടിലെ....

മന്ത്രി പതുക്കെപ്പറഞ്ഞു—ജനങ്ങൾ

രാജാവ്—ജനങ്ങൾ നമ്മുടെ പക്ഷത്തുണ്ട്.

ഒററ വീർപ്പിലാണ് ഒടുവിലത്തെ വാക്കുകൾ രാജാവ് പറഞ്ഞുതീർത്തത്. എന്നിട്ട് മന്ത്രിയുടെ മുഖത്തുനോക്കി. വിജയഭാവത്തിൽ ചിരിച്ചു.

മന്ത്രി തല കുലുക്കിയതല്ലാതെ ചിരിച്ചില്ല.

ജനം—രാജാവിന്റെ ജനം കയ്യടിച്ചു.

ശശാങ്കൻ ചുമ്മാ മുരടനക്കി.

ഹേയ് വേണ്ടവേണ്ട. നിങ്ങളിവിടെ യാതൊന്നും പറയേണ്ട. എന്താണ് പറയാൻ പോകുന്നതെന്ന് നാം മുൻകൂട്ടിക്കാണുന്നു. കുതന്ത്രങ്ങൾ. മയക്കമന്ത്രങ്ങൾ. ഹേ സാഹിത്യം, നിങ്ങൾ ഒന്നു മനസ്സിലാക്കൂ. നിങ്ങൾ വിചാരിച്ചപോലെ പടുവിഡ്ഢികളല്ല ഇവിടത്തെ ജനം: നിങ്ങളാണ് വിഡ്ഢികളുടെ സ്വർഗ്ഗത്തിൽ താമസം. അല്ലാതെ നാമല്ല.

മന്ത്രി ചിരിച്ചില്ല.

രാജാവ് ജനത്തെ നോക്കി.

ഉടൻ രാജാവിന്റെ ജനം ചിരിച്ചു.

ഹേ സാഹിത്യകാരാ, നിങ്ങൾ ഒരു കഥയിൽ ഭക്ഷണകാര്യം പരാമർശിക്കുന്നുണ്ടല്ലോ—അതുതന്നെ തെററ്. മറെറ



ന്തെല്ലാം പറയാൻ കിടക്കുന്നു—അതു തീർച്ചയായും സത്യവിരുദ്ധമാണ്. നിങ്ങൾക്കു കാണാവുന്നതല്ലേയുള്ളൂ. നിങ്ങൾക്കാവശ്യമുള്ള ഭക്ഷണം—നിങ്ങൾക്കെന്നല്ല നമ്മുടെ ജനത്തിനു മുഴുവനുമുള്ള ഭക്ഷണം നാം നല്കുന്നുണ്ട്. നിങ്ങൾ ജനത്തോടു ചോദിക്കൂ.

രാജാവ് ചോദ്യചിഹ്നത്തിന്റെ രൂപത്തിൽ നിന്നു.

ജനം കയ്യടിച്ചു.

മന്ത്രി ചിരിച്ചില്ല.

രാജാവ് സന്തോഷിച്ചു. പിന്നെ തുടർന്നു. അപ്പോൾ അതു പച്ചക്കള്ളം. പിന്നെ......പിന്നെ......

വീണ്ടും രാജാവുമാത്രം കേൾക്കെ മന്ത്രി പറഞ്ഞു—ചിന്ത, ചിന്ത.

ഉം. നിങ്ങൾ ഇടയ്ക്കിടെ പറയുന്നുണ്ട് ചിന്തയുടെ നിലവാരത്തെക്കുറിച്ച്. ചിന്തയ്ക്ക് ഇടിച്ചിൽ സംഭവിച്ചെന്നോ. ഛേഛേ അസംബന്ധം. അതിൽ പ്രത്യേകിച്ചെന്തിത്ര പറയാനിരിക്കുന്നു? നിങ്ങൾ ചിന്തയുടെ ആധുനിക ചരിത്രം പരിശോധിച്ചിട്ടുണ്ടോ—അല്ലെങ്കിലും നിങ്ങൾ നമ്മെപ്പോലെ പഠിക്കുന്ന കൂട്ടത്തിലല്ല—പരിശോധിച്ചാൽ കാണാം ആഗോളവ്യാപകമായിത്തന്നെ ചിന്തയ്ക്ക് ഇടിച്ചിൽ സംഭവിച്ചിട്ടുണ്ടെന്ന്. അപ്പോൾ അതിന് ഞാനാണോ ഉത്തരവാദി.

ശശാങ്കൻ ഉമിനീരിറക്കിയതു കേട്ട് രാജാവ് തുടർന്നു—

# വത്രു



**ജയറാം, വാഴൂർ**

വത്രു
കഴുകന്മാർ ചിറകടിക്കുമീ
ഇരുട്ടിൻ താഴ്‌വര വിളിക്കുന്നു വത്രു...
വത്രു–
വിജനമാകുമീ ശ്മശാനഭൂമിയിൽ
ഒരു തടില്ലത കണക്കെ നീ വത്രു
മരിച്ച മോഹങ്ങൾ തടവിലാക്കുമെൻ
മനസ്സിൽ രാഗമായൊഴുകി നീ വത്രു.
എവിടെ മോചന? മെവിടെയീയിരുൾ
ഗുഹാമുഖം? തെളിച്ചിവിടെ നീ വത്രു
ഇവിടെയോടയിലിഴയും മാനവ–
പ്പുഴുക്കൾ, അന്തിയിലെരിയും സ്വപ്നങ്ങൾ;
ഇവിടെ വീഞ്ഞിന്റെ പുഴകൾക്കപ്പുറം
എരിയും ഏണുകൾ, എരിവയറുകൾ.
അവിടെ വീണതൻ കളസ്വനം നൃത്ത–
ലയം ലഹരി തന്നിലലിഞ്ഞിപ്പുമണം
ഇവിടെയീയെച്ചിലിലകളിൽ പൊങ്ങും
നരകീടങ്ങൾ തൻ കര, കടിപിടി.
ഇടയിലെന്റെയീ തടവറ, നിന–
ക്കഭേദ്യമല്ലതിന്നിരുമ്പു ഗേറ്റുകൾ
വത്രുമൃതീ–
യെന്റെ കറുത്തരാവുകൾ
നിറനിലാവാലെ നിറയ്ക്കുവാൻ വത്രു
നിശയിൽ പാലപ്പൂമണമായ് നീവത്രു
വിഷകലുഷമെൻ സിരകളിൽ ശോണാ–
രുണന്റെ ശോഭയായുദിച്ചു നീവത്രു...
എവിടെ നിൻ കാളക്കുളമ്പടി? മൃതീ
എവിടെയീ ഗുഹാകവാട ഗർജ്ജനം
വത്രു–
കഴുകന്മാർ ചിറകടിക്കുമീ
ഇരുട്ടിൻ താഴ്‌വര ക്ഷണിക്കുന്നു വത്രു...

---

ദാ വരുന്നു തന്റെ യുക്തികൾ. മുടന്തൻ ന്യായങ്ങൾ. നിങ്ങൾ എന്തിനീ നാവിട്ടടിക്കുന്നു. നാം സാഹിത്യപരിപാലകൻ. എന്നും ഇന്നും. പരമ്പരാഗതമായി ഞങ്ങളുടെ രാജസദസ്സുകൾ സാഹിത്യ-ശാസ്ത്ര പണ്ഡിതന്മാരുടെ കേളീരംഗമാണ്. മ്ഊം?

ശശാങ്കൻ—മ്ഉം.

രാജാവ് പെട്ടെന്ന് ക്രുദ്ധനായി.

ഹേയ്. സംസാരിക്കണമെന്നില്ല. തന്റെ തലയും ശിലയും എനിക്കു തുണസമാനമാണ്.

ശശാങ്കൻ ചിരിയടക്കി.

രാജാവിനു തുടരാതിരിക്കാൻ കഴിഞ്ഞില്ല—നിങ്ങൾ സമ്മതിച്ചില്ലെങ്കിലും നമ്മുടെ ജനം സമ്മതിച്ചുകൊള്ളും. ഒരു കാര്യം നാം വീണ്ടും ഓർമ്മപ്പെടുത്തുന്നു. നിങ്ങൾ എന്തെല്ലാം പറഞ്ഞാലും പ്രവർത്തിച്ചാലും ജനം...ജനം

മന്ത്രി—എന്റെ പക്ഷത്തുണ്ട്.

മന്ത്രി ഇതു പറഞ്ഞയുടൻ സദസ്സിനു പുറത്തുനിന്ന് ഭയങ്കരമായൊരു ഇരമ്പൽ കേട്ടു. രാജാവ് കുടുകുടാ വിയർത്തു. പരിസരബോധം വിട്ട തിരുമനസ്സ് മന്ത്രി പറഞ്ഞതു് ആവർത്തിച്ചു—ജനം മന്ത്രിയുടെ പക്ഷത്തുണ്ട്.

രാജാവിന്റെ ജനം കയ്യടിച്ചില്ല.

മന്ത്രി ചിരിച്ചില്ല.

സഭ പിറേറന്നാളേക്കു നീട്ടിവെച്ച് പെട്ടെന്നു പിരിയുമ്പോൾ ശശാങ്കൻ എന്ന സാഹിത്യകാരൻ പൊട്ടിച്ചിരിക്കുകയായിരുന്നു—കൂടുതൽ ഉച്ചത്തിൽ. കൂടുതൽ ആവേശത്തിൽ.

# കാല്പനികത ഉള്ളൂർക്കവിതയിൽ

പി. യു. വർക്കി

എ. ആറിലൂടേയും വി. സി.യിലൂടേയും തളിരിട്ട കാല്പനികയുഗത്തിന്റെ വളച്ച് വികസ്വരമാകുന്നതു് കവിത്രയത്തിലൂടെയാണ്. ഇവർ റൊമാന്റിക്കുകളാണെന്നു പറഞ്ഞാൽ അതേപടി അംഗീകരിക്കാൻ വിഷമമുള്ളവരുണ്ടാകാം. എന്തായാലും വാദമുഖങ്ങളിലേക്ക് കടക്കുന്നില്ല. മൂവരും മലയാളകവിതയെ പൂർവ്വസ്ഥിതിയിൽനിന്നും ബഹുദൂരം മുന്നോട്ടു കൊണ്ടുപോയിട്ടുണ്ടെന്നതു് തീർച്ച. വെൺമണിനമ്പൂതിരിമാർക്കും കൊടുങ്ങല്ലൂർ തമ്പുരാക്കന്മാർക്കും അവരുടെ അനുയായികൾക്കും എത്തിച്ചേരാനാകാത്ത അകലങ്ങളിലേക്ക് അവർ സഞ്ചരിച്ചുവെന്നതു് നിഷേധിക്കുക വയ്യ. പക്ഷെ, ആശാനും ഉള്ളൂരും വള്ളത്തോളുമെല്ലാം പ്രയാണമാരംഭിച്ചതു് ക്ലാസ്സിസിസ്സത്തിന്റെ അറകളിൽ നിന്നുമാണ്. അവർ എത്തിച്ചേരാനാഗ്രഹിച്ചതു് റൊമാന്റിസിസത്തിന്റെ വിശാലഭൂമിയിലും. അവർ പരിവർത്തനത്തിന്റെ ശംഖവാദകരായിരുന്നു. അവർ പ്രേമത്തെക്കുറിച്ചു പാടി; ദേശാഭിമാനത്തെക്കുറിച്ചു പാടി; പ്രകൃതിയെക്കുറിച്ചു പാടി. മരണവും തത്വചിന്തയും പാരമ്പര്യവുമൊക്കെ അവരുടെ പ്രതിപാദ്യവിഷയങ്ങളായി. ആ പ്രതിപാദ്യങ്ങളിൽ പലതും മലയാളകവിതയിൽ അചുംബിതങ്ങളായിരുന്നുവെന്നതാണ് അവരുടെ നേട്ടം.

പ്രാരംഭമായിട്ടിത്രയും പറഞ്ഞശേഷം നാം ഉള്ളൂർക്കവിതകളുടെ ആഴത്തിലേക്കിറങ്ങുകയാണ്, കാല്പനികതയുടെ അംശങ്ങൾ അവിടെയെത്രത്തോളം ഉണ്ടെന്നറിയാൻ. രൂപത്തിലും വർണ്ണനകളിലും ശ്രദ്ധപതിപ്പിക്കുന്ന ക്ലാസ്സിക്സങ്കേതങ്ങളെ വിട്ട് കാവ്യഭാവനയെ കൂടുതൽ സ്വതന്ത്രമാക്കി വിടുകയും ആശയത്തിനും വികാരാവിഷ്കരണങ്ങൾക്കും പ്രാമുഖ്യം നല്കുകയും ചെയ്യുന്ന കവിതാപദ്ധതിയിലേക്ക് മലയാള കവിത മുഖം തിരിക്കണമെന്ന് ആഹ്വാനം മുഴക്കിയവരുടെ മുൻപന്തിയിൽ ഉള്ളൂരിനെ കാണാം. കാല്പനിക പ്രസ്ഥാനത്തിന്റെ പടഹധ്വനികൾ അവിടെയാരംഭിക്കുന്നു. പഴയ പ്രമാണങ്ങൾ പലതും ധിക്കരിക്കപ്പെട്ടു. ഖണ്ഡകാവ്യങ്ങളിലൂടെ റൊമാന്റിക്പ്രസ്ഥാനത്തിന്റേതായ പുതിയ ചൈതന്യബോധവും സൗന്ദര്യധാരയും മലയാളത്തിൽ വളരാൻ തുടങ്ങി.

ആശാനോടും വള്ളത്തോളിനോടുമൊപ്പം പ്രശസ്തനും സമകാലികനുമായിരുന്ന മഹാകവി ഉള്ളൂർ 'ഉമാകേരള'ത്തിനു ശേഷം അദ്ദേഹമെഴുതിയ കവിതകളെല്ലാം തന്നെ സമാഹാരങ്ങളായി പ്രകാശിപ്പിക്കപ്പെട്ടിട്ടുണ്ട്. അരുണോദയം, താരഹാരം, കിരണാവലി, രത്നമാല, മണിമഞ്ജൂഷ, ഹൃദയകൗമുദി, തരംഗിണി, കല്പശാഖി, അമൃതധാര, ദീപാവലി, ചിത്രശാല, തപ്തഹൃദയം എന്നിവയാണ് സമാഹാര ഗ്രന്ഥങ്ങൾ. ഇവയെക്കൂടാതെ കർണ്ണഭൂഷണം, പിംഗള, ഭക്തിദീപിക എന്നീ ഖണ്ഡകാവ്യങ്ങൾ കൂടിച്ചേർത്താൽ ഉള്ളൂരിന്റെ അനന്തരകാലകൃതികൾ ഏതാണ്ടു പൂർണ്ണമായി. വികാരങ്ങളുടെ വേലിയേറ്റത്തെക്കാൾ ഗഹനങ്ങളായ വിചാരങ്ങളാണ് ഉള്ളൂർക്കവിതകളുടെ പ്രത്യേകത. പുനർനിർമ്മാണാത്മകമായ സർഗ്ഗശക്തിയാണവിടെ നിറഞ്ഞുനില്ക്കുന്നതു്.

മലയാളസാഹിത്യത്തിൽ റൊമാന്റിക് കാലഘട്ടത്തിലെ ഏററവും വാചാലനായ കവിയായിട്ടു് ഉള്ളൂരിനെ കാണാമെന്നു തോന്നുന്നു. റൊമാന്റിസിസത്തിന്റെ കാററിൽനിന്നു ഒഴിഞ്ഞുനില്ക്കാൻ അദ്ദേഹത്തിനു് കഴിഞ്ഞില്ല. ഒരു കാലത്തു് അനുപേക്ഷണീയമെന്നു് താൻ കരുതിപ്പോന്ന ദ്വിതീയാക്ഷരപ്രാസം പോലും ജനാഭിരുചിയനുസരിച്ചു് മാറേറണ്ടതായി തോന്നിയ ഉടനെ അതുപേക്ഷിക്കാൻ അദ്ദേഹം തയ്യാറായി. മതിയും അറുതിയുമില്ലാത്ത വിധത്തിൽ ഉല്ലേഖകല്പന ചെയ്യാനുള്ള കഴിവു് ഉള്ളൂരിന്റെ മാത്രം പ്രത്യേകതയാണു്. ആർഷസംസ്കാരത്തിന്റെ ആരാധകനും ക്ലാസ്സിക് സങ്കേതരീതിക്കു് വിധേയനുമായിരുന്ന ഉള്ളൂർ കാലഘട്ടത്തിന്റെ പ്രവണതകൾ കണക്കിലെടുത്തു് പ്രയത്നപൂർവ്വം റൊമാന്റിക്കായി മാറിയെന്നു പറയുകയാവും ശരി. ഒന്നു് വ്യക്തമാണു്, ആശാനും വള്ളത്തോളും വിഹരിച്ചിടത്തെല്ലാം തന്റേതായ കാല്പാടുകൾ പതിക്കുവാൻ മഹാകവി ഉള്ളൂരും ശ്രദ്ധിച്ചിട്ടുണ്ടു്.

റൊമാന്റിസിസം ഒരു തരം രോഗമാണെന്നു് വിശ്വസിക്കുന്നവരുണ്ടു്. (Romanticism is a disease and classicism is health—Goethe). ആ അർത്ഥത്തിൽ ഒരിക്കലും ഉള്ളൂരിനെ കാണാനാവില്ല. അദ്ദേഹത്തിന്റെ കവിതകളിൽ വികാരങ്ങൾ ഉദ്ദാമങ്ങളോ, ചപലങ്ങളോ ആകാറില്ല. അന്തർമുഖത്വം വളരെയൊന്നും അദ്ദേഹത്തെ സ്വാധീനിച്ചതായും കാണുന്നില്ല. അജ്ഞേയമായ ഒരസ്വാസ്ഥ്യത്തിന്റെ പിടിയിൽപെട്ടു് വിഹ്വലമായി ഉഴറുന്ന മനുഷ്യാത്മാവു് അദ്ദേഹത്തിന്റെ കഥാപുരുഷനായിരുന്നിട്ടില്ല. ശാലീനവും ഉദാരവുമാണു് ആ ഭാവനാപ്രപഞ്ചം. അതിന്റെ സീമകൾ സുനിയതങ്ങളുമാണു്. രൂപരചനയെ സംബന്ധിച്ചിടത്തോളം പ്രധാനമായും സംസ്കൃതദ്രാവിഡവൃത്തങ്ങളുടെ നാലതിരുകൾക്കുള്ളിൽ ഉള്ളൂർ ഒതുങ്ങിക്കഴിയുകയാണുണ്ടായതു്.

മഹാകവി ഉള്ളൂർ ഒരു റൊമാന്റിക്കായിരുന്നുവോ? 'അതെ'യെന്നോ, 'അല്ലാ'യെന്നോ തീർത്തു പറയുക എളുപ്പമല്ല. എന്തായാലും റൊമാന്റിസിസത്തിന്റെ വെളിച്ചം അവിടെ പരന്നിട്ടുണ്ടെന്നതു് തീർച്ച. പക്ഷേ, ക്ലാസ്സിസിസത്തിന്റെ ബലിഷ്ഠമായ അടിത്തറയിലാണതു് പടുത്തുയർത്തിയിരിക്കുന്നതു്. ഈ വസ്തുതയെ ആസ്പദമാക്കിയാണു് ഉള്ളൂർ പരിവർത്തനഘട്ടത്തിന്റെ പ്രതിനിധിയാണെന്നു് പറയുന്നതു്. ഈ പരിവർത്തനഘട്ടം കൂടുതൽ കാല്പനികതയോടാണു് ബന്ധം പുലർത്തുന്നതെന്നു് പറയേണ്ടിയിരിക്കുന്നു. സർഗ്ഗശക്തി പഴയ സങ്കേതങ്ങളെ വിട്ടു് പുതിയ സരണികൾ തേടിപ്പോയപ്പോഴും ക്ലാസ്സിസിസത്തിന്റെ മൂല്യ പ്രവണതകളിൽനിന്നു് പൂർണ്ണമായി അകന്നുനില്ക്കാൻ ഉള്ളൂരിനു് കഴിഞ്ഞില്ല. ക്ലാസ്സിസിസമാകുന്ന കേന്ദ്രബിന്ദുവിൽ കാലുറപ്പിച്ചുകൊണ്ടു് ഒരു നിശ്ചിത വ്യാസത്തിൽ കറങ്ങുകയും ആ നിശ്ചിത പരിധിക്കുള്ളിൽ പുതിയ വലയങ്ങൾ സൃഷ്ടിക്കുകയുമാണു് അദ്ദേഹം ചെയ്തതു്. ഈ പശ്ചാത്തലത്തിലാണു് ഉള്ളൂർക്കവിതകളിലെ കാല്പനികഭാവങ്ങളെ നാം വിലയിരുത്തുക.

## പറന്നുയരുന്ന കാൽപനിക ഭാവന

ആന്തരികമായ ഏകാന്തതയിലും ആത്മശക്തികളുടെ ഏകാന്തതയിലും അനുഭവവേദ്യമാകുന്ന സഹജജ്ഞാനം കലാത്മകമായ പ്രവർത്തനത്തിനു് നിദാനമായി വർത്തിക്കുന്നുവെന്നതാണു് തത്വചിന്തകരുടെ മതം. അപ്പോൾ ഉണ്ടാകുന്ന ഉൾക്കാഴ്ചകൊണ്ടാണു് ഒരു മഴത്തുള്ളിയിൽ മഹാപ്രപഞ്ചവും, കാട്ടുപൂവിൽ സ്വർഗ്ഗവും, നിമിഷത്തിൽ നിത്യതയും കാണാൻ കാല്പനികർക്കു കഴിയുന്നതു്. സങ്കല്പത്തിന്റെ മഹോന്നതമേഖലകളിലൂടെ ഉള്ളൂരിന്റെ കാവ്യഭാവന ചിറകുവിടർത്തി പറന്നപ്പോൾ കൂപവും സമുദ്രവും, പുല്ലും പുഴയും, മഴത്തുള്ളിയും മഞ്ഞുതുള്ളിയും, തുമ്പപ്പൂവും തൈമാവും മറ്റും വാസ്തവിക പ്രപഞ്ചത്തിന്റെ സാധാരണ വസ്തുക്കളായിരുന്നില്ല. അവയ്ക്കു് പിന്നിൽ ഒരു വലിയ ആശയപ്രപഞ്ചത്തെ കെട്ടിയുയർത്താൻ കവിക്കു് കഴിഞ്ഞു. ഉദാഹരണത്തിനു് കൂപാലാപം എന്ന കവിതയെടുക്കാം. സാധാരണയായി കിണററിൽനിന്നും വെള്ളം കോരിയെടുക്കുന്നവർ കിണററിനെപ്പററി വളരെയൊന്നും ചിന്തിക്കാറില്ല. എന്നാൽ ഭാവനാസമ്പന്നനായ കവി സാധാരണക്കാരനു് കാണിച്ചുകൊടുക്കുന്ന കൂപത്തിനു് ചില സവിശേഷതകളുണ്ടു്. വെള്ളമെടുക്കുന്നതിനായി തന്നെ സമീപിക്കുന്ന കുംഭത്തെ എത്ര ഹൃദ്യമായിട്ടാണു് കൂപം സ്വീകരിച്ചാദരിക്കുന്നതു്! വശ്യസുന്ദരമാണാ പുഞ്ചിരി. കുംഭത്തെപ്പോലെയുള്ള ധന്യന്മാരെ കാണുന്നതിനും ആവശ്യമുള്ള ജലമാത്രയും നല്കി സംതൃപ്തരാക്കി യാത്രയാക്കുന്നതിലുമാണു് കൂപത്തിന്റെ ആനന്ദം അതുതന്നെ ജീവിതത്തിന്റെ നിർവൃതിയും. അത്ഭുതകരമായ സങ്കല്പങ്ങളെക്കൊണ്ടു് ഭാവസുന്ദരമാക്കിയിട്ടുള്ള ഒരു കവിതയാണു് കൂപാലാപം.

മുതലാളിവർഗ്ഗത്തിന്റെ ചൂഷണത്തിനടിപ്പെട്ടുപോയ ദരിദ്രലക്ഷങ്ങളുടെ പ്രതീകമാണു് 'വിചാരധാര'യിലെ നീലിപ്പുലക്കള്ളി. തലയിൽ പുല്ലുകെട്ടും ചുമന്നുവരുന്ന ഒരു അധഃകൃത കന്യകയെ കണ്ടിട്ടു് ഹൃദയസമ്പന്നനായ ഒരു [illegible]ണ്ടാകുന്ന വികാരവിചാരങ്ങളെ അവൾ സ്വന്തം പൈതലിനു് വെളിപ്പെടുത്തിക്കൊടുക്കുന്നതാണു് 'വിചാരധാര'യിലെ പ്രതിപാദ്യം. ആശാനും വള്ളത്തോളും ചെയ്തതുപോലെ സാമൂഹ്യപ്രശ്നങ്ങളെ കവിതാവിഷയമാക്കാനുള്ള ശ്രമം ഉള്ളൂരും ആരംഭിച്ചതിന്റെ സൂചനയാണീ കവിത. പക്ഷേ, അധഃകൃതാവസ്ഥയേയും ആദർശീകരിച്ചു് മനുഷ്യജീവിതത്തിന്റെ മാഹാത്മ്യത്തെ എടുത്തു കാണിക്കാനാണു് ഉള്ളൂർ ഇഷ്ടപ്പെട്ടതു്. ജീവിതത്തിന്റെ ഭാരവും പേറി, അസ്തിത്വത്തിന്റെ ചുട്ടുപഴുത്ത മണലാരണ്യത്തിലൂടെ നടന്നു നീങ്ങുന്ന നീലിപ്പുലക്കള്ളിയിൽ കർഷകത്തൊഴിലാളിവിഭാഗത്തിന്റെ ദുരവസ്ഥയോടൊപ്പം ഉയർന്ന കാല്പനിക ഭാവനയും നിഴലിച്ചു കാണാം.

"തടിച്ചപുൽക്കെട്ടു ശിരസ്സിലൊന്നു
താങ്ങിത്തളർന്നെത്തിടുമീ'ക്കിടാത്തി'
ത്തണത്തിലും തൻ നില താഴെയെന്നു
തീർത്തോതിടുന്നുണ്ടു ജനത്തൊടെല്ലാം".

'ഉരവൺ നരപ്പുഞ്ചിരിച്ചാർത്തോടുകൂടിയ സമുദ്രം' കവി ഭാവനയുടെ മുമ്പിൽ ആയിരമായിരം നൂതനസങ്കല്പങ്ങളുടെ വർണ്ണഭംഗി പരത്തുന്നതു് 'സമുദ്രോക്തി' എന്ന കവിതയിൽ കാണാം. വേറൊന്നു് 'പുല്ലിന്റെ ചൊല്ലു്' എന്ന കവിതയാണു്. മനുഷ്യന്റെ ക്രൂരമായ ചവിട്ടേററു് എന്നും കണ്ണീർ കുടിച്ചു കഴിയുന്ന പുല്ക്കൊടിക്കു് ഒട്ടേറെ കാര്യങ്ങൾ പറയാനുണ്ടു്. 'സുന്ദര പ്രഭാതങ്ങൾതോറും മേനിയിൽ പുത്തനായ മുത്തണി ചാർത്തിക്കൊണ്ടെന്നെ'പ്പോലെ ബാലസൂര്യൻ ഉദിച്ചുപൊങ്ങുന്നതു് വർദ്ധിച്ച ഉൾപ്രഹർഷത്തോടെയാണു് പുല്ക്കൊടികൾ കാണുന്നതു്. കൂപത്തെപ്പോലെതന്നെ പുല്ക്കൊടിയും സ്വജീവിതത്തെ അപരന്റെ സന്തോഷത്തിനായി സമർപ്പിച്ചിരിക്കുകയാണു്.

## ഉള്ളൂരിൻെറ അൽഭുതോപാസന

അത്ഭുതരസം റൊമാൻറിക് കവിതയുടെ സവിശേഷതകളിലൊന്നാണ്. കാല്പനികകവി മനസ്സാൽ അതിലോകത്തെ ചുഴിഞ്ഞിറങ്ങുകയാണ് ചെയ്യുന്നത്. കേവലം ഭാവനാപരമോ വ്യയപരമോ മാത്രം ആയ ഒരു പ്രവൃത്തിയല്ല ഇത്. പണ്ടു പരിചിതവും എന്നാൽ ഏറെക്കാലമായി മറന്നു കിടന്നിരുന്നതുമായ ഒരു പ്രകൃതിദൃശ്യത്തിൽ ചെന്നിട്ട് പെട്ടെന്ന് കണ്ണു തുറക്കുമ്പോൾ നാം അത്ഭുതപ്പെട്ടു പോകും. ഈ അത്ഭുതരസമാണ് റൊമാൻറിക് കവിതയുടെ ജീവനും വിശേഷതയും. മറ്റു വാക്കുകളിൽ പറഞ്ഞാൽ പ്രപഞ്ചത്തെ അത്ഭുതാത്മകമായി വീക്ഷിച്ചു നോക്കുക എന്നതു് കാല്പനിക ധർമ്മങ്ങളിലൊന്നാണ്. ശാസ്ത്രീയപ്രത്യക്ഷത്തിൻെറ പരിമിതികൾ അംഗീകരിക്കാൻ കൂട്ടാക്കാത്ത ഭാവന അത്ഭുതംകൊണ്ട് വിടർന്ന കണ്ണുകളോടെ വസ്തുക്കളുടെയും അനുഭവങ്ങളുടെയും അന്തരാത്മാവ് കണ്ടെത്തുന്നതിനു നടത്തുന്ന തീർത്ഥാടനമായിട്ടാണ് കാല്പനികകവികൾ സർഗ്ഗകർമ്മത്തെ പരിഗണിക്കുന്നതു്. അതുകൊണ്ട് 'അത്ഭുതത്തിന്റെ പുനർജന്മം' എന്ന ഒരു പേരുതന്നെ കാല്പനിക പ്രസ്ഥാനത്തിന് നല്കപ്പെട്ടിട്ടുണ്ട്. ഉള്ളൂർക്കവിതകളിൽ പലേടത്തും ഈ അത്ഭുതത്തിൻെറ പരിവേഷം പരക്കുന്നതു കാണാം. ജീവിതയാഥാർത്ഥ്യങ്ങളുടെ നിഗൂഢതകളിലേക്ക് ഒരു വിദ്യാർത്ഥിയുടെ ജിജ്ഞാസയോടെ അദ്ദേഹം മുങ്ങിത്തപ്പുകയും മുത്തുമണികൾ കണ്ടെടുക്കുകയും ചെയ്തു. ഉദാഹരണമായി 'താരാഹാര'ത്തിലെ 'മഴത്തുള്ളി'യെന്ന കവിത പരിശോധിക്കാം. കല്പനാവ്യാപാരം ഏററവും ഉയർന്ന രീതിയിൽ പ്രതിപാദിക്കുന്ന ഒരു കവിതയാണ് 'ഒരു മഴത്തുള്ളി'. വായിച്ചു പോകുന്തോറും വായനക്കാരനിൽ ഒരു പൊന്മഴയുടെ പ്രതീതി ജനിപ്പിക്കാൻ തക്കവിധം ഗഹനഗംഭീരമായിട്ടുണ്ട് ഈ കവിത.

"നീയൊരു സന്താന മരത്തിൽനിന്നു
ഞെട്ടററുവീഴും മലർ മൊട്ടുപോലെ
മന്ദാകിനീ സൈകതഭൂവിൽനിന്നു
പതിക്കുമന്ന ചെറു മുത്തുപോലെ
.......................................
.......................................
സ്ഥാനം പിഴച്ചുംബര വീഥിവിട്ടു
താഴത്തിറങ്ങും പുതുതാരപോലെ
പുണ്യക്ഷയത്തിൽ ത്രിദിവം ത്യജിച്ചു
ഭൂലോകമെത്തും സുമനസ്സുപോലെ"

സാധാരണ നിസ്സാരമെന്ന നിലയിൽ നാം തള്ളിക്കളയുന്ന ഒരു ക്ഷണികവസ്തുവിൻെറ സൗന്ദര്യത്തെ ആവിഷ്കരിക്കാനും അതിലൂടെ മനുഷ്യജീവിതത്തിൻെറ അഗാധഗഹ്വരങ്ങളിലേക്ക് അനുവാചകർക്ക് ഉൾക്കാഴ്ച നല്കാനും കവി നടത്തുന്ന പരിശ്രമമാണ് ഇവിടെയുള്ളത്. ആകാശത്തിൽ നിന്ന് താഴേക്ക് പതിക്കുന്ന ഒരു മഴത്തുള്ളിയുടെ ഭാവിയെ എത്രയെത്ര സൗന്ദര്യപ്രതീകങ്ങളുമായാണ് ഉള്ളൂരിൻെറ ഭാവന ഉപമിക്കുന്നത്. 'വീണപൂവി'ൽ ആശാൻ ചെയ്തതുപോലെ 'മഴത്തുള്ളി'യിലൂടെ ഉള്ളൂർ മനുഷ്യജീവിതത്തെ ആലേഖനം ചെയ്യാൻ യത്നിച്ചു. ആ മഴത്തുള്ളിയെ ഗർഭം ധരിച്ച കാർമേഘത്തിൻെറ അനുഭവം എത്ര ദയനീയമല്ല! മാതൃസമീപത്തു് തങ്ങാതെ അതു് താഴേക്ക് പതിക്കുകയല്ലേ ചെയ്യുന്നത്? പുത്രവിയോഗത്താൽ 'മിന്നൽപ്പിണർ കാപ്പണിയും കരങ്ങൾ' നീട്ടി കേഴുന്ന കാർമേഘത്തിൻെറ വിലാപം ഏതൊരു മാതാവിനാണ് താങ്ങാൻ കഴിയുക! കല്പനാസുന്ദരമായ ഒരത്ഭുതലോകത്തിലെത്തിയാലുള്ള അനുഭൂതിയോടുകൂടി മാത്രമേ 'ഒരു മഴത്തുള്ളി' വായിച്ചുതീർക്കാൻ കഴിയൂ.

നവ്യമായ ഒരു സൗന്ദര്യത്തെ ആവിഷ്കരിക്കുകയും ശാശ്വതമായ, നിത്യനൂതനമായ ആനന്ദത്തെ പ്രദാനം ചെയ്യുകയുമാണ് കാല്പനികകവികളുടെ സ്വഭാവം. ഇന്ദുപ്പൂവിൻെറ മനംകുളിർപ്പിക്കുന്ന കാന്തികളും കണ്ട് മതിമറന്ന കവിയുടെ ഹൃദയത്തുടിപ്പുകളാണ് 'ഇന്ദുപ്പൂവ്' എന്ന കവിതയിൽ. വളർന്നുവന്ന തേന്മാവിൻതൈ കണ്ടപ്പോൾ കവിയുടെ ചിന്താമണ്ഡലത്തിലുദിച്ചുയർന്ന വിചാരങ്ങൾ ആദർശപരവും സങ്കല്പമാത്രസ്പൃഷ്ടവുമായ ഒരു ലോകത്തിലേക്ക് അനുവാചകരെ എത്തിക്കുന്നു. സമൂഹജീവിതത്തിന് പ്രാധാന്യം നല്കാതെ വ്യക്തികൾക്കും, വ്യക്തികളുടെ വികാരഭേദങ്ങൾക്കും പ്രാധാന്യം നല്കുകയാണ് കാല്പനിക കവികൾ മുഖ്യമായും ചെയ്യുന്നത്. എന്നാൽ മനുഷ്യൻെറ സമൂഹജീവിതത്തെ സാരമായി ബാധിക്കുന്ന മിക്കവാറും എല്ലാ പ്രശ്നങ്ങളെയും സൂക്ഷ്മമായും സമഗ്രമായും കവിതകളിലൂടെ അവതരിപ്പിക്കാനായിരുന്നു ഉള്ളൂർ പരിശ്രമിച്ചത്.

ജീവിതത്തെ ആദർശവൽക്കരിക്കയാണല്ലോ റൊമാൻറിക്കുകളുടെ സ്വഭാവം. സ്നേഹമാണ് ജീവിതത്തിൻെറ ആദിമധ്യാന്തങ്ങളെന്ന് ഉള്ളൂർ വിശ്വസിച്ചിരുന്നു. പ്രപഞ്ചവ്യാപിയായ സത്യം സ്നേഹമാണ്—എന്ന തുടക്കത്തിൽനിന്ന് സ്നേഹവ്യാഹതി മരണമാണെന്നും, സാമൂഹ്യോൽക്കർഷത്തിനുള്ള പരമോപാധി സ്നേഹം മാത്രമാണെന്നുമുള്ള രഹസ്യാത്മകസങ്കല്പങ്ങളിലേക്ക് അദ്ദേഹം എത്തിച്ചേർന്നു. പ്രേമസംഗീതത്തിൽ അദ്ദേഹം പാടുന്നതു ശ്രവിക്കുക—

ഒരൊററ മതമുണ്ടുലകിന്നുയിരാം
പ്രേമ, മതൊന്നല്ലോ
പരക്കെ നമ്മെ പാലൂട്ടും
പാർവ്വണ ശശിബിംബം.—

ലാളിത്യം, സൗന്ദര്യം തുടങ്ങി കാൽപനികത്വത്തിന് രൂപംകൊടുക്കുന്ന സവിശേഷതകൾ പലതും അലിഞ്ഞുചേർന്നിട്ടുള്ള ഈ കവിത മഹാകവി ഉള്ളൂരിൻെറ 'മാസ്റ്റർ പീസ്' ആയി പരിഗണിക്കാം. വിശ്വം മുഴുവൻ നിറഞ്ഞുനില്ക്കുന്ന വിശാലമായ പ്രേമാദർശത്തിൻെറ അന്തർധാരകളിലേക്ക് അദ്ദേഹത്തിൻെറ കാൽപനികഭാവന ഇറങ്ങിച്ചെന്നിട്ടുണ്ട്. ജാതി-മത-വർഗ്ഗ ചിന്തകൾകൊണ്ട് മലിനമാകാത്ത ഒരു ലോകത്തിൻെറ സൃഷ്ടിയായിരുന്നു വിശ്വപ്രേമത്തിൻെറയും സാഹോദര്യത്തിൻെറയും ഗായകനായിരുന്ന ഉള്ളൂരിൻെറ ലക്ഷ്യം. ഈ ആദർശവൽക്കരണം (idealisation) തുലോം പ്രീതികരമത്രെ.

ഉള്ളൂരിൻെറ പ്രേമസങ്കല്പങ്ങൾക്ക് മറെറാരു പ്രത്യേകത കൂടിയുണ്ട്. ലൗകികവും സാധാരണവുമായ പ്രേമത്തെക്കാൾ അലൗകികവും ആദ്ധ്യാത്മികവുമായ പ്രേമത്തെക്കുറിച്ച് പ്രപഞ്ചനം ചെയ്യാനാണ് അദ്ദേഹം ഇഷ്ടപ്പെട്ടത്. മറെറാരർത്ഥത്തിൽ പ്രേമത്തെ ആദർശവൽക്കരിക്കയായിരുന്നു ഉള്ളൂരിൻെറ ലക്ഷ്യം. 'താര' എന്ന കവിതയിലെ നായികയെ വീക്ഷിക്കുക. പതിവ്രതയായ അവൾ സുന്ദരിയും സുശീലയുമാണ്. പക്ഷേ, വിധിയുടെ അപ്രതിഹതമായ ആക്രമണത്തിൽ നിന്നും അവൾക്ക് രക്ഷപ്പെടാൻ കഴിഞ്ഞില്ല. ഭയങ്കരമായ മസൂരിരോഗത്താൽ അവളുടെ ശരീരത്തിൻെറ കലയും കാന്തിയും എന്നേക്കുമായി നഷ്ടപ്പെട്ടു. സ്ത്രീയെ സുന്ദരമായ ഒരു കളിപ്പാട്ടമായി മാത്രം കാണാൻ കഴിയുന്ന ഒരു സമൂഹത്തിൽ ഇനിയവൾക്ക് സ്ഥാനമില്ല. ഭാവിയിൽ തൻെറ ഭർത്താവിനെ സന്തോഷിപ്പിക്കാൻ തനിക്കാവില്ലെന്ന് അവൾ ഭയത്തോടെ ഓർത്തു. എന്നാൽ, തൻെറ ഭയാശങ്കകളെല്ലാം അസ്ഥാനത്തായിരുന്നെന്ന് വളരെ വേഗം അവൾക്കു മനസ്സിലായി. കാലത്തിന് ക്ഷതമേൽപ്പിക്കാനാവാത്ത ആന്തരിക

സൗന്ദര്യത്തിനും സ്നേഹത്തിനുമാണ് താൻ മൂല്യം കൽപ്പിക്കുന്നതെന്ന് ഒരിക്കൽ പ്രേമപൂർവ്വം അവളെ അറിയിക്കുന്നതോടെ താരു് പുനർജന്മം ലഭിച്ചതുപോലെയായി. പ്രേമത്തിന്റെ സഹായിയായ ഭാവഭേദങ്ങളെക്കുറിച്ച് രചിക്കപ്പെട്ടിരുന്ന ഈ കവിതയിലും കാൽപ്പനികതയുടെ നിഴൽ പരന്നിട്ടുണ്ടെന്നു പറയാം.

## ജീവിതത്തോടുള്ള റൊമാൻറിക് സമീപനം

കാൽപ്പനിക കവികളുടെ കാവ്യരചനയോട് ശ്രമം കലയിലുള്ള താല്പര്യത്തിൽ നിന്നല്ല. ജീവിതത്തിലുള്ള താത്പര്യത്തിൽനിന്നാണ് എന്ന സ്കോട്ട് ജയിംസിന്റെ അഭിപ്രായം ഉള്ളൂർക്കവിതകളെ സംബന്ധിച്ച് പൂർണ്ണമായും അന്വർത്ഥമാണെന്നു പറയാം. ആദ്യം തത്വചിന്ത, പിന്നീടതിന്റെ ആവിഷ്കാരമായ കവിത എന്ന ബ്രൗണിംഗിന്റെ തത്വവും ഉള്ളൂരിൽ പ്രകടമായി കാണാം. വീക്ഷണത്തിൽ തമ്മിലുള്ള ഐക്യവും സാദൃശ്യവും പരിഗണിക്കുമ്പോൾ ബ്രൗണിംഗിനോടാണ് ഉള്ളൂരിന് കൂടുതൽ ബന്ധമെന്ന് തെളിയുന്നു. 'How goods in man's life, the mere living'—എന്നാണ് ബ്രൗണിംഗ് അഭിപ്രായപ്പെടുന്നത്. ദുസ്സഹമായ ദുഃഖങ്ങളിലും ജീവിതത്തെ വെറുക്കുവാൻ ഉള്ളൂരിന് കഴിഞ്ഞില്ല. എന്നാൽ വിസ്മരിക്കാനാവാത്ത മറ്റൊരു പ്രത്യേകത കൂടി ഉള്ളൂർക്കവിതകൾക്കുണ്ട്. ആധ്യാത്മികത്തിന്റെ ഔന്നത്യത്തിൽ ജീവിതത്തിന്റെ വിലകല്പിക്കുവാനാണ് ആ സാഹിതീകൻ ആശിച്ചത്.

യുക്തിയുടെയും ഭാവനയുടെയും പിൻബലത്തോടുകൂടി പുതുമയുള്ള ജീവിതതത്വങ്ങളാവിഷ്കരിക്കുന്നതിൽ മഹാകവി ഉള്ളൂർ ശ്രദ്ധിച്ചിരുന്നു. 'പ്രബോധനം' എന്ന കവിതയിൽ ജീവിതമരണങ്ങളെപ്പറ്റി അദ്ദേഹം പാടുന്നത് നോക്കുക:

ഇരുകതകുകളും കുറിയൊന്നിവയിൽ;
ഒരുവശം ജനി, മറുവശം മൃതി;
ഇതിനിതിലൊന്നും, മറ്റു മറ്റൊന്നും–
മിതമില്ലിന്നില വഴി സമരസി—രണ്ടു

വാതിലുകളുള്ള കുറിയാണ് ഭൂമി. അവ രണ്ടും തുറന്നിട്ടിരിക്കുകയാണ്. ഒന്നിലൂടെ അകത്തേക്കും, മറ്റേതിലൂടെ പുറത്തേക്കും നാം കടക്കുന്നു. ഇടയ്ക്കുള്ള നിമിഷനേര യാത്രയാണ് ജീവിതം. കാലത്തിന്റെ അനന്തതയാലോചിക്കുമ്പോൾ ജീവിതത്തെ ഇത്ര ഹ്രസ്വമായി പ്രദർശിപ്പിക്കുന്ന ഈ ആശയം സുന്ദരമായിട്ടുണ്ടെന്നു കാണാം. ജീവിതതത്വങ്ങൾക്ക് കാവ്യരൂപം നല്കുമ്പോഴെല്ലാം ഒരു ദാർശനികന്റെ വീക്ഷണശൈലിയാണ് ഉള്ളൂർ പുലർത്തിപ്പോന്നത്. ജീവിതത്തെ സ്വപ്നമായി രൂപണം ചെയ്തുകൊണ്ട് കവി പാടുന്നു–

ഏവർക്കും തർക്കിക്കാം? നമ്മുടെയീ
ജീവിതവും വെറും സ്വപ്നമല്ലീ
കണ്ണടയ്ക്കുമ്പോഴതുകിനാവും
കൺ തുറക്കുമ്പോഴതിക്കിനാവും
എല്ലുന്ന ചെറാതിൽ നിന്നതിന്
നില. മതല്ലാതെ മറ്റുണ്ടോ?

ഈ ആശയംതന്നെ ഉള്ളൂർ മറ്റൊരിടത്തും പ്രകടിപ്പിക്കുന്നുണ്ട്—

നാടകം ജീവിത മതൊരുന്ന–
ന്നാടകമെന്നതു കാണും സ്വപ്നം
എല്ലാം സത്യമായ് സ്വപ്നമാതം
കണ്ണുറക്കം വരേയ്ക്കുമാത്രം.

ജീവിതത്തിനും സ്വപ്നത്തിനും തമ്മിൽ ദൈർഘ്യത്തിൽ മാത്രമേ വ്യത്യാസമുള്ളൂ എന്ന് കവി സമർത്ഥിക്കുന്നു. കണ്ണടയ്ക്കുമ്പോൾ സ്വപ്നമുണ്ടാകുന്നു, കണ്ണു തുറക്കുമ്പോൾ ജീവിതവും. മഹാകവിക്ക് ജീവിതത്തെപ്പറ്റി വ്യക്തമായ ധാരണകളുണ്ടായിരുന്നുവെന്നതിന് അദ്ദേഹത്തിന്റെ കവിതകൾതന്നെ സാക്ഷി. എത്ര കാലം ജീവിച്ചുവെന്നതിനേക്കാൾ എപ്രകാരം ജീവിച്ചുവെന്നതിനാണ് അദ്ദേഹം പ്രാധാന്യം കല്പിച്ചത്.

ഞാനൊരു കല്ലാനപ്പാറയായ്
നില്ലേണ്ട
സൂനമായൊറ്റനാൾ വാണാൽ പോരും

—എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രാർത്ഥന.

## റൊമാൻറിസിസം കോവിലകത്തും പൂജാമുറിയിലും

ജന്മസഹജമായ കാല്പനികഭാവത്തിന്റെ മായാജാലംകൊണ്ട് കവികൾ പലപ്പോഴും പ്രത്യുപാസകരോ മതപ്രചാരകരോ ആയി മാറാറുണ്ട്. എന്തിന്? കാല്പനികതയെ ചിതറിപ്പോയ മതമെന്ന് വിശേഷിപ്പിച്ചിട്ടുണ്ടെന്ന് ഓർക്കുക. ഭക്തിയുടെ പേരിൽ നാം അവരെ ക്രൂശിക്കേണ്ടതില്ല. ഉള്ളൂരിനെ സംബന്ധിച്ചിടത്തോളം ഇതിനു ന്യായീകരണങ്ങളുണ്ട്. മഹാഭാരതത്തിലെ പൗരാണിക കഥാപാത്രങ്ങളുമായും അവരുടെ ആദർശജാലമായ മനോവിശേഷതകളുമായും താദാത്മ്യം പ്രാപിച്ചുപോയ കവിചേതനയ്ക്ക് ഈ ആരാധനാ മനോഭാവത്തിൽനിന്ന് വിട്ടുനില്ക്കാൻ കഴിഞ്ഞില്ല. ക്ലാസ്സിക്പാരമ്പര്യത്തിൽ അടിയുറച്ചുനിന്നുകൊണ്ടും റൊമാൻറിസിസത്തിലേക്കുള്ള എത്തിനോട്ടങ്ങളായിട്ടു മാത്രമേ അവയെ കണക്കാക്കാൻ കഴിയൂ. ഭക്തിയുടെ പരമപ്രാധാന്യത്തെ ആവിഷ്കരിച്ചുകൊണ്ട് ഉള്ളൂർ രചിച്ച 'ഭക്തിദീപിക' വർണ്ണോജ്ജ്വലങ്ങളായ മാധുര്യചിത്രങ്ങൾകൊണ്ട് വേണ്ടത്ര കാൽപ്പനികസ്വഭാവമുള്ള തേജോലങ്കൃതിയായി പരിശോഭിക്കുന്നു. വർത്തമാനകാലത്തെ വികലമെന്നു കണ്ട് ഭൂതകാലവിഭൂതികളിലേക്ക് കണ്ണയയ്ക്കുന്ന ഒരു കവിയെയാണ് ഇത്തരം കാവ്യങ്ങളിൽ നാം കാണുക.

സമൂഹത്തിലെ നീറുന്ന ദുരാചാരങ്ങളെപ്പറ്റിയുള്ള വിലാപത്തിൽ ഉള്ളൂരിന്റെ കാല്പനികഭാവന ചിറക വിടർത്തുന്നതു കാണാം:

മനുഷ്യന്മാർക്കുണ്ടുപോൽ
മനുഷ്യന്മാരെ തീണ്ടൽ
കാണുമോ ദുരാചാര-
കാഷ്ഠമൊന്നിതിൽപ്പരം.

ഉന്നതകുലജാതനായിരുന്നെന്ന പരമാർത്ഥം അനുസ്മരിക്കുമ്പോഴാണ് മേല്പുദ്ധരിച്ച വരികളുടെ അർത്ഥവ്യാപ്തി പൂർവ്വാധികം വ്യക്തമാവുക. അയിത്തത്തിനും അസ്പൃശ്യതയ്ക്കുമെതിരായ ആ തത്വചിന്ത ഭൂമിയുടെ മാതൃത്വത്തിലും മനുഷ്യന്റെ സഹോദര്യത്തിലും അടിയുറച്ചതായിരുന്നു. ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ ചരിത്രത്തിൽ വികാരവിവശനായി മുദ്രാവാക്യം മുഴക്കിയില്ലെങ്കിലും പാരതന്ത്ര്യത്തിന്റെ വേദന അദ്ദേഹത്തെ ആത്മദുഃഖത്തിന്റെ അഗാധതയിൽ ആഴ്ത്തിക്കളഞ്ഞു. പാരതന്ത്ര്യമെന്നു മരണത്തെക്കാൾ ഭയാനകമാണ് കാല്പനികർക്ക്. കൂട്ടിലടയ്ക്കപ്പെട്ട പൈങ്കിളിയെപ്പോലെ ബന്ധനത്തിന്റെ ഇരുമ്പഴികൾ ഭേദിച്ച് പുറത്തുകടക്കാൻ വെമ്പുന്ന മനുഷ്യാത്മാവിന്റെ തീവ്രമായ ആത്മദുഃഖം ഉള്ളൂരിന്റെ കവിതകളിൽ പ്രകടമായി കാണാം. നിത്യസത്യത്തിന്റെയും മാറാൻ മനസ്സില്ലാത്ത ധർമ്മസംഹിതകളുടെയും സമ്മർദ്ദത്തിൽനിന്ന് മോചനം നേടാനുള്ള ദാഹം ഉള്ളൂരിന്റെ മാത്രമല്ല, കാല്പനികതയുടെ പൊതുസ്വഭാവമാണ്. ഒരു നിരൂപകൻ പറഞ്ഞതുപോലെ, അതു ചി

റകകളെ മാത്രം സ്നേഹിക്കുന്നു. പുതിയ പച്ചപ്പുൽത്തട്ടുകളിൽ ഉള്ളൂരിന്റെ കാല്പനിക ഭാവന മേഞ്ഞു നടന്നു; അകലുന്ന ആകാശസീമകളിലേക്ക് അതു പറന്നുയരുകയും ചെയ്തു.

തീവ്രമായ ദുഃഖം കാല്പനികതയുടെ മുഖമുദ്രകളിലൊന്നാണ്. മഹത്തായ കവിതയ്ക്ക് ഉത്തേജനം നല്കുന്നതും എക്കാലവും ദുഃഖം തന്നെയാണ്. നിർദ്ദയനായ നിഷാദന്റെ ക്രൂരമായ അമ്പുമേറ്റ് പിടഞ്ഞു വീഴുന്ന ക്രൗഞ്ചമിഥുനങ്ങളിലൊന്നിനെ കണ്ട കവിയുടെ ഉൽക്കടമായ ദുഃഖത്തിൽ നിന്നുമാണല്ലോ ആദികാവ്യം ഉണ്ടായതു്. ഹൃദയത്തിന് ശാശ്വതശോഭയേകുന്ന ഒരനുഭവമാണ് ദുഃഖം. ജീവിതത്തെപ്പററിയും പ്രപഞ്ചരഹസ്യങ്ങളെക്കുറിച്ചും ഏറ്റവുമധികം അറിവുനല്കുന്ന സദ്ഗുരുവും ദുഃഖം തന്നെ. ദുഃഖമാണ് മനുഷ്യന്റെ അന്തശ്ചക്ഷുസ്സുകൾക്ക് ദർശനശക്തി പ്രദാനം ചെയ്യുന്നതു്. ആനന്ദം ലഹരി പിടിപ്പിക്കയേ ഉള്ളൂ. ആ ലഹരിയിൽ ആമഗ്നനാകുന്ന മനുഷ്യൻ സത്യദർശനത്തിന് പ്രാപ്തനാവുകയില്ല. ജീവിതത്തിലെ സുഖദുഃഖങ്ങളെക്കുറിച്ച് പ്രസ്താവിക്കുമ്പോഴെല്ലാം മഹാകവി ഒരു തികഞ്ഞ ദാർശനികന്റെ വേഷമണിയുന്നതു് കാണാം. സുഖവും ദുഃഖവും കണ്ണുനീരാണ്. എന്തെന്നാൽ-

ചെറ്റപ്പുരക്കുള്ളിൽ നുഴഞ്ഞുകേറി
ച്ചേർന്നു വസിക്കുന്നു സുഖം ചില
പ്പോൾ
പായുന്നു സൗധത്തിനകത്തു ദുഃഖം
പാറാവു നില്ക്കും ഭടർ കണ്ടിടാതെ.

ജീവിതത്തിന്റെ അസ്ഥിരത, നശ്വരത, കഷ്ടാരിഷ്ടതകൾ ഇവയെല്ലാം കാല്പനികമായ കാഴ്ചപ്പാടിലൂടെ നോക്കിക്കാണാനാണ് ഉള്ളൂർ ശ്രമിച്ചിട്ടുള്ളതു്. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ ലോകത്തിലെ പ്രതാപവും കീർത്തിയുമൊക്കെ വെറും നീർക്കുമിളകളാണ്. 'നീർപ്പോളയി ജീവിതം' എന്ന ആശാന്റെ ആശയങ്ങൾ തന്നെയാണ് ഉള്ളൂരിലും നാം കാണുക. ദൈവഹിതത്തിന്റെ അചഞ്ചലത, വിധിയുടെ അപ്രമാദിത്വം, മരണത്തിന്റെ അനിവാര്യത, പ്രകൃതിയുടെ ക്രൗര്യം തുടങ്ങിയവയെല്ലാം അദ്ദേഹത്തിന്റെ അന്തരാത്മാവിലും പ്രതിബിംബിക്കുന്നു. പക്ഷെ കരഞ്ഞുകരഞ്ഞു ജീവിതം കദനത്തിന്റെ കലവറയാക്കാൻ കവി ഇഷ്ടപ്പെടുന്നില്ല. വെറുതെ കണ്ണീർത്തുള്ള് പാഴ്മണ്ണിൽ വീഴ്ത്താൻ അദ്ദേഹം ആഗ്രഹിച്ചില്ല.

"എന്താണിവയിലനശ്വരം? അക്ഷയം?
എന്താണനാമയം? അപ്രകമ്പം?
കാണും വകയെല്ലാം തെറ്റുറപ്പു;
ലോകം-
ഉണ്ണിളകീടിന പാഴ്ക്കുമ്പാരം."

'എന്റെ സ്വപ്നം', 'ജീവിതവും സ്വപ്നവും', 'കരച്ചിലോ'— തുടങ്ങിയ കവിതകളെല്ലാംതന്നെ ദുഃഖത്തിനു നേരെയുള്ള കവിഹൃദയത്തിന്റെ സമീപനത്തെ വ്യക്തമാക്കുന്നവയാണ്. നശ്വരതയുടെ പിന്നിൽ അനശ്വരത കാണുന്ന ഉൾക്കാഴ്ചയാണ് ഉള്ളൂരിന്റെ നേട്ടം.

'പൂമ്പാററയോട്'' എന്ന കവിതയിൽ—

ജീവിതം സ്വപ്നമെന്നോർക്ക —
പക്ഷേ,
നീ വിലപിക്കുവതാമോ?
ആവില്ല, നീയറിവീലേ—നിന്റെ
ജീവിത പാരമ്യസാരം?

എന്നു ചോദിക്കുമ്പോൾ ജഗത്തിലെ കഷ്ടതയും കണ്ണീരും ശുദ്ധിസാധകമായിക്കരുതുവാനുള്ള കവിയുടെ ഹൃദയവിശാലതയാണ് നമുക്ക് ആദ്യം അനുഭവപ്പെടുന്നതു്. അസംസ്കൃതനും അയോഗ്യനുമായ തന്നെ ജഗദീശൻ സംസ്കരിച്ച് ധന്യമാക്കുന്നതിൽ അദ്ദേഹത്തിന് സന്തോഷമേയുള്ളൂ. അതുകൊണ്ടാണ് ജീവിതകഷ്ടാരിഷ്ടതകളുടെ തീച്ചൂളയിലിട്ട് കറകളഞ്ഞെടുക്കുന്നതിനെ കവി സഹർഷം സ്വാഗതം ചെയ്യുന്നതു്. സുഖദുഃഖങ്ങളുടെ രഹസ്യം ആഴത്തിൽ ഗ്രഹിച്ചിരിക്കുന്ന കവിക്ക് അവിരതമായ സുഖം വേണമെന്ന് നിർബ്ബന്ധമില്ല. മാത്രമല്ല, ഏകാന്തസുഖമായ ജീവിതത്തിലെ വാസം കവിക്ക് പൊറുക്കാൻ കഴിയുന്നതുമില്ല.

ആനന്ദവും സംതൃപ്തിയുമാണല്ലോ എന്നും മനുഷ്യൻ അന്വേഷിച്ചുകൊണ്ടിരിക്കുന്നതു്. സമ്പത്തിലും സമൃദ്ധിയിലും ശാശ്വതമായ സുഖം കണ്ടെത്തുമെന്ന് മനുഷ്യൻ കരുതിപ്പോന്ന കാലമുണ്ടായിരുന്നു. വ്യവസായവൽക്കരണത്തിനു ശേഷം ആ ധാരണയും മിഥ്യയാണെന്നു തെളിയിക്കപ്പെട്ടു. എങ്കിൽ പിന്നെ എവിടെയാണ് മനുഷ്യൻ ശാശ്വതമായ സുഖത്തെ കണ്ടെത്തുക? 'സുഖം സുഖം' എന്ന പ്രസിദ്ധമായ കവിതയിൽ മഹാകവി ഈ പ്രശ്നത്തിന് പരിഹാരം നിർദ്ദേശിക്കുന്നുണ്ട്.

പരമസുഖ പ്രാപകമിപ്രപഞ്ച-
പാഥേയമാകുന്ന പരോപകാരം.

പരോപകാരപ്രദമായ ജീവിതത്തിലല്ലാതെ മറെറാന്നിലും ശാശ്വതമായ സംതൃപ്തി കണ്ടെത്തുക സാദ്ധ്യമല്ല. ഈ നിഗമനത്തിലെത്താൻ അദ്ദേഹത്തിന് പ്രചോദനം നൽകിയതു് മഹാഭാരതമായിരിക്കണം. വിശ്വസാഹോദര്യത്തേയും മനുഷ്യമഹത്വത്തേയും കാല്പനിക പീഠത്തിൽ പ്രതിഷ്ഠിക്കാനുള്ള തീവ്രയത്നം ഉള്ളൂരിന്റെ കവിതകളിലുടനീളം കാണാം.

ഒരു മതം മതിയിനി പരസ്നേഹ-
മൊരുവർണ്ണമതി—മനുഷ്യസംജ്ഞകം.

പ്രമാണങ്ങളേക്കാൾ വലുതു് മനുഷ്യനാണെന്ന് അടിവരയിട്ട് വിശ്വസിക്കുന്ന ഒരു റൊമാൻറിക്കിനല്ലാതെ മറ്റാർക്കാണ് ഇപ്രകാരം പ്രഘോഷിക്കാൻ കഴിയുക!

## ഉപസംഹാരം

മലയാള സാഹിത്യത്തിൽ റൊമാൻറിസിസത്തിന്റേതായ ഒരു പുത്തൻ പുലരിപ്പിറപ്പിന് സാക്ഷ്യംവഹിച്ചവരിൽ ഒരാളെന്ന നിലയിൽ മഹാകവി ഉള്ളൂർ എന്നും പ്രകീർത്തിക്കപ്പെടും. ഉല്ലേഖഗായകനായ ഉള്ളൂരിനെ കാല്പനിക ചേരിയിൽ ചേർക്കുന്നതിനെ എതിർക്കുന്നവർ അദ്ദേഹത്തിന്റെ ആശയഗാംഭീര്യത്തെ കണ്ടറിയാൻ കെല്പില്ലാത്തവരോ, അതിനെ പിന്തുടരുവാൻ കഴിവില്ലാത്തവരോ ആണ്. വിദ്യാഭ്യാസത്തിന്റെ പ്രചാരംകൊണ്ടും ഫ്യൂഡൽ പാരമ്പര്യങ്ങളുടെ തകർച്ചകൊണ്ടും ഉയർച്ചയിലേക്ക് കാലൂന്നിക്കൊണ്ടിരുന്ന ജനവർഗ്ഗങ്ങളുടെ ഉൽക്കർഷേച്ഛയുടെ പ്രതീകമാകാൻ ഉള്ളൂർക്കവിതകൾക്ക് കഴിഞ്ഞുവെന്നതു് നിസ്തർക്കമാണ്. ആററാണ്ടുകളായി കവിത്വമില്ലാതിരുന്ന ശക്തിയും ഓജസ്സും മലയാള കവിതയ്ക്ക് നേടിക്കൊടുത്ത മഹാത്മാവും മററാരുമല്ല. ക്ലാസിസിസത്തിന്റെ തീരത്തുനിന്നുകൊണ്ട് കാല്പനികതയുടെ വിദൂര ചക്രവാളങ്ങളിലേക്ക് അദ്ദേഹത്തിന്റെ ആത്മാവും പറന്നുയർന്നു. ഒരൊററ ജീവിതത്തിൽ അനേക ജീവിതങ്ങൾകൊണ്ട് ചെയ്യാവുന്ന സാഹിത്യസേവനമായിരുന്നു ആ മെക്കെളികൻ നിർവ്വഹിച്ചതു്. ആ കാവ്യപ്രതിഭയുടെയും റൊമാൻറിക് ഭാവനയുടെയും മുമ്പിൽ നമുക്ക് സ്നേഹാദരങ്ങളോടെ വാടാമലരുകൾ അർപ്പിക്കാം.

# നോബൽസമ്മാനം:

## കഴിവുകൾക്കംഗീകാരമോ അർഹതയ്ക്കവഹേളനമോ?

സബാസ്റ്റ്യൻ ജോസഫ്

ജീവിതത്തിലെ പ്രധാനപ്പെട്ട കാര്യം കീഴടക്കലല്ല; പോരാടലാണ്. ഒളിമ്പിക്സിലെ കാതലായ കാര്യം വിജയിക്കലല്ല, പങ്കെടുക്കലാണ് എന്ന് ആധുനിക ഒളിമ്പിക്സിന്റെ പിതാവായി ഗണിക്കപ്പെടുന്ന ബാരൺ ദെ കുബെർട്ടിനും

കാനനം മോഹനം ശ്യാമളം ഗഹനം
വാഗ്ദാനമേറെ യെനിക്കു പാലിക്കണം.
നിദ്രയ്ക്കു മുമ്പേറെ നാഴിക താണ്ടണം
നിദ്രയ്ക്കുമുമ്പേറെനാഴികതാണ്ടണം.

എന്ന് വിശ്വോത്തരകവിയായ റോബർട്ട് ഫ്രോസ്റ്റും പറഞ്ഞുവച്ചിട്ടുണ്ട്. ജീവിതത്തിൽ പോരാടിക്കൊണ്ട് നിദ്രയ്ക്കുമുമ്പുതന്നെ നാഴികകൾ താണ്ടി ഈ മഹദ്വചനങ്ങളെ പ്രായോഗികമാക്കിയ മഹാത്മാക്കൾ എന്നും ഉണ്ടായിട്ടുണ്ട്. ഇവരുടെ മഹത്വത്തെ മാനിക്കുവാൻ മാനവവംശം എന്നും മടുപ്പില്ലാത്ത പ്രവണത കാട്ടിയിരുന്നു. ഈ പ്രവണതയാൽ സ്വാധീനിക്കപ്പെട്ട് ആൽഫ്രഡ് ബെർണാർഡ് നോബൽ എന്ന സ്വീഡിഷ് ശാസ്ത്രജ്ഞൻ തന്റെ കണ്ടുപിടിത്തമായ ഡയനാമിറ്റുകൊണ്ട് ശേഖരിച്ച അളവില്ലാത്ത പണം, അതിന്റെ കണ്ടുപിടിത്തംകൊണ്ട് നരവംശത്തിന് ഏല്പിച്ച കനത്ത നാശങ്ങൾക്ക് പരിഹാരമായി നോബൽസമ്മാനങ്ങൾ എന്ന പേരിൽ ഫിസിക്സ്, കെമിസ്ട്രി, ഫിസിയോളജി അല്ലെങ്കിൽ മെഡിസിൻ, സാഹിത്യം, സമാധാനം എന്നിവയിൽ മനുഷ്യവംശത്തിന് ഏറ്റവും കൂടുതൽ സംഭാവന ചെയ്ത മഹാന്മാർക്ക് വിതരണം ചെയ്യാൻ സ്വീഡനിലെ റോയൽ സ്വീഡിഷ് അക്കാദമി ഓഫ് സയൻസ് [Royal Swedish Academy of Science] ന് നല്കുകയും 1901 മുതൽ സമ്മാനങ്ങൾ വിതരണം ചെയ്തു തുടങ്ങുകയും ചെയ്തു. 1969 മുതൽ ധനതത്വശാസ്ത്രത്തിനും സമ്മാനങ്ങൾ ഏർപ്പെടുത്തി.

സമാധാന സ്രഷ്ടാക്കളെയും, മനുഷ്യകഥാനായകരെയും, ശാസ്ത്രപ്രമുഖരെയും അവരുടെ ചെയ്തികളിൽ കണ്ടറ്റ, അഭിനിവേശം ആവേശിപ്പിക്കുന്ന ലോകത്തിലെ ഏറ്റവും ശക്തിയുറ്റ മാദ്ധ്യമമായി മാറിയിരിക്കുകയാണ് നോബൽ സമ്മാനങ്ങൾ. കാന്തങ്ങൾ, കാന്തികവസ്തുക്കളെ മിശ്രിതങ്ങളിൽനിന്ന് തിരഞ്ഞെടുക്കുന്നതു പോലെ ഈ അവാർഡുകൾ ലോകപ്രതിഭകളെ തിരഞ്ഞെടുത്ത് ലോകസമക്ഷം അവരുടെ മഹത്വം കാട്ടിത്തരേണ്ടതാണ്. മഹാപ്രതിഭന്മാരെ തഴഞ്ഞുകൊണ്ട് സ്വന്തം കളിപ്പാവകൾക്ക് അംഗീകാരം നല്കുന്ന ഗർഹണീയമായ ഒരു രീതിയായി ഇന്നീ സമ്മാനങ്ങൾ മാറിയിട്ടുണ്ടോ? എന്നാലും ഇന്നും എല്ലാ വമ്പന്മാരും കൊലകൊമ്പന്മാരും, കഴുകൻ ശവത്തിനെന്നപോലെ, ഇത് കിട്ടാൻ അതിമോഹം കാണിക്കുകയും എന്നാൽ 'നാമൊന്നും അത് വാങ്ങാൻ യോഗ്യരല്ല' എന്ന് സ്വയം ഇടിച്ചുതാഴ്ത്തി പരിഹാസ്യരാക്കിക്കൊണ്ട് പിന്തിരിയുകയും ചെയ്യുന്നതെന്താണ്? തുകയിന്റെ വലിയ വ്യത്യാസങ്ങളും, ആഴിക്കപ്പുറവും ഇപ്പുറവും എന്നുള്ള വ്യതിയാനങ്ങളും, വിശ്വസിക്കുന്ന തത്വസംഹിതകൾ തമ്മിലുള്ള അന്തരവും നോബൽ വിഭാവനം ചെയ്ത കാഴ്ചപ്പാടിന് മങ്ങലേല്പിച്ചിട്ടുണ്ടോ?

സാഹിത്യത്തിൽ ഇതുവരെ നല്കിയ സമ്മാനങ്ങളെപ്പറ്റി വിചിന്തനം ചെയ്യുമ്പോൾ, സാഹിതീവല്ലഭന്മാരായ രവീന്ദ്രനാഥ് ടാഗോറും, സാമുവൽ ജെ. ആഗ്നോണും, യാസുനാരി കവാബാത്തയും, പേൾ എസ്. ബക്കും, ടി. എസ്. എലിയട്ടും, ബർട്രാൻഡ് റസ്സലും, ആൽബർട്ട് കമ്യൂവും, ഏണസ്റ്റ് ഹെമിംഗ്‌വേയും, ജീൻ പോൾ സാർത്രും, തോമസ് മന്നും, അലക്സാണ്ടർ സോൾഷെനിറ്റ്സണും, പാട്രിക് വൈറ്റും, സോൾബെല്ലോയും എല്ലാം നോബൽസമ്മാനങ്ങൾ ഏറ്റുവാങ്ങിയിട്ടുണ്ട് എന്ന് വ്യക്തമാകുന്നു. ശാസ്ത്രത്തിൽ യുഗപ്രതിഭകളെന്ന വിശേഷിപ്പിക്കപ്പെടുന്ന റൺജൻ, ഹെൻറി ബക്വറൽ, മാഡം ക്യൂറി, ജെ. ജെ. തോംസൺ, റുതർ

ഫോർഡ്, മാക്സ്പ്ലാങ്ക്, ആൽബർട്ട് ഐൻസ്റ്റയിൻ, ഫ്രെഡറിക് സോഡി, നീൽസ് ബോർ, ആസ്റ്റൺ, റോബർട്ട് ആൻഡ്രൂസ് മില്ലിക്കൺ, എർവിൻ ഷ്രോഡിൻജർ, വോൾഫ്ഗാംഗ് പോളി, സി വി. രാമൻ, ലിനസ് പോളിങ് എന്നിവരും നോബൽ സമ്മാനങ്ങൾ നേടിയവരാണ്. ഈ സാഹിത്യസമ്രാട്ടുകളും, ശാസ്ത്രകോവിദന്മാരും നോബൽസമ്മാനങ്ങൾ അർഹിക്കുന്നില്ലെന്ന് പറയുന്നതിൽ യുക്തിയുണ്ടോ? ആശയറ്റ മാനവരാശിക്ക് വെളിച്ചമായിത്തീർന്ന ഈ മഹാരഥന്മാർക്കുതന്നെ കഴിഞ്ഞ കാലങ്ങളിൽ സമ്മാനങ്ങൾ ലഭിച്ചു എന്നതു് അതിന്റെ സാധുത്വ് മാററു കൂട്ടുന്നു എന്നു് സ്പഷ്ടമാണ്.

കഴിവുകൾക്കംഗീകാരം നല്കാതെ മുഖം നോക്കി 'ഒരു പന്തിയിൽ രണ്ടു വിളമ്പു പോലെ' നോബൽസമ്മാനങ്ങൾ വിതരണം ചെയ്യുന്നു എന്നു് ശക്തമായ ഒരു ധാരണ റഷ്യൻ കോയ്മയുള്ള കമ്മ്യൂണിസ്റ്റുരാജ്യങ്ങളിലും, കറുത്തവരെ തഴയുന്നവെന്നും. അതിനാൽ പൗരസ്ത്യർക്ക് നോബൽസമ്മാനങ്ങൾ 'കൊച്ചുകുട്ടിക്കമ്പിളി അമ്മാവൻ പോലെ' അപ്രാപ്യമായിത്തീർന്നിരിക്കുന്നു എന്നു് പൗരസ്ത്യരാജ്യങ്ങളിലും അപവാദം പരന്നിട്ടുണ്ട്.

സാഹിത്യത്തിലുള്ള നോബൽസമ്മാനത്തിനു് റഷ്യയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവരെല്ലാം റഷ്യൻവിരോധികളാണെന്നതാണ് ഒരു ആരോപണം. ഈ ആരോപണം അർത്ഥവത്താണെങ്കിൽ നോബൽ സമ്മാനങ്ങളുടെ ഔചിത്യം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു എന്നു മാത്രമല്ല ഒരു കൂട്ടം ജനങ്ങളുടെ ആദർശസംഹിതകളെ ചോദ്യം ചെയ്യുകയും കൂടിയാണ് ഇതു വഴി എന്നു കാണാം.

പക്ഷേ തലയിൽ കളിമണ്ണിന്റെ അംശം കുറഞ്ഞവർ ഒന്നുകൂടി ചിന്തിക്കേണ്ടിയിരിക്കുന്നു. റഷ്യൻ വിരുദ്ധർ എന്ന പ്രയോഗം തന്നെ അമ്പേ തെററിദ്ധാരണാജനകമാണ്. 'റഷ്യൻ വിരുദ്ധർ' എന്നു് വർത്തമാനകാലത്തിലെ കമ്മ്യൂണിസ്റ്റ് നേതാക്കളാൽ വിശേഷിപ്പിക്കപ്പെട്ടവർ യഥാർത്ഥത്തിൽ റഷ്യൻ വിരുദ്ധരോ കമ്മ്യൂണിസ്റ്റു വിരോധികളോ അല്ല. നെഹ്റുവിനെ എതിർത്തു എന്ന കാരണത്താൽ രാജാജിയെയോ, ഇന്ദിരാഗാന്ധിയെ എതിർത്തു എന്ന കാരണത്താൽ കാമരാജിനെയോ 'ഇന്ത്യാ വിരുദ്ധർ' എന്നു് വിശേഷിപ്പിക്കാറില്ല. അവർ ഇന്ത്യയുടെ ആത്മാവിനു് ഹരിതനിറം നല്കുന്ന അംഗങ്ങളാണ്. ഇതുപോലെ ക്രെംലിനിൽ അഴിഞ്ഞാടുന്ന സ്വേച്ഛാധിപത്യത്തെ എതിർക്കുകയും വിമർശിക്കുകയും ചെയ്തതിനാണ് ഈ 'സാഹിത്യസമ്രാട്ടുകൾ' 'റഷ്യൻ വിരോധികളാ'യതു്. ഇങ്ങനെ നോക്കുമ്പോൾ ബോറിസ് പാസ്റ്റർനാക്കും, അലക്സാണ്ടർ സോൾഷെനിററ്സണും കമ്മ്യൂണിസ്റ്റുവിരോധികളാണെന്നു പറയുന്നതിൽ തന്നെ ഒരു വൈരുദ്ധ്യമുണ്ട്.

1970-ൽ ഏററവും നല്ല സാഹിത്യകാരനുള്ള അവാർഡ് റഷ്യക്കാരനായ അലക്സാണ്ടർ സോൾഷെനിററ്സിനു് നല്കി. സൈബീരിയൻ തുണ്ട്രകളിൽ മരിച്ചുകൊണ്ടു് ജീവിച്ചവരുടേയും, രാഷ്ട്രീയ പ്രതിയോഗികളെ ഒന്നും, രണ്ടും, മൂന്നും സർക്കിളുകളിൽ തടവുകാരാക്കുകയും, സ്വന്തം അമേധ്യവും, രക്തവും ഭക്ഷിക്കാൻ അവരെ നിർബ്ബന്ധിക്കുകയും ചെയ്യുന്ന ഒരു ഭരണകൂടത്തിന്റെ പുഴുത്തിരണ്ട അഴിമതികളുടേയും പേക്കൂത്തിന്റേയും ദുസ്സ്വാദു് സ്വയം അനുഭവിച്ചറിഞ്ഞു് ജനകോടികളുടെ കണ്ണീരിൽ സോൾഷെനിററ്സൺ വരച്ചിട്ടതു് ലോകസമക്ഷം അവതരിപ്പിച്ചു. അതിനു് ലോകം അംഗീകാരം നൽകിയതിൽ അസൂയയും, കലിയും, വ്യഥയും പൂണ്ട യഥാർത്ഥ റഷ്യൻ വിരുദ്ധർ ഹിപ്പോക്രസിയുടെ വേഷമിട്ട് സോൾ ഷെനിററ് സൺ ഒരു 'റഷ്യൻ വിരോധിയാണെന്നു്' പ്രഖ്യാപിച്ചു് പ്രചാരണം ആരംഭിച്ചു. എന്നാൽ 1965 കളിൽ കമ്മ്യൂണിസ്റ്റ് വിപ്ലവത്തെയും, കമ്മ്യൂണിസ്റ്റ് ഭരണത്തെയും പ്രകീർത്തിച്ചുകൊണ്ടും, സാർ ചക്രവർത്തിമാരുടെ ഭരണം കിരാതമെന്നു കൊട്ടിഘോഷിച്ചുകൊണ്ടും മിഖായേൽ ഷോളോഖോവ് എഴുതിയ 'ഡോൺ ശാന്തമായൊഴുകുന്നു' എന്ന റഷ്യൻ നോവലിനു് നോബൽസമ്മാനം ലഭിച്ച വിവരം ഈ പകപോക്കിവിമർശകന്മാർ മറന്നുപോയോ? ഷോളോഖോവിനു് നോബൽസമ്മാനം നൽകുക മാത്രമല്ല ചെയ്തതു് ടോൾസ്റ്റോയിയുടെ 'യുദ്ധവും സമാധാനവും' എന്ന നോവലിനു ശേഷം റഷ്യയിൽനിന്നു വന്ന ഏററവും നല്ല സാഹിത്യസൃഷ്ടി എന്നു് ഇതിനെ വിശേഷിപ്പിക്കുകകൂടി ചെയ്തു. അലക്സാണ്ടർ സോൾഷെനിററ്സൺ ഒരു റഷ്യൻ വിരോധിയാണെന്നും അദ്ദേഹത്തിന്റെ നോവലുകളിൽ റഷ്യൻ വിരോധം കുഴച്ചുനില്ക്കുന്നുവെന്നും. ആ റഷ്യൻ വിരോധത്തെ മുതലെടുക്കാനാണ് നോബൽ സമ്മാനം നൽകിയതെന്നുമാണല്ലോ കമ്മ്യൂണിസ്റ്റ്പക്ഷം.

എന്നാൽ ഈ ആരോപണം തന്നെ സത്യവിരുദ്ധമാണ്. 'ആഗസ്റ്റ് – 1917' എന്ന നോവൽ വായിക്കുമ്പോൾ ഒരു നഗ്നസത്യം പ്രസ്ഫുടമാകുന്നു, അലക്സാണ്ടർ സോൾഷെനിററ്സനു് വിരോധമുള്ളതു് കമ്മ്യൂണിസത്തോടല്ല, കമ്മ്യൂണിസം പ്രസംഗിച്ചു് ജനകോടികളെ അടിച്ചമർത്തിഭരിക്കുന്ന ഏകാധിപതികളോടാണ് എന്നു്. രണ്ടാം ലോകമഹായുദ്ധകാലത്തു് ഒരു പീരങ്കിപ്പടയുടെ ക്യാപ്ററനായി വർത്തിക്കുകയും, സ്റ്റാലിന്റെ സ്വന്തം കൈകൾകൊണ്ടുതന്നെ പ്രശസ്തസേവനത്തിനുള്ള മെഡലുകൾ നെഞ്ചത്തണിയുകയും ചെയ്തു, ഫിസിക്സിലും, മാത്തമാററിക്സിലും ഡോക്ടറേററ് നേടിയ, സാഹിത്യത്തിൽ നോബൽസമ്മാനം കരസ്ഥമാക്കിയ, കമ്മ്യൂണിസത്തിനുവേണ്ടി പടപൊരുതുന്ന, സോൾഷെനിററ്സനാണോ റഷ്യക്കാർ പറയുന്ന കമ്മ്യൂണിസ്ററ് വിരുദ്ധൻ? 1962–ൽ ഐവൻഡെനിസോവിച്ചിന്റെ ഒരു ദിവസം (One day in the life of Ivan Denisovich) എന്ന പുസ്തകം അന്നത്തെ ഭരണാധികാരിയായിരുന്ന ക്രൂഷേവിന്റെ അനുവാദത്തോടെ പ്രസിദ്ധീകരിച്ചു. സ്റ്റാലിന്റെ ഭരണകാലത്തു് ജനങ്ങൾ അനുഭവിച്ച കഷ്ടപ്പാടുകൾ പ്രതിപാദിക്കുന്ന ഈ പുസ്തകം അത്രതന്നെ സ്റ്റാലിൻ വിരോധികളല്ലായിരുന്ന ക്രൂഷേവിന്റെ പിൻഗാമികൾ സോൾഷെനിററ്സിന്റെ മററെല്ലാ പുസ്തകങ്ങളോടൊപ്പം നിരോധിച്ചു.

അമേരിക്കൻ സ്റ്റേററു സെക്രട്ടറിയായിരുന്ന ഹെൻട്രി കിസ്സിഞ്ചർക്കും, പാരീസിൽ വിയററ്നാമീസ് ഡലിഗേഷനെ നയിച്ച ലിഡക്തോവിനും വിയററ്നാം സമാധാന സ്ഥാപനത്തിന്റെ പേരിൽ 1973-ൽ സമാധാനത്തിനുള്ള നോബൽ സമ്മാനങ്ങൾ നൽകിയെങ്കിലും നാണവും മാനവുമേശാത്ത ലിഡ്ക്തോ അതു നിരസിച്ചു. ഹെൻട്രി കിസ്സിഞ്ചർ വിയററ്നാം സമാധാനത്തിനാത്മാർത്ഥമായും ശ്രമിച്ചു എന്നതു് ഒരു വസ്തുതയാണ്. അതിൽ അദ്ദേഹത്തിനു് ചരിതാർത്ഥതയ്ക്കു വകയുണ്ടെന്നു മാത്രമല്ല, സമാധാനക്കരാറിൽ ഒപ്പുവെച്ചു് ചൂടാറുന്നതിനുമുമ്പ്, അമേരിക്ക എല്ലാ സൈനിക സന്നാഹങ്ങളും പിൻവലിച്ചു എന്നു വ്യക്തമായും ബോദ്ധ്യമായപ്പോൾ, ഒന്നു നേരെ ദീർഘനിശ്വാസം വിട്ടതിനുശേഷം സന്ധി ലംഘിച്ചു് തെക്കൻ വിയററ്നാം പിടിച്ചടുത്ത ലിഡക്തോവിനേക്കാൾ നോബൽസമ്മാനം അർഹിക്കുന്നുണ്ട്. ഈ വഞ്ചന മുൻകൂട്ടി

പ്പാൻ ചെയ്ത അദ്ദേഹം നോബൽ സമ്മാനം നിഷേധിച്ചതിൽ യാതൊരനൗചിത്യവും ഇല്ല.

റഷ്യൻ ഹൈഡ്രജൻ ബോംബിന്റെ പിതാവെന്നറിയപ്പെടുന്ന ശാസ്ത്രപ്രമുഖനാണ് ആൻഡ്രേ ഡിമിട്രി സാഖറോവ്. പലതവണ 'U. S. S. R അക്കാഡമി ഓഫ് സയൻസസി'ന്റെ പ്രസിഡന്റായി സേവനമനുഷ്ഠിച്ചിട്ടുള്ള അദ്ദേഹത്തിന് 'ഹീറോ ഓഫ് സോഷ്യലിസ്റ്റ് ലേബർ' എന്ന അവാർഡ് മൂന്നു പ്രാവശ്യവും, ശാസ്ത്രത്തിൽ സ്റ്റാലിൻ പ്രൈസും ലഭിച്ചിട്ടുണ്ട്. 1967 മുതൽ അദ്ദേഹം നശീകരണപ്രവർത്തനങ്ങളെ ഉത്തേജിപ്പിക്കുന്ന ഗവേഷണങ്ങൾ നിറുത്തിവച്ച് സമാധാനസംസ്ഥാപനത്തിനുള്ള തിരപ്പുറപ്പാട് നടത്തിയിരിക്കയാണ്. അദ്ധ്വാനിക്കുകയും, ഭാരം ചുമക്കുകയും ചെയ്യുന്ന ജനങ്ങൾക്കുവേണ്ടി സഖാറോവ് മുറവിളികൂട്ടി. അതിന് 1975-ൽ അദ്ദേഹത്തിന് സമാധാനത്തിനുള്ള നോബൽസമ്മാനം ലഭിച്ചു. അമേരിക്കയിലെ നീഗ്രോകൾക്കുവേണ്ടി വാദിക്കുകയും, ലോകമനസ്സാക്ഷിയെ അവർക്കുനേരെ തിരിപ്പിക്കുകയും ചെയ്ത മാർട്ടിൻ ലൂതർകിങ് ജൂനിയറിനെ നാം ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. ആ അംഗീകാരത്തിന് അർഹമായ അംഗീകാരമെന്ന് വിവക്ഷിക്കപ്പെടുന്ന സമാധാനത്തിനുള്ള നോബൽസമ്മാനം 1964-ൽ ലഭിച്ചപ്പോൾ കൈകൊട്ടിച്ചിരിച്ച റഷ്യക്കാരാ, എന്തുകൊണ്ട് നിന്റെ രാജ്യത്തെ കഷ്ടപ്പെടുന്ന ജനങ്ങൾക്കുവേണ്ടി വാദിക്കുന്ന മനുഷ്യസ്നേഹിയായ ആ മഹാശാസ്ത്രജ്ഞനെതിരെ കണ്ണുരുട്ടുകയും പല്ലിറുക്കുകയും ചെയ്യുന്നു.

1975-ൽ ധനതത്വശാസ്ത്രത്തിനുള്ള അവാർഡ് പ്രൊ. ലിയോണിഡ് കെൻറാറോവി (Prof. Leonid kentarowich) ച്ചിന് ലഭിച്ചതിനാൽ ധനതത്വശാസ്ത്രത്തിലെ സമ്മാനവിതരണത്തിന് അപാകതയുണ്ടെന്ന് റഷ്യക്കാർക്കുപോലും പരാതിയില്ലത്രേ!

പാശ്ചാത്യർക്ക് എല്ലാ രംഗങ്ങളിലും സമ്മാനം സുലഭമായി ലഭിക്കുമ്പോൾ ഏഷ്യാക്കാരനോട് പക്ഷഭേദം കാണിക്കുന്നു എന്നൊരു പരാതി പൊന്തിവന്നിട്ടുണ്ട്. ഏഷ്യാക്കാരന്റെ സാഹിത്യവും ഭാഷയും എത്രമാത്രം ശക്തമാണോ, അതിനാനുപാതികമായ രീതിയിൽ സാഹിത്യത്തിനുള്ള നോബൽസമ്മാനങ്ങളും ലഭിച്ചിട്ടുണ്ട്. ഇതിനുള്ള ഉത്തമതെളിവുകളല്ലേ 1913-ൽ ബംഗാളിസാഹിത്യകാരനായ രബീന്ദ്രനാഥ് ടാഗോറിനും, 1966-ൽ ഇസ്രായേൽ സാഹിത്യകാരനായ സാമുവൽ ജെ. ആഗ്നണും, 1968-ൽ ജപ്പാൻകാരനായ യാസുനാരി കവാബത്തായ്ക്കും സാഹിത്യത്തിനുള്ള നോബൽ സമ്മാനങ്ങൾ ലഭിച്ചത്. ഇന്ത്യ കേവലം ഒരു പാശ്ചാത്യകോളണിയായി മാത്രം അവശേഷിക്കുമ്പോൾ വർണ്ണഭേദങ്ങൾക്കതീതമായി ഒരിന്ത്യക്കാരന് ലോകത്തിലെ ഏറ്റവും നല്ല സാഹിത്യകാരനെന്ന ബഹുമതി അന്നത്തെ അവാർഡ്കമ്മിറ്റി നിശ്ചയിച്ചത് അർഹതക്കംഗീകാരമല്ലെന്നോ?

ഏഷ്യക്കാർക്ക് സാഹിത്യത്തിൽ സമ്മാനങ്ങൾ വിരളമാകുന്നതിന് വേറൊരു കാരണവും കൂടിയുണ്ട്. സാഹിത്യത്തിനുള്ള സമ്മാനം കൊടുക്കുന്നത് യൂറോപ്യന്മാർ മാത്രം അടങ്ങിയ ഒരു കമ്മിറ്റിയാണ്. ആ കമ്മിറ്റി ഏഷ്യക്കാർക്ക് സമ്മാനങ്ങൾ നൽകാൻ ഏഷ്യൻ ഭാഷകൾ പഠിക്കണമെന്നർത്ഥമില്ല. മാത്രമല്ല മൂലഭാഷയിൽ നല്ല ശൈലിയും, സ്വാധീനവും ലഭിച്ച ഒരു കൃതി, യൂറോപ്യൻ ഭാഷകളിലേക്കു വിവർത്തനം ചെയ്യുമ്പോൾ അതിന്റെ ഭംഗി കെട്ടെന്നും, അതിനാൽ അത് പരിഗണനയ്ക്കർഹമല്ലാതെ വരുന്നെന്നും വരാം.

ഇന്ത്യയിലെ, ഏറ്റവും ചുരുങ്ങിയ പരിതഃസ്ഥിതിയിൽ ഇന്ത്യ അന്ധകാരത്തിൽ ആവൃതമായിരുന്നപ്പോൾ, 1930-ൽ ഫിസിക്സിനുള്ള സമ്മാനം സർ. സി. വി. രാമന് കിട്ടി.1935-ൽ ജപ്പാൻകാരനായ യുക്കാവേക്ക് മീസോൺസിന്റെ (meson) കണ്ടുപിടുത്തത്തിനും നോബൽസമ്മാനം കിട്ടി. ഇതൊക്കെ ഏഷ്യക്കാരുടെ കഴിവുകളെ അംഗീകരിക്കുന്നുണ്ടെന്നു കാണിക്കുകയല്ലേ ചെയ്യുന്നത്.

സർ. സി. വി. രാമനുശേഷം ഇന്ത്യയിൽ ഒരു ശ്രദ്ധേയനായ ശാസ്ത്രജ്ഞൻ ഉണ്ടായിട്ടില്ല. ഗവേഷണസൗകര്യം നൽകാതെ സ്വന്തം നാട്ടിൽനിന്നുപോലും ഓടിക്കപ്പെട്ട ഖർഗോവിന്ദ് ഖൊരാനയുടെയും ഡോക്ടർ ചന്ദ്രശേഖറുടെയും കഥകൾ ഇതിനുത്തരമാണ്.

നോബൽ സമ്മാനം അതിനർഹതയുള്ള ചിലർക്ക് ലഭിച്ചില്ലെന്നു വരാം. കാരണം നോബൽ പ്രൈസ് കമ്മിറ്റിയുടെ അറിവിനും ഒരു പരിധിയുണ്ട്. ആ പരിധിക്കപ്പുറത്തു നില്ക്കുന്നവരെ അളക്കാൻ മാനദണ്ഡങ്ങളൊന്നുമില്ലാതെ വരുമ്പോൾ തഴഞ്ഞെന്നുംവരാം. അതിൽ അർഹതയ്ക്കംഗീകാരം നല്കുന്നില്ല എന്നു പറയുന്നതിനർത്ഥമില്ല. ഇന്ത്യക്കാരനായ ഡോ. ചന്ദ്രശേഖറിന്റെ ആസ്ട്രോഫിസിക്സിലുള്ള തീസിസുകൾ നോബൽ പ്രൈസ് കമ്മിറ്റിക്കു മനസ്സിലാകാതെ വന്നതിനാൽ ഒരു പ്രത്യേക ഫയലിൽ സൂക്ഷിക്കപ്പെട്ടിരിക്കയാണ്. അദ്ദേഹത്തിന്റെ ശിഷ്യരായ ഒരു ചൈനീസ് ദമ്പതികൾക്ക് അദ്ദേഹം പഠിപ്പിച്ച എലിമെന്ററി കാര്യങ്ങൾ പറഞ്ഞതിന് നോബൽസമ്മാനം കിട്ടി. അദ്ദേഹത്തിന് ഒരു പത്ത് നോബൽസമ്മാനങ്ങൾ ലഭിക്കുന്നതിന് സമമാണ് ഇവയെല്ലാം.

ജീവിതത്തിന്റെ എല്ലാ രംഗത്തും നാം രണ്ടു പക്ഷക്കാരെ കാണുന്നു. ഒരു കൂട്ടർ ഒരു കാര്യത്തെപ്പറ്റി വാദിക്കുമ്പോൾ മറ്റെക്കൂട്ടർ അതിനെ നിഷേധിക്കുന്നു. ചിലർ ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞ് വലിയവരാകാൻ ശ്രമിക്കുന്നു. ഇതെല്ലാം പ്രകൃതിയുടെ നിയമമാണ്. അർഹതക്കംഗീകാരമായി നല്കപ്പെട്ടിട്ടുള്ള നോബൽ സമ്മാനങ്ങൾ, അവഹേളനമാണെന്ന് പറയുന്നത് യുക്തിരഹിതമാണ്. അങ്ങനെ പറയുന്നത് മേല്കീഴ്നോക്കാതെ ഒരു ഭ്രാന്തന്റെ ചഞ്ചല മനഃസ്ഥിതിയോടെയാണ് എന്നു കാണാം. നോബൽ സമ്മാനങ്ങൾ നോബൽ വിഭാവനം ചെയ്ത രീതിയിൽ അർഹതയ്ക്കുള്ളംഗീകാരമായി മാത്രമേ 1976 വരെ ഭവിച്ചിട്ടുള്ളൂ.

# നമ്മുടെ കോളേജ് ഗ്രന്ഥശാലകൾ

വിൻസെന്റ്

വിജ്ഞാന സമ്പാദനത്തിൽ അതിപ്രധാനമായ സേവനം നൽകുന്ന ഗ്രന്ഥശാലകളെപ്പററി ആരും അധികമൊന്നും ചിന്തിക്കാറില്ല. ക്ലാസ്സ് മുറിയുടേയും ലാബറട്ടറിയുടേയും കനത്ത ഭിത്തികൾക്കകത്ത് മാത്രം ഒതുങ്ങുന്ന ഒരു പ്രക്രിയ ആയാണ് വിദ്യാഭ്യാസത്തെ മിക്ക ആളുകളും ധരിച്ചിരിക്കുന്നത്. വിജ്ഞാനം തേടിനടക്കുന്ന വിദ്യാർത്ഥിയുടെ ചുട്ടുപിടിച്ച മസ്തിഷ്കത്തിൽ അറിവിന്റെ പൊൻകതിരുകൾ വിതറുന്ന "ബാലാർക്കനാണ്" ഗ്രന്ഥാലയങ്ങൾ. വിദ്യാഭ്യാസം നൽകുന്ന അദ്ധ്യാപകനും ക്ലാസ്സുമുറിക്ക് പുറത്ത് വിദ്യാർത്ഥിയാണ്. അദ്ധ്യാപകൻ നിത്യവിദ്യാർത്ഥിയാണെന്നാണ് ചൊല്ല്. കുട്ടികളെ പഠിപ്പിക്കുന്നതിന്ന് അങ്ങ് ഇത്രയേറെ വായിക്കുന്നത് എന്തിനാണെന്ന് അദ്ധ്യാപകവരേണ്യനായ ആർണോൾഡിനോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി ഇതായിരുന്നു: "എന്റെ കുട്ടികൾ കെട്ടിക്കിടക്കുന്ന ജലാശയത്തിൽനിന്നല്ല വെള്ളം കുടിക്കേണ്ടത്; ഒഴുകുന്ന അരുവിയിൽനിന്നായിരിക്കണം."

സംസ്ഥാനത്തിലുള്ള 119 സ്വകാര്യ കോളേജുകളിലായി ലക്ഷക്കണക്കിന് വിദ്യാർത്ഥികളാണ് ഇന്ന് വിദ്യാഭ്യാസമന്വേഷിച്ചുകൊണ്ടിരിക്കുന്നത്. ആയിരക്കണക്കിന് അദ്ധ്യാപകരും അനദ്ധ്യാപകരും ഈ കലാലയങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. കൊല്ലം, തൃപ്പൂണിത്തുറ, കോഴിക്കോട് എന്നീ സ്ഥലങ്ങളിലായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മൂന്ന് ഡെപ്യൂട്ടി ഡയറക്ടറാഫീസുകളുടെ അധികാരപരിധികളിലായി യഥാക്രമം 44, 39, 36 എന്നിങ്ങനെ സ്വകാര്യ കോളേജുകൾ പ്രവർത്തിക്കുന്നു. സേവന വ്യവസ്ഥകളേയും ജോലി സ്ഥിരതയേയും വേതനത്തേയും ചൊല്ലി ജീവനക്കാർക്കിടയിലുണ്ടായിരുന്ന പരാതികളെ പരിഗണിച്ചാണ് 1972 സെപ്റ്റംബർ ഒന്നാം തിയ്യതി ഗവണ്മെണ്ട് നേരിട്ട് ശമ്പളം നൽകുന്നതിനുള്ള കല്പന പുറപ്പെടുവിച്ചത്. വിദ്യാഭ്യാസത്തിന്റെ ഉന്നമനത്തിനും ഉയർച്ചയ്ക്കുംവേണ്ടി ധാരാളം പണവും പ്രയത്നവും ഇന്ത്യാ ഗവണ്മെണ്ട് ഇതിനകം ചെലവ് ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസം ഒരു സംസ്ഥാന വിഷയമാണെങ്കിലും ഈ കാര്യത്തിൽ മൗലികമായ പരിവർത്തനം വരുത്തുന്ന സന്ദർഭങ്ങളിലെല്ലാം കേന്ദ്ര ഗവണ്മെണ്ടാണ് മുൻകൈ എടുക്കുക പതിവ്. കാരണം സാമ്പത്തിക സഹായം അവിടെ നിന്നാണ് ലഭിക്കേണ്ടത്. സ്വാതന്ത്ര്യലബ്ധിക്കു ശേഷം വിദ്യാഭ്യാസ പുനഃസംവിധാനത്തിനും പരിഷ്കാരത്തിനുംവേണ്ടി മൂന്നു കമ്മീഷനുകളെ ഇന്ത്യാ ഗവണ്മെണ്ട് നിയമിച്ചു. കമ്മീഷനുകൾ അവരവരുടെ റിപ്പോർട്ടുകളും സമർപ്പിച്ചു. 1948-ലെ ഡോക്ടർ രാധാകൃഷ്ണൻ അദ്ധ്യക്ഷനായിട്ടുള്ള സർവ്വകലാശാലാ കമ്മീഷൻ റിപ്പോർട്ട്, 1952-ലെ ഡോക്ടർ ലക്ഷ്മണസ്വാമി മുതലിയാർ അദ്ധ്യക്ഷനായിട്ടുള്ള സെക്കന്ററി വിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ട്, 1966-ലെ ഡോക്ടർ കോത്താരി അദ്ധ്യക്ഷനായിട്ടുള്ള വിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ട് എന്നിവയാണവ. ആദ്യത്തേത് സർവ്വകലാശാലാ വിദ്യാഭ്യാസത്തിന്റെ പുരോഗതിക്കുവേണ്ടിയും രണ്ടാമത്തേത് സെക്കണ്ടറി വിദ്യാഭ്യാസ പുരോഗതിക്കുവേണ്ടിയും ഉള്ളതായിരുന്നു. മൂന്നാമത്തെ റിപ്പോർട്ടാണെങ്കിൽ വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളേയും സംബന്ധിച്ചുള്ളതാണ്. ഇവയിൽ കോത്താരി കമ്മീഷൻ റിപ്പോർട്ടൊഴികെ ബാക്കിയെല്ലാം നമ്മുടെ ശ്രദ്ധയിൽനിന്നും അകന്നുപോയിരിക്കുന്നു. കോത്താരി കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള പല കാര്യങ്ങളും നമുക്ക് ഇന്നും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

## ഗ്രന്ഥശാലയുടെ ലക്ഷ്യങ്ങൾ

കഴിവുകൾ സഫലീകരിക്കുന്നതിനും ചുററുപാടുകളെ നിയന്ത്രിക്കുന്നതിനും സഹാ

യകരമായ വിധം ഒരുവനിലുള്ള എല്ലാവിധ കഴിവുകളുടെയും വികസനമാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്ന് ജോൺ ഡ്യൂയി അഭിപ്രായപ്പെട്ടിട്ടുണ്ട്. നിരൂപണാത്മകവും ക്രിയാത്മകവുമായ ചിന്തയെ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന ബോധനരീതികൾക്കാണ് യഥാർത്ഥത്തിൽ പ്രാധാന്യം നൽകേണ്ടത്. അതോടൊപ്പം വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും സ്വയം പഠനത്തിന് അർഹിക്കുന്ന സ്ഥാനവും കൊടുക്കേണ്ടതുണ്ട്. ഈയൊരു കാര്യത്തിന് ഗ്രന്ഥശാലകൾ സാരമായ സംഭാവനയാണ് അർപ്പിക്കുന്നത്. സ്വയം പഠനകേന്ദ്രമാണ് ഗ്രന്ഥശാല. വ്യത്യസ്ത ചിന്താഗതിക്കാരും വിഭിന്ന ആശയക്കാരുമായ വിദ്യാർത്ഥികളുടെ അഭിലാഷമനുസരിച്ചുള്ള പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതിന് തയ്യാറാക്കിയിട്ടുള്ളതായിരിക്കും ഗ്രന്ഥശാലകൾ. ഡോക്ടർ. എസ്. ആർ. രംഗനാഥന്റെ അഭിപ്രായത്തിൽ വ്യക്തികൾക്ക് സാർവ്വദേശീയവും നിരന്തരവുമായ സ്വയം പഠനത്തിനുള്ള ഉത്തമമായ ഉപാധിയാണ് ഗ്രന്ഥശാലകൾ. ഉത്തമ വിദ്യാഭ്യാസ സമ്പ്രദായങ്ങളുടെ അവിഭാജ്യഘടകമാണ് ഗ്രന്ഥശാല. ആധുനിക രീതിയിലുള്ള വിദ്യാഭ്യാസം കൈവരിക്കുന്നതിന് ഒരു വിദ്യാർത്ഥിക്ക് ഗ്രന്ഥശാലയെ സമീപിച്ചേ മതിയാകൂ! ബുദ്ധിയുടെയും മനസ്സിന്റെയും കഴിവിന്റെ ചക്രവാളങ്ങൾ വിപുലീകരിക്കുന്നതിന് ഇത്തരം വിജ്ഞാനത്തിന്റെ കലവറകളുമായി അദ്ധ്യാപകരും അദ്ധ്യേതാക്കളും താദാത്മ്യം പ്രാപിച്ചേ തീരൂ!!

## ഒരു പുതിയ സമീപനം ആവശ്യം

നിലവിലുള്ള ഗ്രന്ഥശാലകളുടെ പ്രവർത്തനത്തിനും മറ്റുള്ളവർക്ക് ഗ്രന്ഥശാലകളോടുള്ള കാഴ്ച്ചപ്പാടിനും ഒരു പുതിയ മാനം വരുത്താതെ വയ്യ! ഗ്രന്ഥശാലകളുടെ ആവശ്യകതയെയും അതിന്റെ യഥാർത്ഥ ലക്ഷ്യത്തെയും പറ്റി ഇന്നും അനവധി പേർ ബോധവാന്മാരായി കാണുന്നില്ല. അമേരിക്കൻ ലൈബ്രറി അസോസിയേഷൻ ഗ്രന്ഥശാലകളുടെ ലക്ഷ്യങ്ങളെക്കുറിച്ച് ആവിഷ്കരിച്ചിരിക്കുന്ന കാര്യങ്ങൾ താഴെ കൊടുക്കുന്നവയാണ്.

1. പാഠപദ്ധതിക്കും വിദ്യാർത്ഥികളുടെ ആവശ്യങ്ങൾക്കും അനുസരണമായി പുസ്തകങ്ങളും മറ്റു പഠനോപയുക്തങ്ങളായ വിഭവങ്ങളും സംഭരിക്കുക.

2. വ്യക്തിപരവും പാഠപദ്ധതിയെ ഉദ്ദേശിച്ചുള്ളതും ആയ പുസ്തകങ്ങളും മറ്റും ഇഷ്ടപ്രകാരം തിരഞ്ഞെടുക്കാൻ കുട്ടികൾക്ക് മാർഗ്ഗദർശനം നൽകുക.

3. സാമർത്ഥ്യവും മനോധർമ്മവും അനുസരിച്ച് പുസ്തകങ്ങളും ഗ്രന്ഥശാലകളും പ്രയോജനപ്പെടുത്താനുള്ള കഴിവ് നല്കുക. വ്യക്തിപരമായ അന്വേഷണശീലം പരിപോഷിപ്പിക്കുക.

4. വായനയിലും പഠനത്തിലും വിപുലവും സാന്ദ്രവുമായ താല്പര്യം വളർത്തുക.

5. സൗന്ദര്യാത്മകമായ അനുഭവങ്ങൾക്ക് അവസരം നൽകുക.

6. ഗ്രന്ഥശാലകളുടെ ഉപയോഗപ്പെടുത്തലിലൂടെ ജീവിതകാലമത്രയും നീണ്ടുനില്ക്കുന്ന വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകുക.

7. കുട്ടികളുടെ സാമൂഹിക മനോഭാവം പ്രോത്സാഹിപ്പിക്കുക.

ഈ കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിന് നമ്മുടെ ഗ്രന്ഥശാലകളെ വേണ്ടുംവണ്ണം പ്രയോജനപ്പെടുത്തുന്നില്ലായെന്നതാണ് വാസ്തവം. നല്ല സമൂഹത്തിന്റെ ശില്പികളാകേണ്ട ഇന്നത്തെ വിദ്യാർത്ഥികൾക്ക് വേണ്ടത്ര ശ്രദ്ധ ഇക്കാര്യത്തിൽ പതിഞ്ഞുകാണുന്നില്ല. നാട്ടിലങ്ങോളമിങ്ങോളം നടക്കുന്ന "ഇന്നിന്റെ ചൂടുള്ള വാർത്തകൾ" പേറുന്ന പത്രങ്ങളെ തിരയുകയെന്നതാണ് ഗ്രന്ഥശാലകളിൽ പലരും ചെയ്യുന്നത്. എത്രയെടുത്താലും അവസാനിക്കാത്ത സമ്പദ്ഖനികളെ പോലെയുള്ള വിശിഷ്ടഗ്രന്ഥങ്ങൾ ചില്ലലമാരിയിലെ കള്ളികളിൽ മൂകസാക്ഷികളായി മാത്രം കഴിയുന്നു. ഈയൊരു നടപടിക്ക് മാറ്റം വന്നേ മതിയാകൂ.





# എവിടെയോ ഒരു വിലാപം


## എം. വില്യംസ്

(സ്റ്റുഡൻഡ് എഡിറ്റർ)


എന്തിനാണെന്നറിയില്ല
എന്തിനെയാണെന്നറിയില്ല.
എന്നെ അവർ ചങ്ങലയ്ക്കിട്ടു.

പാതിരാത്രിയിലാണ് നമ്മുടെ രാജ്യം
മഹത്തായ സ്വാതന്ത്ര്യം പ്രാപിച്ചതെന്ന്
പഴയ മുത്തശ്ശന്മാർ പറഞ്ഞു കേട്ടിട്ടുണ്ട്.

മൂന്നാം ദിവസം
എന്റെ അടിവസ്ത്രങ്ങൾപ്പോലും അവർ പറിച്ചെടുത്തു
വായിൽ തിരുകി.
എന്നിട്ട്,
അവരെന്നോട് സംസാരിക്കാൻ പറഞ്ഞപ്പോഴും
കണ്ണു രണ്ടും മൂടിക്കെട്ടി വന്ന വഴിയിലൂടെ
നഗ്നനായി നടക്കാൻ പറഞ്ഞപ്പോഴും
ഞാനോർത്തു; നമ്മൾ നേടിയതു് സ്വാതന്ത്ര്യം
തന്നെയായിരുന്നുവല്ലോ എന്ന്.

എന്റെ മേൽ ചുമത്തപ്പെട്ട
കുറ്റം കടുത്ത രാജ്യദ്രോഹമായിരുന്നത്രെ.

എന്റെ അമ്മയുടെ
ആദ്യത്തെ
മകനായിരുന്നു ഞാൻ
മാംസമായിരുന്നു ഞാൻ.



എന്റെ ശരീരത്തിന്മേൽ ഉരുണ്ട ഇരുമ്പുദണ്ഡുകൾ
ഉരുട്ടിക്കൊണ്ടിരിക്കുമ്പോഴും
എനിക്കറിയില്ലായിരുന്നു ഈ പീഡനം
എന്തിനുവേണ്ടിയാണെന്ന്.
ഞാനപ്പോഴും സത്യമേ
ഉരുവിട്ടിരുന്നുള്ളൂ.
എന്നിട്ടും
അവരെന്നെ
ക്രൂശിച്ചുവല്ലോ.........
എന്റെ നിരപരാധിത്വം തെളിയിക്കാൻ
എനിക്കന്നിവിടെ കോടതികളുണ്ടായിരുന്നില്ലല്ലോ
എന്റെ ദയനീയതയുടെ കഥയെഴുതാൻ
എനിക്കന്നിവിടെ പത്രങ്ങളുണ്ടായിരുന്നില്ലല്ലോ.

അന്ന്
രാജ്യം
രാജ്ഞിയുടെ പുതിയ
സ്ഥാനാരോഹണത്തിനായ്
അണിഞ്ഞൊരുങ്ങുകയായിരുന്നുവത്രെ.
ഞാനോ,

തടവറയിലെ ഭീകരങ്ങളായ
കനത്ത ഭിത്തികൾക്കുള്ളിൽ
കരയാനാവാതെ, ചിരിക്കാനാവാതെ,
പീഡനമനുഭവിക്കുകയായിരുന്നു.

1 " ഇന്ത്യൻ മഹാസമുദ്രത്തിലും
ഇന്നൊരു കൊടുങ്കാറ്റാഞ്ഞടിക്കുന്നുണ്ട്.'
അകലങ്ങളിൽ എവിടെയോ
ഇടി മുഴങ്ങുന്നുണ്ട്.

2 " ഇന്നത്തെ തടവറ
നാളത്തെ വിജയമാണ്. "

ഏഴാം ദിവസം
അവരെനിക്ക് ഒരു ഉള്ളി
ജലം ചുണ്ടോടടുപ്പിച്ചുതന്നു
ഞാനതു കുടിച്ചില്ല; കാരണം
അതു് കണ്ണുനീരായിരുന്നില്ല.

വീണ്ടും
പതിനൊന്നാം ദിവസം
അവരെന്നെ ഏതോ ഇരുട്ടറയിലടച്ചു.
എന്റെ തോളെല്ലുകൾ
വേർപെട്ടുകഴിഞ്ഞിരുന്നു; വാരിയെല്ലുകളും –
—എങ്കിലും
എന്റെ ഓരോ
എല്ലിൻ നുറുങ്ങുകളും ഓരോ ചോരത്തുള്ളികളും
നാളത്തെ വിമോചനത്തിനുള്ള
വീരഗാഥകൾ പാടുമെന്ന്
ആരും ഓർത്തിരുന്നില്ല ?
ആരും ഓർത്തിരുന്നി ?
ആരും ഓർത്തിരുന്ന ?
ആരും ഓർത്തിര ?
ആരും ഓർത്തി ?
ആരും ഓർത്ത ?
ആരും ഓർ ?
ആരും ഓ ?
ആരും ?

**?**

---

1 സച്ചിദാനന്ദനോട് കടപ്പാട്.
2 പാബ്ലോ നെരൂദ.



## "विद्यार्थी और समाजसेवा"

देशी उन्नति की ओर नजर डालने पर मालूम होगा कि समाजसेवा में विद्यार्थी का स्थान कुछ कम नहीं। विद्यार्थी समाजसेवा में लीन हो जाय तो संसार के रूप-भाव में ही समूल परिवर्तन होगा। पर समाजसेवा में विद्यार्थी का योगदान कहाँ तक सफल होगा और यह सेवा भाव विद्यार्थी के भाविजीवन में कैसे काम आयेगा?

विद्यार्थी की परिभाषा है विद्या का अर्थी। किन्तु विद्या के अनेक विभाग हैं। कला, साहित्य, विज्ञान आदि शिक्षाप्रणाली में आते हैं। आज के विद्यार्थी ही कल के नागरिक है। इसलिए विद्यार्थी को समाजसेवा का ज्ञान विद्यालय से ही प्राप्त होना चाहिए। इसकेलिए शिक्षापद्धति में समूल परिवर्तन लाना है।

पर भारत के आज की शिक्षाप्रणाली बहुत पुरानी है। आज की शिक्षा-प्रणाली जीवन की उपयोगिता के विरुद्ध है। आज की शिक्षारीति के फलस्वरूप जीवन के दो भाग हो गये है। युवावस्था पढाई में और बाकी समय संसारिक जीवन में। जीवनोपयोगी शिक्षा उसे दी जाय तो फिर नौकरी की तलाश में युवकों को भागने की नौबत नहीं आती। इससे मेरा यह आशय नहीं है कि विज्ञान और कला को भूल जाय। वह भी जीवन की मुख्य बातें हैं।

इस दिशा में भारतीय सरकार द्वारा नियुक्त "भारतीय शिक्षा आयोग" की पद्धति + २ अच्छी लगती है जिसमें "बेसिक शिक्षा" को प्रधानता दी गयी है। मेहनत से पढे लिखे व्यक्ती को कुछ घृणा है। उदाहरण केलिए कार्षिक कालेजों से लोगों को कुछ घृणा है। शीघ्र धन संबन्धी विकास केलिए शिक्षा को उत्पादन से जोडना चाहिए। शिक्षाप्रणाली में शरीरश्रम को प्रधानता दी जाय तो शिक्षित युवक नौकरी केलिए नहीं भाग जायेंगे। विनोबाजी की दृष्टि में जीवन का लक्ष्य निभानेवाली शिक्षा ही वास्तविक शिक्षा है। महात्मा गाँधीजी की 'बेसिक शिक्षा' नामक पद्धति में मन के विकास के साथ शरीरश्रम की शिक्षा भी दी जाती है, जिसके फलस्वरूप विद्यार्थी स्वतन्त्र रूप से कोई काम करके जीवन बिता सकते हैं।

समाजसेवा के क्षेत्र में विद्यार्थी अनेक काम कर सकते हैं। प्रादेशिक भावना, उच्च-नीच संबन्धी विचार, आदि से अनजान ग्रामीणों को मुक्त करना विद्यार्थी केलिए मुश्किल नहीं। विद्याविहीन ग्रामीण लोगों को सच्चाई और सफाई का पाठ पढाना, श्रमदान द्वारा भवनहीनों को घर बना देना आदि विद्यार्थी के काम हैं। अकाल के समय दुःखियों और पीडितों की मदद करना भी समाज सेवा है। ये सभी काम गाँव में ही करना चाहिए क्योंकि भारत की जनसंख्या का अधिकांश भाग गाँव में बसता है।

विद्यार्थी को समाज और राष्ट्र के प्रति अपने कर्तव्यों का पालन करना है। युवजनशक्ति ही देश की दीवार है। 'सादा जीवन और उच्च विचार' इस बात को मन में साफ रखो। एन॰ सी॰ सि, स्काऊट, सेवा समिति आदि इस लक्ष्य से काम करते हैं।

"जहाँ चाह है वहाँ राह है।" "बूँद बूँद से तालाब भर जाता है।" अगर विद्यार्थी समाज सेवा की ओर भी ध्यान रखें तो उन केलिए और देश केलिए भी कुशल होगा। इस केलिए शिक्षाप्रणाली को नया रूप देना चाहिए।

जय हिन्द

SIVARAMAN C.

## ऋण



समय सन्ध्या हो रही थी। शहर के अस्पताल में बिजली चमकने लगी। अस्पताल के विविध कमरों से दयनीय स्वर सुनाई पड रहा था। बाहर से कार की आवाज सुनाई पडी। तुरन्त ही अस्पताल में सन्नाटा हुआ। डाक्टर बीमारों की परीक्षा करने केलिए आये।

डाक्टर करीब पच्चीस वर्ष के आदमी थे। वे एक गोरे और सुन्दर युवक थे। डाक्टर के मुख पर सन्तोष था। डाक्टर ने पेटदर्द से रोनेवाले एक बच्चे से पूछा:— बाबू को आज भी पेटदर्द है? डाक्टर को देखते ही बच्चा भय से अधिक ज़ोर से रोने लगा। डाक्टर ने एक दवा का नाम लिखकर बच्चे की माँ के हाथ में दिया। डाक्टर दूसरे आदमी की परीक्षा कर रहे थे, तब एक कार बहुत बडी तेज़ी से अस्पताल की ओर आयी। कार की आवाज़ सुनकर डाक्टर बाहर आये।

दृश्य बहुत दयनीय था। दो तीन आदमियों ने कार से बाहर रक्त से लथपथ एक आदमी को लेकर अस्पताल की एक बेंच पर लिटाया। रोगी की हालत बहुत बुरी थी। रोगी को देखते ही डाक्टर के मुख की सारी प्रसन्नता नष्ट हो गयी। रोगी कराह कर रहा था। डाक्टर ने तुरन्त ही उसको एक इनजेक्षन दिया। तुरन्त ही दवा देने का प्रबन्ध भी किया। दूसरा एक डाक्टर भी रोगी की परीक्षा करनेकेलिए बाहर से आया। अस्पताल का आंगन आदमियों और गाडियों से भर गया।

इस रोगी का नाम कुमार था। वह एक अफसर था। मोटोरगाडी में सवार करते समय अचानक एक कार से टकरा कर कुमार रास्ते में गिर पडा। कारवालों ने उस कार में ही कुमार को अस्पताल पहुँचाया। कुमार के पत्नी और एक छोटा बच्चा था।

यद्यपि डाक्टरों ने बिना सोये भी कुमार की इलाज की, फिर भी उनकी हालत बहुत बुरी हो गयी। उनके बन्धु बहुत दुःखी थे। पत्नी ने बहुत दयनीय स्वर में कहा:— डाक्टर! किसी प्रकार मेरे पति के प्राण बचाइए, मेरे पति को कुछ हुआ तो मैं भी मर जाऊँगी कुमार का छोटा बच्चा भी माँ को पकडकर पिता को बुलाकर रोने लगा। पिता ने अधखुली आँखों से बच्चे की ओर देखा। वे कुछ न बोल सके। उनकी आँखों से आसू बहने लगे। डाक्टर भी बहुत दुःखी हुए। ईश्वर के खेल के प्रति कोई जानता है? कुमार उस रात को ही सब कुछ छोडकर परलोक पहुँचे।

कुमार की मृत्यु के बाद डाक्टर बडी चिन्ता में पडे। उस रात डाक्टर नहीं सो सके। कुमार डाक्टर का प्यारा दोस्त था। बचपन में वे एक साथ खेलते थे, एक साथ पढते थे, एक साथ स्कूल जाते थे। वे इतने दिली दोस्त थे कि वे क्लास में एक साथ बैठते थे और दुपहर को एक साथ भोजन करते थे।

डाक्टर स्कूल के उन पुराने दिनों की याद करने लगे एक दिन की घटना है कि अध्यापक ने किसी कारण से डाक्टर को डाँटा। डाक्टर रोने लगे। अपने मित्र को रोते देखकर कुमार भी रोने लगा। कुमार का दुःख, डाक्टर का दुःख और डाक्टर का सुख कुमार का सुख था। दोनों की मित्रता देखकर दूसरे लडकों को उन से असूया भी होती थी। अपने पुत्रों की इतनी गहरी मित्रता देखकर दोनों के माता-पिता बहुत सन्तुष्ट भी थे। एक दिन दोनों सिनेमा गये। सिनेमा देखते समय कुमार को पेट दर्द हुआ। डाक्टर ने सिनेमा देखना छोडकर जल्दी ही कुमार को घर पहुँचाया।

वर्षाकाल था। तालाब और कुआँ पानी से भर गया। डाक्टर तालाब में तैर रहा था। दौर्भाग्यवश उस की शक्ति नष्ट हो गयी और वह तालाब में डूबने लगा। उसका रोना सुनकर लोग दौडकर वहाँ पहुँचे। लेकिन किसी को तालाब में पैठकर डाक्टर की रक्षा करने का धैर्य न था। सब केवल रो रहे थे। रोना सुनकर कुमार भी वहाँ पहुँचा। डाक्टर को देखते ही अपने प्राण की परवाह किये बिना तालाब में कूद पडा और बहुत मुश्किल से डाक्टर की रक्षा की।

इन सब बातों का स्मरण करके डाक्टर की आँखों से आँसू बहने लगे। यह सोचकर उनका दुःख और भी बढा कि कुमार ने एक बार मेरे प्राण बचाये थे। लेकिन मैं एक डाक्टर होकर भी कुमार के प्राण नहीं बचा सका। मेरे प्यारे मित्र मुझे अकेले छोडकर गये। कितनी अजीब है इस लोक की लीला। क्या मैं कुमार की पत्नी से शादी कर के कम से कम उन को बचा कर अपने मित्र के प्रति अपना ऋण चुकाऊ? ...

MOHANAN P. N.

## कला और जीवन

मानव के हृदयस्थित भावों की कुशल अभिव्यक्ति कला कहलाती है जिस से मानव अलौकिक, असाधारण तथा अप्राकृतिक 'ब्रह्मानन्द – सहोदर – आनन्द' की आशा रखता है। कलाकार के लिये अभिव्यक्ति अनिवार्य धर्म है; क्योंकि परिस्थिति का – जीवन और समाज का – प्रभाव अवश्य उसपर पडता है। कलाकार अपनी रचना केलिये जीवन से विषय चुनता है। अब यह निर्विवाद है कि जीवन और कला का अनादिकाल से अटूट संबन्ध है और यह संबन्ध अनन्तकाल तक रहेगा।

कला के प्रयोजन के संबन्ध में विद्वानों व विचारकों में बडा मतभेद है। जहाँ अधिकांश विद्वान कला का उद्देश्य जीवन में सुधार मानते हैं, वहाँ कुछ प्रकांड पण्डित यह भी कहते हैं कि कला का जीवन और आचार से कोई संबन्ध नहीं है। विश्व भर की समस्त कलाओं का जब हम विशद् विवेचन करेंगे तो हम पायेंगे कि दो प्रकार की रचनायें मौजूद हैं। कुछ कलात्मक सृष्टियाँ मानव को असीम आनंद देती हैं, किन्तु वे मनुष्य को नैतिक और सामाजिक पतन के कगारे पर ला खडा कर देती हैं। अधिकांश रचनाएँ ऐसी हैं जो मनुष्य को उन्नती की ओर बढने की प्रबल प्रेरणा देती हैं। प्रश्न यह उठता है अब कि कला आनन्ददायक हो या सुधारदायक?

यूरोप के कुछ विद्वानों ने कहा कि कला जीवन से परे एक दूसरी दुनियाँ की चीज़ है और कला कला केलिए हैं। इस सिद्धान्त का प्रचार सर्वप्रथम फ्रांस में हुआ था। यदि किसी कलाकृति में अतुलनीय आनन्द प्रदान करने की क्षमता है तो इन विद्वानों की राय में वह सच्ची कला है चाहे उससे जीवन और समाज की हानि या लाभ हो। 'कला कला केलिये' सिद्धान्त समर्थकों में वलटर पेटर, आस्कर वाईल्ड, बेडले, टी॰ एस॰ इलियट आदि के नाम उल्लेखनीय हैं। इन्होंने सौन्दर्य को कला की कसौटी माना। कला का उद्देश्य शिक्षा या उपदेश नहीं हो सकता। पेटदर्द से परेशान व्यक्ति को डाक्टर से जाकर औषधी पानी चाहिए। यदि वह डाक्टर के निर्देश के विरुद्ध खाना चाहे तो वह उसका अज्ञान या हठ होगा। रोटी और पकौडियाँ खाने का उद्देश्य पेटदर्द से मुक्त होना नहीं है। इसी प्रकार कला का ध्येय जीवन की उलझनों को सुलझाना और सामाजिक समस्याओं का हल ढूंढना नहीं है, नहीं होना चाहिये।

मनोविज्ञान – शास्त्री फ्रायड का कथन है कि मानव मन की अतृप्त वासनायें कला के रूप में प्रकट होती हैं इनके मतानुसार कला–सृष्टि की प्रेरणा लैंगिक विकारों से मिलती है और अतः कला में सदाचार का समावेश असंभव हैं। इलाचन्द्र जोशीजी के मतानुसार कला में सौन्दर्य होना चाहिये तथा उच्च कला के भीतर किसी तत्व की खोज करना सौन्दर्य देवी के मन्दिर को कलुषित करना है। आनन्द देने की शक्ति पर कला की महानता निर्भर है, न कि जीवन सुधार की क्षमता पर। क्या, इस एक कारण से कि सेमल सब्ज़ी बनाने के काम में आता है, हम सेमल के फूल को चमेली के फूल से श्रेष्ठ मान सकते हैं?

मैथ्यू आरनाल्ड, रस्किन, तालस्ताय, शेली, वेडस्वर्थ आदि धुरन्धर पण्डित कला को जीवन केलिये मानते हैं । कलावादी क्रोचे ने कहा कि अभिव्यक्ति परिस्थिति के कारण होती है। और, यह परिस्थिति जीवन और समाज नहीं, तो और क्या है ? कलाकार जीवन से जिस क्षण अपना संबन्ध विछिन्न करेगा, उसी क्षण वह कलाकार की पदवि से अपदस्त हो जाता है । उत्तम कला मानव के दिल पर प्रभाव डालती है और सत्कर्म करने की प्रवेगपूर्ण प्रेरणा देती है । कला की यह शक्ति यदि दुरुपयोग में लायी जाय तो होनेवाले सामाजिक अधःपतन का अन्दाजा कोई न लगा सकता । समाज को सुधारने के काम में यदि यह शक्ति सहायक होगी तो जीवन और कला दोनों की समकाल में प्रगति होगी । केवल मनोरंजन ही कलाकार का धर्म नहीं है, उचित उपदेश देकर समाज को सुधारना भी उसका कर्तव्य है। जनता जिसे पसंद करती है, उसे देना कलाकार का धर्म नहीं है, बल्कि उसका कर्तव्य है कि वह ऐसी रचनाएँ निकालें जिसे जनता का सुधार हो । संसार की सभी सर्वोत्तम रचनाएं जीवनवादियों की ही हैं । शेक्स्पीयर यदि आज अंग्रेज़ी के अद्वितीय कवि बने हैं तो इसलिए कि उन्होंने मानव - चरित्र के विभिन्न पहलुओं का विश्लेषण किया। कबीर ने यदि हिन्दी साहित्य में अमर स्थान पाया है तो इसलिये कि उन्होंने हिन्दु-मुस्लिम एकता की नींव डाली । वालटेर और रूसो यदि आज भी आदर के अधिकारी हैं तो इसलिये कि उन्होंने शोषितों को शोषकों के कराल हस्तों से बचाया । भक्तिकाल हिन्दी साहित्य का सुवर्णकाल माना जाता है, क्योंकि उस काल के साहित्य का तत्कालीन समाज पर सत्प्रभाव पडा । जीवनवादियों का प्रस्ताव है कि आमोद और आनंद मात्र जीवन तथा कला का लक्ष्य नहीं हैं। इस प्रश्न का उत्तर देना कोई कठिन काम नहीं है कि नीरो कलाकार थे या तुलसी ?

उपर्युक्त दोनों सिद्धांत अपने में भ्रामक हैं । यदि सौन्दर्य और मनोरंजन ही कलाकार का ध्येय है तो वह क्यों जीवन से विषय लेते है ? ऐसे कलाकार थोडे ही होंगे जिन्होंने जीवन से विषय न लिया हो । उच्छृखल और निरंकुश कलाकार से समाज की हानि ही होगी, उन्नती कम। गाँधीजी की एक मूर्ती और उससे अधिक सुन्दर क्रिस्टीन कीलर की एक अर्ध-नग्न मूर्ति हमारे सामने उपस्थित की जायें तो हम गाँधीजी की मूर्ती को ही पसंद करेंगे । दोनों मूर्तियों को देखते वक्त झट ही हम कीलर की मूर्ति को पसंद करेंगे, फिर भी सोचने पर हम गाँधीजी की मूर्ति को ही स्वीकार करेंगे । कम सौन्दर्य की एक कल्याणकारी रचना और मोहक सौन्दर्यपूर्ण पर अमङ्गलकारी रचना दोनों में से हम कल्याणकारी रचना को ही पसंद करेंगे । संक्षेप में, 'कला कला केलिये' सिद्धांत रूप से सत्य नहीं है । भारत के प्राचीन आचार्यों ने कहा है कि कला का उद्देश्य व्यवहार की शिक्षा, अमङ्गल का निवारण और पत्नी की तरह उपदेश देना होना चाहिये । कला का परम धर्म जीवन को अंधकार से प्रकाश की ओर ले जाना है । जो व्यक्ति कला को कला केलिये मानता हैं, वह कला को स्वार्थिनी बनाता है ।

जीवन में सुधार-मात्र कला का लक्ष्य नहीं होना चाहिए । कला में उपदेशों की अधिकता अवांछनीय है । प्रचारात्मक कला अल्पायू होती है । प्रदर्शिनियों में हमारी पंचवर्षीय योजनों की तरक्की को व्यक्त करनेवाले कितने ही चित्र और नमूने हम देखते हैं जिन्हें हम कला नहीं मान सकते । क्योंकि उनमें कलात्मकता की कमी है । यदि कला उपदेशों की खान बन जाएगी तो उसमें कलाकार की मौलिकता डूब जायेगी और ऐसी कला अपने उद्देश्य - आनन्द प्रदान - की पूर्ति न कर सकेगी ।

आखिर हम कह सकते है कि कला में इन दोनों तत्वों का समान समावेश हो। यह समन्वय - सिद्धांत ही अधिक समीचीन जान पडता है। 'कला केवल कला के लिए' नहीं हैं, बल्कि जीवन के लिये भी है । किंतु कला के बारे में हम यह निश्चित और निर्णित निर्धारणा निकाल सकते हैं कि जो कला, मानव-मन को मलिनताओं से मुक्त न करेगी, मानव को सच्चे अर्थ में इन्सान न बनाएगी, समाज को प्रगति-पथ पर बढने की प्रेरणा न देगी, आस्वादक को आनन्द से वंचित करेगी, वह अमर और आदरणीय कभी नहीं हो सकती ।

MANALOOR N. PEETHAMBARAN

## जीना या मरना



जीने दो या मरने दो
संसार का कठोर भाव
मानव जीवन की विशेषता —

काम करना कठिन है
सुख पाना विषम है
दान देना मनस्ताप है
जीना तो मुश्किल है।

सुख आता दुःख से
विनय तो क्रोध से
हास आना रोने से
मृत्यु आती मुश्किल से।

प्राण दे दो राष्ट्र को
राष्ट्र सेवा तुम करो
हम आते सेवा करके
भारत माँ की वन्दना करके।

भारत माँ का सुन्दर रूप
मनःशान्ति का भावरूप
त्याग करके आगे बढो
भलाई केलिए आगे बढो।

जीने दो या मरने दो ॥

RAMAKRISHNAN P. S.

